26 ഒക്ടോബർ ഞായർ 2025
1201 തുലാം 09
Vol 08 Issue No 23

കേരള പ്രണാമം

`7.50
പേജ് 12
www.keralapranamam.com
infokeralaprana-

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

സി.പി.ഐ നിർണായക എക്സിക്യുട്ടീവ് നാളെ

തിരുവനന്തപുരം: പി.എം ശ്രീയിൽ തന്നിഷ്ടപ്രകാരം ഒപ്പിട്ടത് മര്യാദകേടെന്ന് തുറന്നടിച്ച് സി.പി.ഐ പിണങ്ങിയതോടെ,? പരുങ്ങലിലായ സർക്കാർ അനുനയശ്രമം തുടങ്ങി. തദ്ദേശ തിരഞ്ഞെടുപ്പ് എത്തിനിൽക്കെ,? മുന്നണിയിൽ കലഹക്കേട് വളരുന്നത് ദോഷം ചെയ്യുമെന്നുകണ്ട് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് നീക്കം. വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി ഇന്നലെ എം.എൻ സ്മാരകത്തിലെത്തി സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം,? മന്ത്രി ജി.ആർ.അനിൽ എന്നിവരുമായി ചർച്ച നടത്തി. ഡൽഹിയിൽ പാർട്ടി ജനറൽ സെക്രട്ടറി ഡി.രാജയുമായുള്ള കൂടിക്കാഴ്ചയിൽ,? കേരളത്തിൽ ചർച്ചചെയ്ത് രമ്യമായി തീർക്കാവുന്ന പ്രശ്നമേയുള്ളൂവെന്നാണ് സി.പി.എം ജനറൽ സെക്രട്ടറി എം.എ.ബേബി പറഞ്ഞത്. സാമ്പത്തികസഹായം മുടങ്ങാതിരിക്കാൻ മാത്രമാണ് ഒപ്പിട്ടതെന്നും ആവർത്തിച്ചു. പി.എം ശ്രീയിൽ നിന്ന് പിന്മാറണമെന്ന് ആവശ്യപ്പെട്ടാണ് രാജ മടങ്ങിയത്. ഒമാനിൽ നിന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് മടങ്ങിയെത്തും. ഡി.രാജയുമായി മുഖ്യമന്ത്രി ഫോണിൽ ബന്ധപ്പെട്ടെന്നാണ് വിവരം. സി.പി.ഐയുടെ വിയോജനക്കത്തിൽ ചർച്ച നടത്തുമെന്നുപറഞ്ഞ ഇടതുമുന്നണി കൺവീനർ ടി.പി.രാമകൃഷ്ണൻ,? പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചു. കഴിഞ്ഞ ദിവസം വാർത്താസമ്മേളനത്തിൽ ഇതെന്ത് സർക്കാരെന്ന് ക്ഷുഭിതനായ ബിനോയ് വിശ്വം,? ഇന്നലെ പ്രകോപനപരമായി പ്രതികരിച്ചില്ല. എങ്കിലും, ശിവൻകുട്ടിയുമായുള്ള കൂടിക്കാഴ്ചയിൽ സംതൃപ്തിയില്ലെന്ന സൂചനയാണ് ജി.ആർ.അനിലും ബിനോയിയും പ്രകടിപ്പിച്ചത്. ഇന്നലെ പാർട്ടി മുഖപത്രത്തിന്റെ എഡിറ്റോറിയലും സി.പി.എമ്മിന്റെ തന്നിഷ്ടത്തെയും നിലപാടുമാറ്റത്തെയും കടുത്ത ഭാഷയിൽ അപലപിച്ചു. എ.ഐ.വൈ.എഫും എ.ഐ.എസ്.എഫും വിദ്യാഭ്യാസമന്ത്രിയുടെ വീട്ടിലേക്ക് മാർച്ചും നടത്തി.

മുഖ്യമന്ത്രി നേരിട്ട്ഇടപെട്ടേക്കും

നയപരമായ എതിർപ്പിനൊപ്പം,? മുന്നണിയിലെ രണ്ടാമത്തെ വലിയ കക്ഷിയായ തങ്ങളെ വകവയ്ക്കാത്തതിലെ അമർഷവും സി.പി.ഐക്കുണ്ട്. അതുകൊണ്ടുതന്നെ,? മുഖ്യമന്ത്രിയുടെ ഉറപ്പാണ് പാർട്ടി പ്രതീക്ഷിക്കുന്നത് സ്ഥാനാർത്ഥി ധാരണയുടെ ഘട്ടത്തിൽ തദ്ദേശ തിരഞ്ഞെടുപ്പ് എത്തിനിൽക്കെ സി.പി.ഐയുടെ പരസ്യപ്പിണക്കം മുന്നണിയിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ട് പാർട്ടി തീരുമാനം നാളെ ആലപ്പുഴയിലെ സംസ്ഥാന എക്സിക്യൂട്ടീവിൽ ഉണ്ടാകുമെന്നാണ് സി.പി.ഐ ഭീഷണി. മന്ത്രിമാരെ പിൻവലിക്കുകയോ നിസ്സഹകരണം പ്രഖ്യാപിക്കുകയോ ചെയ്താൽ തിരിച്ചടിയാകും ഇതൊഴിവാക്കാൻ എന്തു വിട്ടുവീഴ്ച ചെയ്യാമെന്ന് ഇന്ന് മുഖ്യമന്ത്രി എത്തിയ ശേഷം സി.പി.എം ചർച്ചചെയ്യും. പുന്നപ്ര വയലാർ ആഘോഷ സമാപനത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രിയും നാളെ ആലപ്പുഴയിലുണ്ടാകും

സമാധാനചർച്ചകൾ പരാജയപ്പെട്ടാൽ തുറന്ന യുദ്ധമെന്ന് അഫ്ഗാനിസ്ഥാന് പാകിസ്താന്റെ മുന്നറിയിപ്പ്

പാകിസ്താൻ: ഇസ്താംബൂളിൽ നടക്കുന്ന ചർച്ചകളിൽ ഒരു ഉടമ്പടിയിൽ എത്താൻ സാധിച്ചില്ലെങ്കിൽ അത് തുറന്ന യുദ്ധത്തിലേക്ക് നയിച്ചേക്കാമെന്ന് പാകിസ്താൻ പ്രതിരോധമന്ത്രി ഖാജ ആസിഫ് മുന്നറിയിപ്പ് നൽകിയതായി റിപ്പോർട്ട്. അഫ്ഗാനിസ്ഥാൻ സമാധാനം ആഗ്രഹിക്കുന്നതായും എന്നാൽ ഒരു ധാരണയിലെത്താൻ സാധിക്കാത്തത് തുറന്ന യുദ്ധം എന്നാണ് അർഥമാക്കുന്നതെന്നും ഖാജ ആസിഫ് പറഞ്ഞതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. തുർക്കിയിലെ ഇസ്താംബൂളിൽ അഫ്ഗാനിസ്ഥാനും പാകിസ്താനും തമ്മിലുള്ള രണ്ടാംഘട്ട ചർച്ചകൾ ശനിയാഴ്ച ആരംഭിച്ച സാഹചര്യത്തിലാണ് ഈ പരാമർശങ്ങൾ വന്നതെന്ന് പാക് പത്രമായ ഡോൺ റിപ്പോർട്ട് ചെയ്തു. രണ്ടാഴ്ച നീണ്ടുനിന്ന കനത്ത ഏറ്റുമുട്ടലുകൾക്ക് ശേഷം സുരക്ഷാ ആശങ്കകൾ പരിഹരിക്കുന്നതിനും ഇരുരാജ്യങ്ങളും പങ്കിടുന്ന അതിർത്തിയിൽ ശാശ്വതമായ വെടിനിർത്തൽ സ്ഥാപിക്കുന്നതിനുമാണ് ഉഭയകക്ഷി ചർച്ചകൾ ലക്ഷ്യമിടുന്നത്. മധ്യ കാബൂളിലുണ്ടായ സ്ഫോടനങ്ങൾക്ക് ശേഷമാണ് സാധാരണക്കാർ ഉൾപ്പെടെ നിരവധി പേർ കൊല്ലപ്പെട്ട ഈ ഏറ്റുമുട്ടൽ ആരംഭിച്ചത്. ഇതിനു പിന്നിൽ പാകിസ്താനാണെന്ന് താലിബാൻ സർക്കാർ ആരോപിക്കുകയും തുടർന്ന് അതിർത്തിയിൽ തിരിച്ചടികൾ ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ ഇരുപക്ഷവും വെടിനിർത്തലിന് സമ്മതിച്ചെങ്കിലും പാകിസ്താനെ അഫ്ഗാനിസ്ഥാൻ കുറ്റപ്പെടുത്തിയതോടെ ഏതാനും ദിവസങ്ങൾക്കുള്ളിൽ സമാധാനം തകരുകയാണുണ്ടായത്. ഖത്തറിന്റെയും തുർക്കിയുടെയും മധ്യസ്ഥതയിൽ രണ്ടാമതും വെടിനിർത്തൽ കരാർ ഉണ്ടാക്കിയിരുന്നു. ദോഹ ചർച്ചകൾക്കിടെ പ്രഖ്യാപിച്ച സ്ഥിരത നിലനിർത്താനുള്ള സംവിധാനങ്ങളെ കുറിച്ച് ശനിയാഴ്ചത്തെ ചർച്ചകളിൽ പ്രതിനിധികൾ രൂപരേഖ തയ്യാറാക്കുമെന്ന് പ്രതീക്ഷിക്കുന്നതായി എഎഫ്പി റിപ്പോർട്ട് ചെയ്തു. ചർച്ചകൾക്കായി ഡെപ്യൂട്ടി ആഭ്യന്തര മന്ത്രി ഹാജി നജീബിന്റെ നേതൃത്വത്തിലുള്ള അഫ്ഗാൻ പ്രതിനിധി സംഘം വെള്ളിയാഴ്ച തുർക്കിയിൽ എത്തി. രണ്ടംഗ സുരക്ഷാ ഉദ്യോഗസ്ഥരുടെ സംഘമാണ് പാകിസ്താനെ പ്രതിനിധീകരിക്കുന്നതെന്ന് പാക് വാർത്താ മാധ്യമമായ ദ എക്സ്പ്രസ് ട്രിബ്യൂൺ റിപ്പോർട്ട് ചെയ്തു. 'ഏതാനും ദിവസങ്ങൾക്ക് മുൻപുണ്ടായ ദോഹ ഉടമ്പടിയെ തുടർന്ന്, ബഹുമാനപ്പെട്ട ആഭ്യന്തര സഹമന്ത്രി ഹാജി നജീബിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക് എമിറേറ്റിന്റെ പ്രതിനിധി സംഘം തുർക്കിയിലേക്ക് പുറപ്പെട്ടു. ബാക്കിയുള്ള വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഈ യോഗത്തിൽ നടക്കും', എന്ന് അഫ്ഗാനിസ്ഥാൻ വക്താവ് സബീഹുല്ല മുജാഹിദ് വെള്ളിയാഴ്ച എക്സിലെ ഒരു പോസ്റ്റിൽ പറഞ്ഞു. താലിബാൻ വിദേശകാര്യ മന്ത്രിയുടെ അപൂർവമായ ഇന്ത്യാ സന്ദർശന വേളയിലാണ് കാബൂളിൽ ആദ്യ സ്ഫോടനങ്ങൾ നടന്നത്. അടുത്ത കാലത്തുണ്ടായ ഏറ്റുമുട്ടലുകൾക്ക് മുൻപ്, ഇന്ത്യയെ നേരിടാൻ അഫ്ഗാനിസ്ഥാനിൽ തന്ത്രപരമായ പിന്തുണ നൽകി താലിബാന്റെ പ്രധാന സഹായിയായിരുന്നു പാകിസ് താൻ.

ശബരിമല സ്വർണക്കൊള്ള:22 പവൻ സ്വർണ്ണം കണ്ടെടുത്തു

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ബംഗളൂരുവിലെ വസതിയിൽ നിന്നും സുഹൃത്ത് ഗോവർദ്ധന്റെ ബെല്ലാരിയിലെ റൊദ്ദം ജുവലറിയിൽ നിന്നുമായി 176 ഗ്രാം (22 പവൻ) സ്വർണം കണ്ടെടുത്തു. ഇത് ശബരിമല ശ്രീകോവിലിലെ ശില്പങ്ങളിൽ നിന്നും വാതിൽപ്പടിയിൽ നിന്നും കവർന്ന രണ്ടു കിലോ (250 പവൻ) സ്വർണത്തിൽ ഉൾപ്പെട്ടതാണെന്ന നിഗമനത്തിലാണ് പ്രത്യേക അന്വേഷണ സംഘം. സ്വർണം കോടതിയിൽ ഹാജരാക്കും. ശബരിമലയിൽ നിന്ന് കവർന്നതാണോയെന്ന് അറിയാൻ ശാസ്ത്രീയ പരിശോധന നടത്തും. കവർന്ന സ്വർണം ആഭരണങ്ങളാക്കി മാറ്റിയെന്നും സൂചനയുണ്ട്. സ്വർണപ്പാളികളിൽ നിന്ന് മാത്രം 478 ഗ്രാം (59.75 പവൻ) കവർന്നെന്നാണ് കണ്ടെത്തൽ. സ്മാർട്ട് ക്രിയേഷൻസിൽ വച്ച് വേർതിരിച്ച സ്വർണം ഗോവർദ്ധന് വിറ്റെന്ന് പോറ്റി മൊഴി നൽകിയിരുന്നു. സ്വർണക്കൊള്ളയിൽ പങ്കില്ലെന്നും മോഷ്ടിച്ചതാണെന്ന് അറിയാതെ പോറ്റിയിൽ നിന്ന് സ്വർണം വാങ്ങിയെന്നുമാണ് ഗോവർദ്ധന്റെ മൊഴി. ഇതിന്റെ അടിസ്ഥാനത്തിലാണ് പോറ്റിയുമായി പ്രത്യേക അന്വേഷണ സംഘം ബംഗളൂരുവിലേക്ക് പോയത്. പോറ്റിയുടെ വീട്ടിലെ റെയ്ഡിൽ ബാങ്ക് രേഖകളും ഭൂമിയുടെ ആധാരങ്ങളും പിടിച്ചെടുത്തു. എസ്.ഐ.ടിക്കൊപ്പം ബംഗളൂരു പൊലീസും റെയ്ഡിൽ പങ്കെടുക്കുന്നുണ്ട്. സ്വർണം വേർതിരിച്ച ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിൽ ഇന്നലെ സന്ധ്യയോടെ പോറ്റിയെ എത്തിച്ച് തെളിവെടുപ്പ് നടത്തി. സി.ഇ.ഒ പങ്കജ് ഭണ്ഡാരിയും ജീവനക്കാരും സ്ഥലത്തുണ്ടായിരുന്നു. പണിക്കൂലിയായി നൽകിയ 109ഗ്രാം സ്വർണം പിടിച്ചെടുക്കാനും ശ്രമിക്കുന്നുണ്ട്. 30ന് ഉണ്ണികൃഷ്ണൻ പോറ്റിയുടെ കസ്റ്റഡി കാലാവധി അവസാനിക്കും.

ഇനി സ്വർണം വിറ്റ പണംപങ്കുവച്ചവരിലേക്ക്...

സ്വർണം വിറ്റു കിട്ടിയ പണം പങ്കിട്ടത് ആരൊക്കെ എന്നത് അറിഞ്ഞാലേ പാളിയും കട്ടിളയും കൊടുത്തുവിട്ടവരും തീരുമാനം എടുത്തവരും ഉൾപ്പെട്ട ഗൂഢാലോചനയുടെ ചുരുളഴിയൂ. കൊള്ളയടിച്ച ബാക്കി സ്വർണം എവിടെ എന്നതിനും ഉത്തരം കണ്ടെത്തണം. സ്വർണം വീണ്ടെടുത്തതോടെ ഗോവർദ്ധനനെ സാക്ഷിയാക്കാനാണ് എസ്.ഐ.ടിയുടെ നീക്കം. സ്വർണം വിറ്റെന്ന് പോറ്റി എസ്.പി ശശിധരനോട് സമ്മതിച്ചിരുന്നു. ഗോവർദ്ധന്റെ ജുവലറിയിൽപൂജ നടത്തിയത് തന്ത്രി പത്തനംതിട്ട: സ്വർണം കണ്ടെത്തിയ ഗോവർദ്ധന്റെ ജുവലറിയുടെ ഉദ്ഘാടനത്തിന് പൂജ ചെയ്തതും ഭദ്രദീപം കൊളുത്തിയതും ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര്. 2023 ജൂലായ് മൂന്നിനായിരുന്നു ഉദ്ഘാടനം. വീട്ടിൽ ഭഗവതി സേവയും ഗണപതി ഹോമവും നടത്തി. ശ്രീകോവിലിന്റെ വാതിൽ മാറ്റിയ്ക്കൽ സ്പോൺസർ ചെയ്തത് ഗോവർദ്ധനാണ്. വാതിൽ കൊണ്ടുവരുന്നതിനിടെ ഇളംപള്ളിൽ ക്ഷേത്രത്തിൽ നൽകിയ സ്വീകരണത്തിൽ അന്നത്തെ ദേവസ്വം പ്രസിഡന്റ് എ.പത്മകുമാർ ഗോവർദ്ധനെ ആദരിച്ചിരുന്നു. ഉണ്ണികൃഷ്ണൻ പോറ്റി ക്ഷണിച്ചതനുസരിച്ചാണ് പൂജ ചെയ്തത്. മറ്റൊന്നും അറിയില്ല. ഗോവർദ്ധനുമായി മുൻ പരിചയമില്ല. താൻ വരുന്നതിന് മുമ്പ് പോറ്റി ശബരിമലയിൽ സജീവമായിരുന്നു. അങ്ങനെയാണ് പരിചയമാകുന്നത്. **-തന്ത്രി കണ്ഠരര് മഹേഷ് മോഹനര്**

ജി.സുധാകരൻ നാലര വർഷത്തിന് ശേഷം സർക്കാർ പരിപാടിയിൽ

പ്രതികരണം നടത്തിയ ജി.സുധാകരനെ അടുത്തിടെ പുന്നപ്ര- വയലാർ വാർഷിക വാരാചരണച്ചടങ്ങിൽ സംബന്ധിക്കാനെത്തിയ സി.പി.എം ജനറൽ സെക്രട്ടറി എം.എ ബേബി സന്ദർശിച്ചിരുന്നു. മങ്കൊമ്പിൽ വി.എസിന്റെ പേരിലുള്ള അവാർഡ് ദാന ചടങ്ങിലേക്ക് ജില്ലാ സെക്രട്ടറി ആർ.നാസറും കേന്ദ്രകമ്മിറ്റിയംഗം സി.എസ് സുജാതയും വീട്ടിലെത്തി ക്ഷണിച്ചെങ്കിലും സുധാകരൻ പങ്കെടുത്തിരുന്നില്ല. സുധാകരൻ പാർട്ടിയോട് ചേർന്നുപോകണമെന്ന പ്രതികരണം നടത്തിയ മന്ത്രി സജി ചെറിയാനും നിലപാടിൽ മാറ്റം വരുത്തി. നാലുചിറ പാലം യാഥാർത്ഥ്യമാക്കിയ ജി.സുധാകരന് ഉദ്ഘാടനത്തോടനുബന്ധിച്ച് നാട്ടുകാരുടെ നേതൃത്വത്തിൽ സ്വീകരണ പരിപാടി ആസൂത്രണം ചെയ്തിരുന്നു. നാലുചിറ പാലത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ താൻ പങ്കെടുക്കുമോയെന്നത് പ്രസക്തമല്ലെന്ന് മാദ്ധ്യമ പ്രവർത്തകരോട് ജി.സുധാകരൻ പ്രതികരിച്ചു. മുഖ്യമന്ത്രിയാണ് പാലം ഉദ്ഘാടനം ചെയ്യുന്നത്. ബാക്കി കാര്യങ്ങൾ അറിയില്ലെന്നും അദ്ദേഹം പറഞ്ഞു.

ആശാൻ

ജി.സുധാകരൻ നാലര വർഷത്തിന് ശേഷം സർക്കാർ പരിപാടിയിൽ

സോപ്പിട്ട് നന്നായി പതപ്പിക്കൂ ..ഇലക്ഷനല്ലേ

മെസിയുമില്ല ടീമുമില്ല ! ഔദ്യോഗികമായി അറിയിച്ച് അർജന്റീന ഫുട്ബോൾ അസോസിയേഷൻ



കൊച്ചി: ഫുട്ബാൾ ഇതിഹാസം ലയണൽ മെസിയും ലോകകപ്പ് നേടിയ അർജന്റീന ടീമും കേരളത്തിലേക്ക് എത്തില്ല. അർജന്റീന ഫുട്ബോൾ അസോസിയേഷൻ ആണ് ഔദ്യോഗികമായി ഇക്കാര്യം അറിയിച്ചത്. കേരളം മത്സരത്തിന് സജ്ജമല്ലെന്ന് എ.എഫ്.എ ഭാരവാഹികളെ ഉദ്ധരിച്ച് അർജന്റീനയിലെ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. നിശ്ചിത സമയത്ത് ക്രമീകരണങ്ങൾ പൂർത്തിയാക്കിയില്ലെന്നും എ.എഫ്.എ ആരോപിച്ചതായാണ് സൂചന. നവംബർ 17ന് മെസിയുടെ നേതൃത്വത്തിൽ അർജന്റീന ടീം കൊച്ചിയിൽ കളിക്കുമെന്നായിരുന്നു സർക്കാരും സ്പോൺസറും പറഞ്ഞത്. അടുത്ത ഷെഡ്യൂളിൽ മെസി കൊച്ചിയിലെത്തുമെന്ന് സ്പോൺസർ പറയുന്നുണ്ടെങ്കിലും ഔദ്യോഗിക സ്ഥിരീകരണമില്ല. അതേസമയം, മത്സരം നടത്താൻ നിശ്ചയിച്ചിരുന്ന കലൂർ സ്റ്റേഡിയത്തിന് ഫിഫയുടെ ക്ളിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ അടുത്ത ഇന്റർനാഷണൽ മാച്ച് വിൻഡോയിൽ കേരളത്തിലേക്കുള്ള വരവ് പരിഗണിക്കാമെന്ന് അർജന്റീന ഫുട്ബാൾ അസോസിയേഷൻ അറിയിച്ചെന്നാണ് സംഘാടകരായ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റ് കമ്പനി ഉടമകളുടെ ന്യായീകരണം. നവംബറിൽ അംഗോളയുമായാണ് അർജന്റീനയുടെ മറ്റൊരു മത്സരം നടക്കുന്നത്. അവിടെ നിന്ന് കേരളത്തിലേക്കുള്ള നീണ്ടയാത്രയുടെ പ്രശ്നങ്ങളും ഷെഡ്യൂൾ മാറ്റത്തിന് കാരണമായെന്നും ആന്റോ ആഗസ്റ്റിൻ ഉൾപ്പെടെയുള്ള സംഘാടകർ ന്യായീകരിക്കുന്നു. നവംബറിൽ തന്നെ കളിനടത്താൻ സർക്കാരും സ്പോൺസറും പരമാവധി ശ്രമിച്ചെന്ന് കായികമന്ത്രി വി.അബ്ദുറഹ്മാൻ മലപ്പുറത്ത് പറഞ്ഞിരുന്നു.

മോൻതാ' ചുഴലി ഇന്ന് രൂപപ്പെടും 29 വരെ മഴ

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദം ഇന്ന് 'മോൻതാ' ചുഴലിക്കാറ്റായി മാറും. കാറ്റ് കേരളത്തെ ബാധിക്കാതെ വടക്കോട്ടു നീങ്ങും. എന്നാൽ,? കാറ്റിന്റെ സ്വാധീനത്താൽ 29വരെ ശക്തമായ മഴയ്ക്ക് സാദ്ധ്യതയുണ്ട്. ചുഴലിക്കാറ്റിന് 'മോൻതാ' എന്ന പേര് നിർദ്ദേശിച്ചത് തായ്ലാൻഡാണ്. മണമുള്ള പൂവെന്നാണ് അർത്ഥം. ഇടിവെട്ടിപ്പെയ്യുന്ന തുലാവർഷ മഴയിൽ നിന്ന് വ്യത്യസ്തമായി ഏറിയും കുറഞ്ഞും ദിവസം മുഴുവനും പെയ്യും. ഇന്ന് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോഡ് ജില്ലകളിൽ യെല്ലോ അലർട്ടാണ്.

ദേവസ്വംബോർഡ് ക്ഷേത്രത്തിൽ ആദ്യ പട്ടികവർഗ പൂജാരി വരും

കൊച്ചി: കേരളത്തിലെ ദേവസ്വംബോർഡ് ക്ഷേത്രങ്ങളിലെ ശാന്തിക്കാരിലേക്ക് ആദ്യമായി പട്ടികവർഗക്കാരനായ ഒരാൾ എത്താൻ വഴിയൊരുങ്ങി. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലെ റാങ്ക്ലിസ്റ്റിൽ പട്ടികവർഗക്കാരനായ എസ്.എ. അർജുനും ഉൾപ്പെടുന്നു. മെയിൻലിസ്റ്റിൽ പട്ടികവർഗക്കാർ ആരുമില്ല. സപ്ളിമെന്ററി ലിസ്റ്റിൽ ഏകനാണ് അർജുൻ. സംവരണറൊട്ടേഷൻ അനുസരിച്ച് 44, 92 സ്ഥാനങ്ങൾ പട്ടികവർഗക്കാരുടേതാണ്. 125 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 450 പേരെയാണ് പറവൂർ രാകേഷ് തന്ത്രിയും ആലുവ തന്ത്രവിദ്യാപീഠത്തിലെ ശങ്കരനാരായണ പ്രമോദ് നമ്പൂതിരിയും ഉൾപ്പെട്ട ബോർഡ് ഇന്റർവ്യൂ ചെയ്തത്. 60 ശതമാനത്തിലേറെയും അബ്രാഹ്മണ ഉദ്യോഗാർത്ഥികളുമായിരുന്നു. **തന്ത്രി സമാജക്കാർപകുതിയും തോറ്റു**

തിരുവിതാംകൂർ ദേവസ്വംബോർഡിലെ ശാന്തിനിയമനത്തിന് പാരമ്പര്യ ബ്രാഹ്മണതന്ത്രിമാരുടെ സർട്ടിഫിക്കറ്റുമായി എത്തിയ 27ബ്രാഹ്മണ ഉദ്യോഗാർത്ഥികളിൽ 13പേരും പൂജയുടെ ബാലപാഠംപോലും അറിയാത്തവർ. പ്രായോഗികപരീക്ഷയിലും ഇന്റർവ്യൂവിലും തോറ്റു. പാർട്ട്ടൈം ശാന്തി തസ്തികയിലേക്ക് പാരമ്പര്യതന്ത്രിമാരുടെ സർട്ടിഫിക്കറ്റാണ് വേണ്ടതെന്ന് ചൂണ്ടിക്കാട്ടിയും നിയമനപ്രക്രിയ ചോദ്യംചെയ്തും അഖിലകേരള തന്ത്രിസമാജം സമർപ്പിച്ച ഹർജിയിലെ ഇടക്കാല ഉത്തരവുപ്രകാരമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (കെ.ഡി.ആർ.ബി) 27പേരെ എഴുത്തുപരീക്ഷയിലും ഇന്റർവ്യൂവിലും പങ്കെടുപ്പിച്ചത്.ഇവരുടെ പരീക്ഷാഫലം ഉൾപ്പടെയുള്ള വിവരങ്ങൾ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

അംഗീകൃത തന്ത്രവിദ്യാലയങ്ങൾക്കല്ല, പാരമ്പര്യ തന്ത്രിമാർക്കാണ് സർട്ടിഫിക്കറ്റ് നൽകാനുള്ള യോഗ്യതയെന്നും ഇന്റർവ്യൂ നടത്താൻ കെ.ഡി.ആർ.ബിക്ക് അധികാരമില്ലെന്നുമായിരുന്നു ഹർജിയിലെ വാദം. 41 അംഗീകൃത തന്ത്രവിദ്യാപീഠങ്ങളിൽ ബഹുഭൂരിപക്ഷവും പിന്നാക്ക വിഭാഗക്കാരുടേതാണ്. തന്ത്രിസമാജത്തിന്റെ ഹർജിക്കാരനായ വേഴപ്പറമ്പ് ഈശാനനൻ നമ്പൂതിരിപ്പാടാകട്ടെ ഈ തന്ത്രവിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനായി കെ.ഡി.ആർ.ബി പരിശോധനയ്ക്ക് നിയോഗിച്ച സമിതിയിലെ അംഗവുമായിരുന്നു.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

നേർ

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി

പലിശക്കാർക്ക് പൂട്ടിടണം

സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിച്ചിട്ടുള്ള നിയമം നിയമസഭ വർഷങ്ങൾക്കു മുമ്പുതന്നെ പാസാക്കിയിട്ടുണ്ട്. 'കേരള പണം കടം കൊടുപ്പുകാർ ആക്ടി'ലെ ഏഴാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ദിവസാടിസ്ഥാനത്തിൽ വട്ടിപ്പലിശ ഈടാക്കുന്നവർക്കെതിരെ കടുത്ത ശിക്ഷാവ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ നിയമം. ഇങ്ങനെ പണം പലിശയ്ക്ക് കൊടുക്കുന്നവർക്കെതിരെ പൊലീസിന് ജാമ്യമില്ലാത്ത കുറ്റം ചുമത്തി കേസെടുക്കാം. അമിത പലിശയ്ക്ക് പണം വായ്പയായി വാങ്ങിയ വ്യക്തി ഒരു ഹർജി ഫയൽ ചെയ്താൽ, അയാൾക്കു നൽകിയ വായ്പയുടെയോ അതിന്മേലുള്ള പലിശയുടെയോ തിരിച്ചടവിലേക്കായി പലിശക്കാരൻ കൈവശപ്പെടുത്തിയ സ്ഥാവര മോ ജംഗമമോ ആയ വസ്തു ഉണ്ടെങ്കിൽ അതിന്റെ കൈവശാവകാശം പുനഃസ്ഥാപിച്ച് നൽകുവാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

ഇത്തരം പഴുതടച്ച നിയമമൊക്കെ ഇവിടെ നിലവിലുണ്ടെങ്കിലും കഴുത്തറുപ്പൻ പലിശയ്ക്ക് പണം കൊടുക്കുന്ന കുബേരൻമാർക്കും അതു വാങ്ങി കടക്കെണിയിലായി വസ്തുക്കളെല്ലാം നഷ്ടപ്പെട്ട് തെരുവിലാകുന്നവർക്കും പലിശക്കാരുടെ ഗുണ്ടകളുടെ ഭീഷണി സഹിക്കാനാവാതെ ആത്മഹത്യ ചെയ്യുന്ന കുടുംബങ്ങൾക്കുമൊന്നും ഇവിടെ ഒരു കുറവും ഉണ്ടായിട്ടില്ല. ഇതിന് പ്രധാന കാരണം, യാതൊരു ലൈസൻസും രേഖകളുമില്ലാതെ പലിശയ്ക്ക് കൊടുക്കുന്നവരുടെ എണ്ണം ഇവിടെ വളരെ അധികമാണെന്നതാണ്. പലപ്പോഴും പലിശയ്ക്ക് കൊടുക്കുന്നയാൾ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെയോ ഗുണ്ടകളുടെയോ ബിനാമികളായിരിക്കും. വസ്തുവിന്റെ പ്രമാണവും വാഹനങ്ങളുടെയും വീടിന്റെയും മറ്റും രേഖകളും വാങ്ങിവച്ചിട്ടാവും പണം കൊടുക്കുന്നത്. വീടുവയ്ക്കാനും മക്കളെ പഠിപ്പിക്കാനും പെൺമക്കളെ കെട്ടിച്ചുവിടാനും ചികിത്സയ്ക്കും മറ്റുമായാണ് ഭൂരിപക്ഷം പേരും പണം പലിശയ്ക്ക് വാങ്ങുന്നത്.

സ്വാഭാവികമായും, ഇവർ പലിശ നൽകുന്നത് മുടങ്ങാനാണ് എല്ലാ സാദ്ധ്യതയുമുള്ളത്. പലിശ മുടങ്ങിയാൽ പിഴപ്പലിശയും അതിനു മേൽ പലിശയുമൊക്കെയായി എത്ര അടച്ചാലും തീരാത്തവിധം കടം വളർന്നുകൊണ്ടിരിക്കും. അങ്ങനെ നിൽക്കക്കള്ളിയില്ലാതാകുമ്പോഴാണ് പലരും ആത്മഹത്യയിൽ അഭയം തേടുന്നത്. കടക്കെണിയിൽ കുരുങ്ങിയ ഒരു വ്യാപാരി ഗുരുവായൂരിൽ ആത്മഹത്യ ചെയ്തത് കഴിഞ്ഞ ദിവസമാണ്. ആറുലക്ഷം രൂപ വട്ടിപ്പലിശയ്ക്ക് എടുത്തിരുന്ന ഇയാൾ ഒന്നര വർഷത്തിനിടയിൽ 40 ലക്ഷം രൂപയാണ് പലരിൽ നിന്ന് കടം വാങ്ങി തിരിച്ചടച്ചത്. എന്നിട്ടും കടം തീർന്നില്ല. പലിശത്തീയതി ഒരു ദിവസം മാറിയാൽ കുടുംബത്തോടെ കൊല്ലുമെന്ന് ഇയാളുടെ കടയിൽ കയറി പലിശക്കാരന്റെ ഗുണ്ടകൾ ഭീഷണിപ്പെടുത്തി. 20 ലക്ഷം മതിപ്പുവിലയുള്ള ഭൂമി അഞ്ചുലക്ഷത്തിന് എഴുതിവാങ്ങുകയും ചെയ്തു. പൊലീസിനെ സമീപിച്ചിട്ടും ഫലമുണ്ടായില്ല! എല്ലാ വഴിയും അടഞ്ഞപ്പോഴാണ് മുസ്തഫ എന്ന നാൽപ്പത്തിയെട്ടുകാരനായ ഈ വ്യാപാരി ജീവനൊടുക്കിയത്.

കേരളത്തിൽ നടന്ന പല കൂട്ടആത്മഹത്യകളുടെയും പിന്നിൽ ഇത്തരം ബ്ളേഡുകാരുടെ ഭീഷണിയാണെന്നത് പരസ്യമായ രഹസ്യമാണ്. ബ്ളേഡുകാരെ ഒതുക്കാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒന്നും നടന്നിട്ടില്ല. റെയ്ഡുകൾക്ക് അധികാരം നൽകിയെങ്കിലും കാര്യമായ റെയ്ഡുകളൊന്നും നടന്നിട്ടില്ല. പല വട്ടിപ്പലിശക്കാരും ശക്തമായ രാഷ്ട്രീയ, ഉദ്യോഗസ്ഥ സ്വാധീനമുള്ളവരാണ്. മകളുടെ വിവാഹത്തിനായി വാങ്ങിയ മൂന്നു ലക്ഷത്തിന്, 10 ലക്ഷം പലിശ നൽകിയതിനു പുറമെ 20 ലക്ഷം കൂടി ആവശ്യപ്പെട്ടതോടെ പാലക്കാട്ടെ കർഷകൻ വേലുക്കുട്ടി ട്രെയിനിനു മുന്നിൽ ചാടി ജീവനൊടുക്കുകയത് ഉൾപ്പെടെ എണ്ണിയെണ്ണിപ്പറയാൻ നിരവധി സംഭവങ്ങളുണ്ട്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ പൊലീസ് ശക്തമായ നടപടി സ്വീകരിച്ചാൽ ബ്ളേഡുകാരുടെ വിളയാട്ടം ഒരു വലിയ പരിധിവരെ തടയാനാകും. അതിനുള്ള സത്വര നടപടികൾ ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ വൈകരുത്.

മോദി യുദ്ധക്കുറ്റവാളിയെന്ന് ആവർത്തിച്ച് മംദാനി; നെതന്യാഹുവുമായി താരതമ്യം

ന്യൂയോർക്ക്: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ 'യുദ്ധക്കുറ്റവാളി' എന്ന് വിളിച്ചതിന് ന്യായീകരണവുമായി ന്യൂയോർക്ക് സിറ്റി മേയർ സ്ഥാനാർത്ഥി സൊഹ്റാൻ മംദാനി. ദീപാവലി ദിനത്തിൽ അമേരിക്കൻ ഹിന്ദു വോട്ടർമാരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് മോദിക്കെതിരെ നടത്തിയ പരാമർശങ്ങൾ മംദാനി ന്യായീകരിച്ചത്. താൻ വളർന്നത് ബഹുസ്വരതയെ ആഘോഷിക്കുന്ന ഒരു ഇന്ത്യയിലാണെന്ന് അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രി മോദിയും ബിജെപിയും ചിലതരം ഇന്ത്യക്കാർക്ക് മാത്രം ഇടമുള്ള ഒരു രാജ്യമെന്ന കാഴ്ചപ്പാടോടെയാണ് ഇന്ത്യയെ നയിക്കുന്നതെന്ന് മംദാനി പറഞ്ഞു. 'ഞാൻ വളർന്നുവന്ന ഇന്ത്യ ബഹുസ്വരതയുള്ളതും മതഭേദമന്യേ എല്ലാവർക്കും സ്ഥാനമുള്ളതുമായ ഒരു ഇന്ത്യയായിരുന്നു. ആ കാഴ്ചപ്പാട് കാരണമാണ് ഞാൻ മോദിയെ വിമർശിച്ചത്. ചിലതരം ഇന്ത്യക്കാർക്ക് മാത്രം സ്ഥാനമുള്ള ഒരു ഇന്ത്യ എന്ന കാഴ്ചപ്പാടിന്റെ പേരിലാണ് മോദിയെയും ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയെയും ഞാൻ വിമർശിക്കുന്നത്. ബഹുസ്വരത ആഘോഷിക്കപ്പെടേണ്ടതും അതിനായി പരിശ്രമിക്കേണ്ടതുമായ ഒന്നാണെന്ന വിശ്വാസത്തിന്റെ ഭാഗമാണത്.' അദ്ദേഹം പറഞ്ഞു.

'85 ലക്ഷം ജനങ്ങളുള്ള ന്യൂയോർക്ക് സിറ്റിയുടെ മേയറാകാനാണ് ഞാൻ മത്സരിക്കുന്നത്. പലർക്കും മോദിയെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകാം, അത് അവരുടെ അവകാശമാണ്. ഞാൻ അവരെയെല്ലാം ഒരുപോലെ പ്രതിനിധീകരിക്കും. അവരുടെ സുരക്ഷ ഉറപ്പാക്കുകയും ജീവിക്കാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക എന്നത് എന്റെ ഉത്തരവാദിത്വമാണ്.' ന്യൂയോർക്ക് സിറ്റിയിലെ ഹിന്ദു-അമേരിക്കൻ സമൂഹവുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം കൂട്ടിച്ചേർത്തു.മേയർ തെരഞ്ഞെടുപ്പിന് മുന്നോടിയായി നടന്ന സ്ഥാനാർത്ഥി ഫോറത്തിൽ ന്യൂയോർക്ക് സന്ദർശനത്തിനിടെ മോദിയോടൊപ്പം വേദി പങ്കിടുമോ എന്ന ചോദ്യത്തിന്, മോദിയെ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി താരതമ്യം ചെയ്ത മംദാനി ഇരുവരെയും 'യുദ്ധക്കുറ്റവാളികൾ' എന്ന് വിശേഷിപ്പിച്ചിരുന്നു.

ന്യൂയോർക്ക് മേയർ തിരഞ്ഞെടുപ്പിന് ഇനി രണ്ടാഴ്ച മാത്രമാണ് ശേഷിക്കുന്നത്. പുതിയ സർവേകൾ പ്രകാരം, മംദാനിയുടെ എതിരാളിയായ സ്വതന്ത്ര സ്ഥാനാർത്ഥി ആൻഡ്രൂ ക്വോമോ 13 ശതമാനം പോയിന്റുകൾക്ക് പിന്നിലാണ്. മൂന്നാം സ്ഥാനത്തുള്ള റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥി കർട്ടിസ് സ്ലിവ പിന്മാറിയാൽ മംദാനിക്ക് മത്സരം കൂടുതൽ കഠിനമാകും.

മനുഷ്യരെ ഒന്നിപ്പിക്കുന്ന വിശിഷ്ട പാനീയം'; ബിയറിനെ പുകഴ്ത്തി ഹൈനെക്കൻ സിഇഒ

ബിയർ ഏകാന്തത കുറയ്ക്കുകയും മാനസികാരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു

സാമൂഹികബന്ധങ്ങൾ വളർത്തുന്നതിൽ ബിയറിന് വളരെ വലിയ പങ്കുണ്ടെന്ന് ഡച്ച് മദ്യനിർമാണ കമ്പനിയായ ഹൈനെക്കന്റെ സി.ഇ.ഒ ഡോൾഫ് വാൻ ഡെൻ ബ്രിങ്ക്. ബിയർ ഒരു പാനീയം മാത്രമല്ലെന്നും മനുഷ്യരെ ഒന്നിപ്പിക്കുന്ന ഒരു സാമൂഹിക ഘടകം കൂടിയാണെന്നും ഡോൾഫ് വാൻ ഡെൻ ബ്രിങ്ക് അഭിപ്രായപ്പെട്ടതായി ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്തു.

ഒറ്റപ്പെടലും മാനസികാരോഗ്യപ്രശ്നങ്ങളും സാധാരണമായ ഇന്നത്തെ കാലഘട്ടത്തിൽ സാമൂഹിക ബന്ധങ്ങൾ മൃദുവാക്കുന്ന ഘടകം എന്ന നിലയിൽ മദ്യത്തെപ്പറ്റിയുള്ള പൊതുചർച്ചകളിൽ ബിയറിനെ ഉൾപ്പെടുത്തണമെന്നും ഡെൻ ബ്രിങ്ക് പറഞ്ഞു.

വ്യാഴാഴ്ച, ഡച്ച് മദ്യനിർമാണ കമ്പനിയായ ഹൈനെക്കൻ അടുത്ത അഞ്ച് വർഷത്തേക്ക് ബിയർ വിൽപ്പന വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ പദ്ധതി പ്രഖ്യാപിച്ചു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉപഭോക്തൃവില്പനയിൽ കുറവ് അനുഭവപ്പെട്ടത് മൂലം, മറ്റു മദ്യനിർമാതാക്കളെപ്പോലെ ഹൈനെക്കനും ബുദ്ധിമുട്ടുകൾ നേരിടുകയാണ്. കമ്പനിയുടെ ഓഹരികൾ 2023 ലെ ഉച്ചസ്ഥായിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഏകദേശം അഞ്ചിലൊന്ന് വരെ താഴ്ന്നു.

മദ്യവും ആരോഗ്യമും തമ്മിലുള്ള ബന്ധം വളരെ സങ്കീർണമാണ്. അതിനെ കുറിച്ചുള്ള ചർച്ചകൾ എല്ലാ സമയത്തും സമതുലിതമായി നടക്കുന്നില്ലെന്നും ഡെൻ ബ്രിങ്ക് പറഞ്ഞു. വിഷയത്തിൽ ചരിത്രപരമായ ഉദാഹരണങ്ങളും ഡെൻ ബ്രിങ്ക് പറഞ്ഞിട്ടുണ്ട്. മെസൊപ്പൊട്ടാമിയയിലും ഈജിപ്തിലും ജനങ്ങൾ കൂട്ടമായി ബിയർ കുടിച്ചിരുന്നതിലൂടെ, ബിയർ പ്രാചീനകാലം മുതൽ സാമൂഹിക ജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ബിയർ മനുഷ്യർ ഉപയോഗിച്ച ആദ്യത്തെ ഉപഭോക്തൃ ഉൽപ്പന്നങ്ങളിലൊന്നാണ്, അതിനാൽ സമൂഹത്തിൽ അതിന് ഒരു പാരമ്പര്യമുണ്ട്, എന്നായിരുന്നു ബ്രിങ്കിന്റെ വാദം.

ഹൈനെക്കന്റെ ആശയത്തിന് എതിരായ അഭിപ്രായമാണ് ലോകാരോഗ്യ സംഘടനയുടെ പ്രസ്താവനയിൽ പറയുന്നതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. 2023ലെ പ്രസ്താവനയിൽ ഡബ്ല്യുഎച്ച്ഒ വ്യക്തമാക്കിയതനുസരിച്ച്, ബിയർ അടക്കമുള്ള മദ്യപാനങ്ങൾ ആരോഗ്യത്തിന് സുരക്ഷിതമല്ല. ചെറിയ അളവിലോ മിതമായ അളവിലോ മദ്യം ഉപയോഗിച്ചാലും അത് ദോഷകരമാണ്. മദ്യം ഒരു "കാൻസറിന് കാരണമായ പദാർത്ഥം" (carcinogen) ആണെന്നും അതിന് സുരക്ഷിതമായ ഒരു പരിധിയില്ലെന്നും സംഘടന വ്യക്തമാക്കി.

പത്താം ക്ലാസ് വരെ പഠിച്ചതിന് ശിക്ഷ മരണം; ആദിവാസി യുവതിയെ മന്ത്രവാദിനിയാക്കി ക്രൂരമായി കൊലപ്പെടുത്തി

ഔപചാരിക വിദ്യാഭ്യാസം നേടി ആദിവാസി വിഭാ?ഗത്തിലെ സ്ത്രീയെ കൊലപ്പെടുത്തി കുടുംബം. ബംഗാളിലെ ജംഗിൾമഹൽ ജില്ലയായ പുരുളിയയിലെ ചാപുർ ഗ്രാമത്തിലാണ് സംഭവം. മന്ത്രവാദം പരിശീലിക്കുന്നു എന്നാരോപിച്ചാണ് കുടുംബാംഗങ്ങൾ സ്ത്രീയെ അതിക്രൂരമായി കൊലപ്പെടുത്തിയത്.

കുടുംബത്തിൽ വിദ്യാഭ്യാസം ലഭിച്ച ഏക വ്യക്തിയായിരുന്നു യുവതിയെ വീടിന് പുറത്തേക്ക് വലിച്ചിഴച്ച് കൊണ്ടുവന്ന് മകളുടെ മുന്നിലിട്ട് മൂർച്ചയുള്ള ആയുധങ്ങൾ ഉപയോഗിച്ചാണ് കൊലപ്പെടുത്തിയതെന്നാണ് റിപ്പോർട്ട്. പദാബി ടുഡുവെന്നാണ് സ്ത്രീയുടെ പേര്.

പദാബിയുടെ ഭർത്താവ് സുഭാഷ് ഒരു കർഷകത്തൊഴിലാളിയാണ്. തന്റെ സഹോദരങ്ങൾ, സഹോദരന്റെ ഭാര്യമാർ, മരുമകൻ എന്നിവർ ചേർന്നാണ് പദാബിയെ കൊലപ്പെടുത്തിയതെന്ന് ആരോപിച്ച് സുഭാഷ് പാരാ പോലീസ് സ്റ്റേഷനിൽ എട്ട് പേർക്കെതിരെ രേഖാമൂലം പരാതി നൽകി.

പാരാ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുകയും ആറ് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ചാപുരി കൊൽക്കത്തയിൽ നിന്ന് ഏകദേശം 265 കിലോമീറ്ററും പുരുളിയ ജില്ലാ ആസ്ഥാനത്ത് നിന്ന് ഏകദേശം 30 കിലോമീറ്ററും അകലെയാണ്. ഇവിടെ 85 ഓളം സന്താൾ ആദിവാസി കുടുംബങ്ങളും കുറച്ച് മുസ്ലീം കുടുംബങ്ങളും താമസിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി കുടുംബാംഗങ്ങൾ പദാബിയെ ഭീഷണിപ്പെടുത്തുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തിരുന്നതായി നാട്ടുകാർ പറയുന്നു.

പദാബി മാത്രമായിരുന്നു കുടുംബത്തിൽ വിദ്യാഭ്യാസം നേടിയ ഏക അംഗം. വിവാഹത്തിന് മുൻപ് പത്താം ക്ലാസ് (മാധ്യമിക്) പൂർത്തിയാക്കിയ ആളാണ് പദാബി. ടുഡു കുടുംബത്തിലെ മറ്റുള്ളവർക്ക് ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. സ്വന്തം മക്കൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകണമെന്ന് പദാബി നിർബന്ധിച്ചിരുന്നു അവരുടെ 13 വയസ്സുള്ള മകൾ എട്ടാം ക്ലാസ്സിലും, അഞ്ച് വയസ്സുള്ള മകൻ ഒന്നാം ക്ലാസ്സിലുമാണ് പഠിക്കുന്നത്.

അന്ധവിശ്വാസത്തിന്റെ സ്വാധീനത്തിലാണ് കൊലപാതകം നടന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് ആറുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്, ഒളിവിലുള്ള പ്രതികൾക്കുവേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്. പൊതുജന അവബോധം വളർത്തുന്നതിനായി മേഖലയിൽ ഭരണകൂടം അന്ധവിശ്വാസ വിരുദ്ധ പ്രചാരണങ്ങൾ നടത്തുമെന്നും പൊലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ഇവിടെ മുമ്പ് ഒരിക്കലും അന്ധവിശ്വാസ വിരുദ്ധ പ്രചാരണങ്ങൾ ഭരണകൂടം നടത്തിയിട്ടില്ലെന്നാണ് നാട്ടുകാർ വ്യക്തമാക്കി. കഴിഞ്ഞ വർഷം പുരുളിയ ജില്ലയിൽ പാരാ ബ്ലോക്കിലെ നോഡിഹ ഗ്രാമപഞ്ചായത്തിലെ ബഗൽമാരി ഗ്രാമത്തിൽ സമാനമായ സംഭവം നടന്നിരുന്നു. അന്ന് മന്ത്രവാദം ആരോപിച്ച് ഒരു വയോധികയായ പട്ടികജാതി സ്ത്രീയെ തല്ലിക്കൊന്നിരുന്നു. ആ സംഭവം നടന്ന് ഒരു വർഷം തികയും മുൻപ വീണ്ടും ഇത്തരം സംഭവം ഉണ്ടായത് അസ്വസ്ഥതയുണ്ടാക്കുന്ന ഒരു പ്രവണതയാണെന്നും അവർ അഭിപ്രായപ്പെട്ടു.

ഈ വർഷം ജൂലൈയിൽ, ബീർഭും ജില്ലയിലെ മസ്ര ഗ്രാമപഞ്ചായത്തിലെ രാംപൂർഹാട്ട്-ഝാർഖണ്ഡ് അതിർത്തി പ്രദേശത്ത്, മാനസിക വെല്ലുവിളി നേരിടുന്ന ഒരു പട്ടികജാതി സ്ത്രീയെ മന്ത്രവാദിനിയായി മുദ്രകുത്തി വസ്ത്രം അഴിച്ച് നഗ്നയാക്കി നടത്തിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നു.

കഴിഞ്ഞ വർഷം, ബീർഭും ജില്ലയിലെ കോളേശ്വർ ഗ്രാമപഞ്ചായത്തിലെ ഹരീഷ ഗ്രാമത്തിൽ മന്ത്രവാദം ആരോപിച്ച് രണ്ട് ആദിവാസി സ്ത്രീകളെ കൊലപ്പെടുത്തുകയും മൃതദേഹങ്ങൾ ഗ്രാമത്തിലെ ഒരു കുളത്തിൽ തള്ളുകയും ചെയ്തിരുന്നു. അഞ്ചു ദിവസത്തിന് ശേഷമാണ് പോലീസ് മൃതദേഹങ്ങൾ കണ്ടെടുത്തത്. പുരുളിയ ഝാർഖണ്ഡുമായി അതിർത്തി പങ്കിടുന്നുണ്ട്. അവിടെയും അടുത്തിടെ മന്ത്രവാദം ആരോപിച്ച് നിരവധി കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

പദാബിക്കെതിരെയുള്ള മന്ത്രവാദ ആരോപണങ്ങൾ അഞ്ചു വർഷം മുമ്പാണ് തുടങ്ങിയത്. അവരുടെ ഭർതൃസഹോദരന്മാരിൽ ഒരാളായ ബിനോദ് ടുഡു ഒരു ന്യൂറോളജിക്കൽ തകരാറുമൂലം മരണപ്പെട്ടതിന് തൊട്ടുപിന്നാലെയായിരുന്നു ഇത്. കുടുംബം പദാബിയെ കുറ്റപ്പെടുത്താൻ തുടങ്ങി, എന്നാൽ ബിനോദിന്റെ ഭാര്യ ഈ ആരോപണങ്ങളിൽ വിശ്വസിച്ചിരുന്നില്ല.

ആക്രമിക്കുന്നവരോട് താൻ മന്ത്രവാദിനി അല്ലെന്നും ഇത്തരം വിശ്വാസങ്ങൾ തെറ്റാണെന്നും പദാബി പറഞ്ഞെങ്കിലും ഫലമുണ്ടായില്ല.

സംഭവത്തെ തുടർന്ന് ഒക്ടോബർ 23 വൈകുന്നേരം പശ്ചിമബംഗ ബിഗ്യാൻ മഞ്ച് പുരുളിയ ജില്ലാ സെക്രട്ടറി ഡോ. നയോൺ മുഖർജിയും മറ്റ് നേതാക്കളും ചാപുരി ഗ്രാമം സന്ദർശിച്ചു. അവർ ദുരിതത്തിലായ കുടുംബവുമായി സംസാരിക്കുകയും നിയമസഹായം ഉറപ്പ് നൽകുകയും ചെയ്തു. അന്ധവിശ്വാസത്തിനെതിരെ ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ബിഗ്യാൻ മഞ്ച് പദ്ധതിയിടുന്നതായും അറിയിച്ചു.

അന്ധവിശ്വാസത്തിനെതിരെ സർക്കാർ ബോധവത്കരണ കാമ്പയിനുകൾ നടത്തുന്നില്ല. അതേസമയം, ആർഎസ്എസ് പോലുള്ള സംഘടനകൾ രാജ്യമെമ്പാടും മതഭ്രാന്തും അന്ധവിശ്വാസങ്ങളും പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുന്നു. തൽഫലമായി, ആദിവാസി സമൂഹത്തിലെ ഒരു വിഭാഗം ഇത്തരം ഹീനമായ ആചാരങ്ങളിൽ വീണ്ടും ഏർപ്പെടാൻ തുടങ്ങിയിരിക്കുന്നുവെന്ന് ആദിവാസി അധികാർ മഞ്ച് അഖിലേന്ത്യാ, പശ്ചിമ ബംഗാൾ ജനറൽ സെക്രട്ടറി ഡോ. പുലിൻ ബിഹാരി ബാസ്കെ പറഞ്ഞു.

ആദിവാസികൾക്കിടയിലെ സാക്ഷരതാ നിലവാരം ഇപ്പോഴും കുറവാണെന്നും സാമൂഹിക പ്രസ്ഥാനങ്ങൾ നിശ്ചലമായിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പദാബിയുടെ കുടുംബാംഗങ്ങളും പ്രതികളും ഉൾപ്പെടെ ചാപുരിയിലെ മിക്ക ആളുകളും സ്ഥിരവരുമാനമില്ലാത്ത കർഷകത്തൊഴിലാളികളാണ്. ഗ്രാമം മുഴുവൻ നിരക്ഷരതയും പോഷകാഹാരക്കുറവും അനുഭവിക്കുന്നു. ഈ സാഹചര്യങ്ങൾ നിരാശയും യുക്തിരഹിതമായ അക്രമവും വളർത്തുന്നു. ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്, ചാപുരി സന്ദർശന വേളയിൽ ബാസ്കെ പറഞ്ഞു.

ഒസാമ ബിൻ ലാദൻ രക്ഷപ്പെട്ടത് സ്ത്രീ വേഷത്തിൽ; വെളിപ്പെടുത്തലുമായി സിഐഎയുടെ മുൻ പാക് തലവൻ

ന്യൂഡൽഹി: വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെത്തുടർന്ന് യുഎസ് സേന തിരയുകയായിരുന്ന അൽ ഖയിദ നേതാവ് ഒസാമ ബിൻ ലാദൻ തോറബോറ മലനിരകളിൽ നിന്ന് രക്ഷപ്പെട്ടത് സ്ത്രീ വേഷത്തിലെന്ന് വെളിപ്പെടുത്തൽ. സിഐഎയുടെ ഭീകരവാദ പ്രതിരോധ വിഭാഗത്തിന്റെ പാകിസ്ഥാനിലെ തലവനായിരുന്ന ജോൺ കിരിയാക്കോയാണ് വെളിപ്പെടുത്തൽ നടത്തിയത്. 15 വർഷം സിഐഎയുടെ ഭാഗമായി പ്രവർത്തിച്ചയാളാണ് കിരിയാക്കോ.

'സൈന്യത്തിന്റെ കമാൻഡറുടെ ദിഭാഷി യഥാർത്ഥത്തിൽ യുഎസ് സൈന്യത്തിൽ നുഴഞ്ഞുകയറിയ അൽ ഖയിദ പ്രവർത്തകനായിരുന്നുവെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല. ബിൻ ലാദനെ വളഞ്ഞുവെന്ന് ഞങ്ങൾക്ക് ഉറപ്പായിരുന്നു. മലയിറങ്ങി വരാൻ ഞങ്ങൾ ലാദനോട് ആവശ്യപ്പെട്ടു. പ്രഭാതം വരെ സമയം തരുമോ? ഞങ്ങൾക്ക് സ്ത്രീകളെയും കുട്ടികളെയും ഒഴിപ്പിക്കണം. അതിനുശേഷം ഞങ്ങൾ താഴെവന്ന് കീഴടങ്ങാം എന്നായിരുന്നു ബിൻ ലാദന്റെ മറുപടി. ആ ആവശ്യം അംഗീകരിക്കാൻ ദിഭാഷി സൈനിക കമാൻഡറെ പ്രേരിപ്പിച്ചു. എന്നാൽ ലാദൻ ഒരു സ്ത്രീ വേഷം ധരിച്ച് ഇരുട്ടിന്റെ മറവിൽ ഒരു പിക്കപ്പ് ട്രക്കിൽ രക്ഷപ്പെടുകയായിരുന്നു' – എന്നാണ് കിരിയാക്കോയുടെ വെളിപ്പെടുത്തൽ.

പിന്നീട് വർഷങ്ങളോളം ബിൻ ലാദനെക്കുറിച്ചുള്ള വിവരമൊന്നും ലഭിച്ചിരുന്നില്ല. 2011ൽ പാകിസ്ഥാനിലെ അബോട്ടാബാദിൽ ലാദൻ ഒളിവിൽ കഴിഞ്ഞ സങ്കേതം യുഎസ് സൈന്യം കണ്ടെത്തി. നിരന്തര നിരീക്ഷണം നടത്തി അത് ലാദനാണെന്ന് സൈന്യം ഉറപ്പിച്ചു. ശേഷം കമാൻഡോ ഓപ്പറേഷനിലൂടെ ബിൻ ലാദനെ യുഎസ് വധിക്കുകയായിരുന്നു.

ഇന്ത്യയുടെ ത്രിശൂലിനെ ഭയം, വ്യോമാതിർത്തികൾ അടച്ച് പാകിസ്താൻ

ന്യൂഡൽഹി: അതിർത്തിയിൽ 'ത്രിശൂൽ' എന്ന ബൃഹത്തായ ത്രിതല സൈനികാഭ്യാസത്തിന് ഇന്ത്യ തയ്യാറെടുക്കുന്നതിനിടെ വ്യോമപാതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച് പാകിസ്താൻ. ഒക്ടോബർ 28, 29 തീയതികളിലെ നോട്ടാമിനുള്ള (നോട്ടീസ് ടു എയർമെൻ) കാരണം വ്യക്തമാക്കിയിട്ടില്ലെങ്കിലും സൈനികാഭ്യാസവുമായോ അല്ലെങ്കിൽ ആയുധപരീക്ഷണവുമായോ ബന്ധപ്പെട്ടാകാം പാകിസ്താന്റെ നടപടിയെന്നാണ് വിശകലന വിദഗ്ധരുടെ അഭിപ്രായം. ഇന്ത്യയുടെ സൈനികാഭ്യാസത്തിലുള്ള പാകിസ്താന്റെ ആശങ്കയും വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

പാകിസ്താൻ അതിർത്തിയിലെ സർ ക്രീക്കിന് സമീപം ഒക്ടോബർ 30 മുതൽ നവംബർ 10 വരെ നടത്താനിരിക്കുന്ന ഒരു വലിയ ത്രിതല സൈനികാഭ്യാസത്തിനായി ഇന്ത്യ നോട്ടം പുറപ്പെടുവിച്ചതിന് പിന്നാലെയാണ് പാകിസ്താന്റെ ഈ നീക്കം. ഓപ്പറേഷൻ സിന്ദൂർ മുതൽ ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ഇത്തരം നിഴൽ യുദ്ധങ്ങൾ പതിവാണ്. ഇരുരാജ്യങ്ങളും സൈനികാഭ്യാസങ്ങൾക്കായി അതിർത്തികളിൽ നോട്ടാമുകൾ പുറപ്പെടുവിക്കാറുണ്ട്.

വിശകലന വിദഗ്ധൻ ഡാമിയൻ സൈമൺ പങ്കുവെച്ച ഉപഗ്രഹ ചിത്രങ്ങൾ പ

വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം

തിരുവനന്തപുരം :കല്ലറ പഞ്ചായത്തിലെ തെങ്ങുംകോട് വാർഡ് സ്വദേശിയായ 85 കാരിയെ രോഗ ലക്ഷണങ്ങളോടെ ഇവരെ കഴിഞ്ഞ ദിവസം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. ഇവരുടെ വീട്ടിൽ മറ്റാർക്കും രോഗ ലക്ഷണങ്ങൾ പ്രകടമായിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് അധികൃതർ പറയുന്നു. ജലാശയത്തിലെ വെള്ളവും ഉപയോഗിച്ചിട്ടില്ല. പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ പ്രദേശത്ത് പരിശോധനകൾ നടക്കുകയാണ് കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മുങ്ങി കുളിക്കുന്നവരിലും നീന്തുന്നവരിലും വളരെ അപൂർവമായി ഉണ്ടാകുന്ന രോഗ ബാധയാണ് അമീബിക് മസ്തിഷ്ക ജ്വരം അഥവാ അമീബിക് എൻസെ

ഫലൈറ്റിസ്. ഇതിനെതിരെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. നേഗ്ലെറിയ ഫൗലേറി, അക്കാന്ത അമീബ ,സാപ്പിനിയ, ബാലമുത്തിയ വെർമമീബ എന്നീ അമീബ വിഭാഗത്തിൽപ്പെട്ട രോഗാണുക്കൾ തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. മൂക്കിനേയും മസ്തിഷ്കത്തേയും വേർതിരിക്കുന്ന നേർത്ത പാളിയിലുള്ള സുഷിരങ്ങൾ വഴിയോ കർണ്ണ പടലത്തിലുണ്ടാകുന്ന സുഷിരം വഴിയോ അമീബ തലച്ചോറിലേക്ക് കടക്കുകയും മെനിഞ്ചോ എൻസെഫലൈറ്റിസ് ഉണ്ടാക്കുകയും ചെയ്യുന്നു. 97 ശതമാനത്തിലധികം മരണനിരക്കുള്ള രോഗമാണിത്. രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചെളിയിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. രോഗാണുബാധ ഉണ്ടായാൽ ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകും.

വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിന് (എൻ.എച്ച്866) വീണ്ടും ജീവൻവച്ചു

വെമ്പായം:ഇതോടെ റോഡിന് ഇരുവശത്തുമായി വിഭാവനം ചെയ്തിരിക്കുന്ന, 34000 കോടിയുടെ വികസനപദ്ധതികളും നടപ്പിലാക്കുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.
കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ ചർച്ചയിലാണ്,നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്താതെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും ഔട്ടർറിംഗ് റോഡ് ഉടൻ നിർമ്മിച്ചു തുടങ്ങാനാകുമെന്ന ധാരണയായത്.
പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ വിഴിഞ്ഞം തുറമുഖ വികസനം വേഗത്തിലാകും. റിംഗ് റോഡിന്റെ തുടർച്ചയായി കടമ്പാട്ടുകോണത്തുനിന്ന് ആരംഭിക്കുന്ന കൊല്ലം ചെങ്കോട്ട ഗ്രീൻഫീൽഡ് ദേശീയപാത നിർമ്മിക്കുന്നതോടെ വിഴിഞ്ഞത്തു നിന്നുള്ള ചരക്കുനീക്കം കൂടുതൽ സുഗമമാകും.നിർമ്മാണം തുടങ്ങിക്കഴിഞ്ഞാൽ മൂന്നു വർഷത്തിനകം പൂർത്തിയാക്കാനാകുമെന്നാണ് വിലയിരുത്തൽ.
സ്ഥലമേറ്റെടുപ്പിലേക്ക് നീങ്ങിയ പദ്ധതിയുടെ അലൈൻമെന്റ് മാറ്റാൻ തീരുമാനിച്ചതോടെയാണ് പാതിവഴിയിലായത്. ഔട്ടർറിംഗ് റോഡിന്റെ അലൈൻമെന്റ് മാറ്റണമെന്നാവശ്യവുമായി ദേശീയപാത അതോറിട്ടിയും,അത് അപ്രായോഗികമാണെന്ന നിഗമനത്തിൽ സംസ്ഥാന സർക്കാരും എത്തിയതോടെയാണ് പദ്ധതി തുലാസിലായത്. തുടർന്ന് മുഖ്യമന്ത്രി - കേന്ദ്രമന്ത്രി ചർച്ചയിൽ പ്രശ്നത്തിന് പരിഹാരമായി.
വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള ഇടനാഴിയായി മാറുന്ന റിംഗ് റോഡ്
ആകെ ചെലവ്(പ്രതീക്ഷിക്കുന്നത്)- 7900 കോടി രൂപ
62.7 കലോമീറ്ററിൽ നാലുവരിയായിട്ടാണ് റോഡ് നിർമ്മിക്കുക
റോഡിനായി 314 ഹെക്ടർ ഭൂമിയേറ്റെടുക്കണം
24 താലൂക്കുകളിലായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ഇനി പുനരാരംഭിക്കണം
8 സാമ്പത്തിക മേഖലകളിലായി ജില്ലയുടെ വികസനം
പദ്ധതി യാഥാർത്ഥ്യമായാൽ 8 പുതിയ സാമ്പത്തിക മേഖല ജില്ലയിലുണ്ടാകും.
വിഴിഞ്ഞം,കോവളം,കാട്ടാക്കട,നെടുമങ്ങാട്,വെമ്പായം,മംഗലപുരം,കിളിമാനൂർ,കല്ലമ്പലം എന്നിങ്ങനെയാണ് 8 സാമ്പത്തിക മേഖലകൾ.
1 വിഴിഞ്ഞം (6.3 ചതുരശ്ര കിലോമീറ്റർ) - ലോജിസ്റ്റിക്സ് അടിസ്ഥാനമാക്കിയുള്ള വ്യവസായ ടൗൺഷിപ്പ്
2 കോവളം (4.01 ചതുരശ്ര കിലോമീറ്റർ) - ആരോഗ്യ ടൂറിസം ഹബ്
3 കാട്ടാക്കട (7.37 ച.കി.മീ) - ഗ്രീൻ ആൻഡ് സ്മാർട്ട് വ്യവസായ ക്ലസ്റ്റർ
4 നെടുമങ്ങാട് (5.58 ച.കി.മീ) - പ്രാദേശിക വ്യാപാരങ്ങളുടെയും സ്ഥാപനങ്ങളുടെയും ഹബ്
5വെമ്പായം (7.47 ച.കി.മീ) - മരുന്നിന്റെയും ഭക്ഷ്യവസ്തുക്കളുടെയും സംസ്കരണ ക്ലസ്റ്റർ
6 മംഗലപുരം (6.37 ച.കി.മീ) - ലൈഫ് സയൻസിന്റെയും ഐ.ടിയുടെയും ഹബ്
7കിളിമാനൂർ (5.28 ച.കി.മീ) - കാർഷിക,ഭക്ഷ്യ സംസ്കരണ ഉപകരണങ്ങൾ
8 കല്ലമ്പലം (8.28 ച.കി.മീ) - കാർഷിക,ഭക്ഷ്യ സംസ്കരണം

കാരുണ്യയുടെ പതിമൂന്നാം വാർഷിക സംഗമം നടന്നു

തിരുവനന്തപുരം: കാരുണ്യ റൂറൽ കൾച്ചറൽ ഡെവലപ്മെൻറ് ചാരിറ്റബിൾ സൊസൈറ്റിയുടെ പതിമൂന്നാം വാർഷിക സമ്മേളനം ഹോട്ടൽ ഹൈലാൻഡിൽ പ്രസിഡൻറ് പൂഴനാട് സുധീറിന്റെ അദ്ധ്യക്ഷതയിൽ മുൻമന്ത്രി എം എം ഹസ്സൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി പനച്ചമൂട് ഷാജഹാൻ സ്വാഗതം ആശംസിച്ചു. കക്ഷി രാഷ്ട്രീയ ജാതിമത ചിന്തകൾക്കതീതമായി സാമൂഹിക പ്രതിബദ്ധതയോടെ 2013 മുതൽ പ്രവർത്തിച്ചുവരുന്ന സാമൂഹിക സംഘടനയാണ് കാരുണ്യ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 163 യൂണിറ്റുകളിലായി 6300 ഓളം അംഗങ്ങൾ സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ കാരുണ്യ യോടൊപ്പമുണ്ട്. വാർഷിക സമ്മേളനത്തിലും മാനവ മൈത്രി സംഗമത്തിലും, സംസ്ഥാന എൻ ആർ ഐ കമ്മീഷൻ ഡോ. മാത്യൂസ് ലൂക്കോസ് മണ്ണിയോട്ട്, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ.എ.എ. റഷീദ്, പാളയം ഇമാം ഡോ.വി. പി. സുഹൈബ് മൗലവി, റവ. ഡോ. ജെ. ജയരാജ്, മുൻ ന്യൂനപക്ഷ ഡയറക്ടർ ഡോ. പി നസീർ,മറിയാമ്മ ഉമ്മൻ ചാണ്ടി, സി. ഡബ്ലുയു. സി. ചെയർപേഴ്സൺ അഡ്വ. ഷാനിബ ബീഗം,വെഞ്ഞാറമൂട് ചാരിറ്റി വില്ലേജ് ചെയർമാൻ ഉവൈസ് അമാനി, ഗവ.അഡീഷണൽ സെക്രട്ടറി പിന്നണി ഗായിക പ്രമീള, മണക്കാട് നസീർ, നൂറുൽ ഹസ്സൻ, എന്നിവർ സംസാരിച്ചു. വെഞ്ഞാറമൂട് ചാരിറ്റി വില്ലേജിലെ അന്തേവാസികൾക്കും അവരുടെ ഉപജീവനമാർഗ്ഗത്തിനും തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് കാരുണ്യ ഒരുക്കി നൽകുന്നതിന്റെ ലോഗോ പ്രകാശനവും നടന്നു. ഡോ. ഗീതാ ഷാനവാസ്, അഡ്വ. ചെറുന്നിയൂർ ജയചന്ദ്രൻ, ഡോ. അനസ് കിള്ളി,അനിത മെഡിക്കൽ കോളേജ്,നടൻ അനിൽ മലയിൻകീഴ്, ജോസഫ് ഡിക്രൂസ് പൂന്തുറ, വഞ്ചിയൂർ പ്രഭാകരൻ, പൂവച്ചൽ റാഹില റഹീം,നദീറ നെടുമങ്ങാട്, എന്നീ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ ആദരിച്ചു.നടൻ ശിവ മുരളിയും സംഘത്തിന്റെയും മിമിക്സും, സിനിമ-സീരിയൽ താരങ്ങളുടെ ഡാൻസ്, പിന്നണി-പ്രൊഫഷണൽ ഗായകരുടെ ഗാനമേളയും നടന്നു.
സിനിമ സീരിയൽ താരങ്ങളും പിന്നണിഗായകരും അവതരിപ്പിച്ച വിവിധ കലാപരിപാടികളും നടന്നു.

കപ്പൽ നാലുമാസമായി പുറംകടലിൽ; വിഴിഞ്ഞത്ത് ക്രൂ ചെയ്ഞ്ചിംഗ്

വിഴിഞ്ഞം: എൽസ 3 മുങ്ങിയതുമായി ബന്ധപ്പെട്ട് നിയമനടപടിയുടെ ഭാഗമായി നാലു മാസമായി അന്താരാഷ്ട്ര തുറമുഖത്ത് കസ്റ്റഡിയിലായ കപ്പലിൽ നിന്ന് ക്രൂ ചെയ്ഞ്ചിംഗ് നടത്തി. എം.എസ് സി അക്കിറ്റെറ്റയിൽ നിന്നുമാണ് ക്രൂ ചെയ്ഞ്ചിംഗ് നടത്തിയത്. കപ്പലിൽ നിന്ന് 12ക്രൂവാണ് കരയിലിറങ്ങിയത്. പകരം 11പേർ കപ്പലിൽ കയറി. കരാർ കാലാവധി കഴിയുന്നതുമായി ബന്ധപ്പെട്ടാണ് ക്രൂ ചെയ്ഞ്ച് നടത്തേണ്ടിവന്നത്. 12 പേരിൽ കപ്പൽ ചീഫ് എൻജിനീയർ ഘാന സ്വദേശിയായ അഗ്രി ജോൺ കൊബിന മാത്രമാണ് വിദേശി. മറ്റുള്ളവർ ഇന്ത്യക്കാരാണ്.ഇവർ സ്വന്തം നാട്ടിലേക്ക് മടങ്ങി. വാട്ടർ ലൈൻ ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക് നേതൃത്വത്തിൽ കേരള മാരിടൈം ബോർഡിന്റെ വിഴിഞ്ഞത്തെ പുതിയ വാർഫിലായിരുന്നു ക്രൂ ചെയ്ഞ്ച് നടത്തിയത്. പുറംകടലിൽ നിന്ന് ടഗ്ഗിൽ ക്രൂവിനെ കരയിലെത്തിക്കുകയായിരുന്നു.
ബങ്കറിംഗ് നടത്തിയ കപ്പൽ
കഴിഞ്ഞ ആഴ്ച അന്താരാഷ്ട്ര തുറമുഖത്ത് ഷിപ്പ് ടു ഷിപ്പ് ബങ്കറിംഗ് സർവീസ് നടത്തിയ കപ്പലാണ് നിയമ കുരുക്കിൽപ്പെട്ട് തിരികെ മടങ്ങാനാകാതെ പുറംകടലിൽ തുടരുന്നത്. അദാനി ബങ്കറിംഗ് കമ്പനിയുടെ നേതൃത്വത്തിൽ എം.ടി ഷോൺ 1 കപ്പലിൽ നിന്ന് വിഴിഞ്ഞം തുറമുഖത്തിന്റെ ആങ്കറേജിലുള്ള എം.എസ്.സി അക്കിറ്റെറ്റ എന്ന കപ്പലിലാണ് വെരി ലോ സൾഫർ ഫ്യുയൽ ഓയിൽ നിറച്ചത്.

എൻ.ജി.ഒ അസോസിയേഷൻ

നെയ്യാറ്റിൻകര:കേരള എൻ.ജി.ഒ അസോസിയേഷൻ നെയ്യാറ്റിൻകര ബ്രാഞ്ച് കമ്മിറ്റി കേരള എൻ.ജി.ഒ അസോസിയേഷന്റെ സുവർണ ജൂബിലി സമ്മേളനത്തോടനുബന്ധിച്ച് പതാക ദിനം ആചരിച്ചു.ബ്രാഞ്ച് പ്രസിഡന്റ് എസ്. ഷാജി പതാക ഉയർത്തി.സംസ്ഥാന സെക്രട്ടറിയേറ്റംഗം എസ്.എസ്.സജി ജന്മദിന സന്ദേശം നൽകി.തിരുവനന്തപുരം സൗത്ത് ജില്ലാ ജോയിന്റ് സെക്രട്ടറി ആർ.കെ.ശ്രീകാന്ത്,അജയാക്ഷൻ പി.എസ്,ആറാലുംമൂട് ശബരിനാഥ്, എസ്.ഷിബു,സുജകുമാരി,ബിജു അഗസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു.

എം.ജി.എം കോളേജിൽ ഐക്യ രാഷ്ട്ര ദിനാചരണം

തിരുവനന്തപുരം: കണിയാപുരം എം.ജി.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഐക്യരാഷ്ട്ര ദിനാചരണം സംഘടിപ്പിച്ചു.കോളേജ് പ്രിൻസിപ്പൽ ഡോ.എം.എസ് വിദ്യാ പണിക്കർ ഉദ്ഘാടനം ചെയ്തു. ചെമ്പഴന്തി എസ്.എൻ കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അഭിലാഷ്.ടി മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് പ്രൊഫസർമാരായ മീര രാജ്,സമീറ,ഡോ.വിഷ്ണു,ഡോ.ടി.എൻ.ലേഖ,ഡോ.ആർച്ച,ലാലി തുടങ്ങിയവർ പങ്കെടുത്തു.വിവിധ പഠന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.കോളേജിലെ ഹ്യൂമൻ റൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

ദേശീയപാതയോരങ്ങളിൽ വിശ്രമമുറികൾ ഒരുക്കാൻ പൊതുമരാമത്തുവകുപ്പ്

കൊല്ലം:റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് സമ്പ്രദായം കൊണ്ടുവന്ന് നാലുവർഷത്തോട് അടുക്കുമ്പോൾ പൊതുമരാമത്തുവകുപ്പിന്റെ വരുമാനത്തിൽ വൻ കുതിപ്പ്. ഇതിന്റെ പിൻബലത്തിൽ സംസ്ഥാനത്തെ പ്രമുഖ തീർഥാടനകേന്ദ്രങ്ങൾക്കടുത്തും വിനോദസഞ്ചാരകേന്ദ്രങ്ങളിലും റെസ്റ്റ് ഹൗസുകൾ നിർമിക്കാൻ വകുപ്പ് നടപടി തുടങ്ങി.
വകുപ്പിന്റെ അധീനതയിലുള്ള റെസ്റ്റ് ഹൗസുകളിൽ നാലുവർഷംമുൻപാണ് ഓൺലൈൻ ബുക്കിങ് ആരംഭിച്ചത്. കണക്കുകളിൽ കൃത്യതവന്നതോടെ വരുമാനം കുതിച്ചുയർന്നു. നാലുവർഷത്തെ വരുമാനമായി 29,52,42,358 രൂപയാണ് ലഭിച്ചത്. ഒരുവർഷം എട്ടുകോടി രൂപവരെയാണ് ഇപ്പോൾ ലഭിക്കുന്നത്. മുൻപ് രണ്ടുലക്ഷം രൂപവരെയായിരുന്നു വരുമാനമായി കിട്ടിയിരുന്നത്. ഇതുവരെ 4,83,765 പേർ റെസ്റ്റ് ഹൗസുകൾ ബുക്ക് ചെയ്തു. തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയിടങ്ങളിൽനിന്നാണ് വകുപ്പിന് കൂടുതൽ വരുമാനമുണ്ടാകുന്നത്.
അതിരപ്പള്ളിയോടടുത്തായതിനാൽ ചാലക്കുടിയിലും തിരക്കുണ്ട്. ഫോർട്ട് കൊച്ചിയിലും മറ്റ് വിനോദസഞ്ചാരകേന്ദ്രങ്ങളിലും നല്ല ബുക്കിങ് നടക്കുന്നു.റെസ്റ്റ് ഹൗസുകൾ നവീകരിക്കാനും കൂടുതൽ ജനകീയവത്കരിക്കാനുമുള്ള ശ്രമങ്ങൾ ഇതോടെ വിജയം കാണുകയായിരുന്നു. കൂടുതൽ സ്ഥലങ്ങളിൽ റെസ്റ്റ് ഹൗസുകൾ നിർമിക്കുന്നത് പരിഗണിക്കാനും വരുമാനവർധന ഇടയാക്കിയിട്ടുണ്ട്. ഗുരുവായൂർക്ഷേത്രമടക്കമുള്ളിടങ്ങളിൽ പുതിയ റെസ്റ്റ് ഹൗസുകൾ നിർമിക്കാനുള്ള സ്ഥലം കണ്ടെത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുറികൾക്ക് ആവശ്യക്കാർ കൂടുതലുള്ളിടങ്ങളിലാണ് പുതിയ റെസ്റ്റ് ഹൗസുകൾ നിർമിക്കുക.
ഇതിനുപുറമേ ദീർഘദൂരയാത്രക്കാർക്ക് കൂടുതൽ സൗകര്യമൊരുക്കാൻ ദേശീയപാതയ്ക്കും പ്രധാന പാതകൾക്കും സമീപം വിശ്രമമുറികളും നിർമിക്കും.റെസ്റ്റ് ഹൗസുകളിലും ഇത്തരത്തിൽ മുറികൾ നിർമിക്കാൻ ആലോചനയുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതോടെ റെസ്റ്റ് ഹൗസുകളിൽ ഇത്തരം വാഹനങ്ങൾ ചാർജ് ചെയ്യാനുള്ള സൗകര്യവുമൊരുക്കും.

പല്ലുപോയവർക്ക് സർക്കാർ പല്ലുനൽകും, അപേക്ഷിക്കേണ്ടത് അക്ഷയ കേന്ദ്രം വഴി; വേണ്ടത് ഇക്കാര്യങ്ങൾ

കൊല്ലം: പല്ലുകൊഴിഞ്ഞ മോണകാട്ടി ചിരിക്കാൻ മടിയുള്ള മുത്തച്ഛൻമാർക്കും മുത്തശ്ശിമാർക്കും ആത്മവിശ്വാസം പകർന്ന് സാമൂഹ്യനീതി വകുപ്പിന്റെ 'മന്ദഹാസം' പദ്ധതി. കൊഴിഞ്ഞു പോയതും കേടായതുമായ പല്ലുകൾക്കു പകരം കൃത്രിമ പല്ലുകൾ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് അപേക്ഷിക്കുന്ന വയോജനങ്ങളുടെ എണ്ണം കൂടുകയാണ്. 2016ൽ ആണ് പദ്ധതി ആരംഭിച്ചത്.
ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അറുപത് വയസ് കഴിഞ്ഞവരുടെ ചിരിക്ക് തിളക്കം കൂട്ടാനാണ് മന്ദഹാസം പദ്ധതി ആരംഭിച്ചത്. ഈ വർഷം ഇതുവരെ 73 അപേക്ഷകളാണ് ജില്ലയിൽ ലഭിച്ചത്. അതിൽ 35 എണ്ണം അംഗീകരിച്ചു. ബാക്കിയുള്ളവ പരിശോധിച്ചുകൊണ്ടിരിക്കുന്നു.
പല്ലുകൾ പൂർണമായും നഷ്ടപ്പെട്ടവർ, ഭാഗികമായി നഷ്ടപ്പെട്ടവർ, ശേഷിച്ചവ ഉപയോഗമില്ലാതെ നീക്കേണ്ടിവന്നവർ എന്നിവർക്കാണ് കൃത്രിമ പല്ലിന് സഹായം നൽകുന്നത്. വയോജനസംരക്ഷണ പദ്ധതിക്ക് വേണ്ടി വകയിരുത്തിയിരിക്കുന്ന ഫണ്ടിൽ നിന്നാണ് മന്ദഹാസം പദ്ധതിക്ക് ആവശ്യമായ തുക ചെലവഴിക്കുന്നത്. 10,000 രൂപയാണ് ഒരാൾക്ക് ചെലവഴിക്കുന്നത്.



സർക്കാർ ആശുപത്രികളിലെ ദന്തൽ ഡോക്ടർമാർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നൽകണം. സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രിയിലെ ദന്തൽ ഡോക്ടർ എന്നിവർ ഉൾപ്പെടുന്ന സമിതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കും. തുക ആശുപത്രിക്ക് നേരിട്ടാണ് കൈമാറുക. ജില്ലാ ആശുപത്രി, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, ശാസ്താംകോട്ട താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലാണ് ജില്ലയിൽ പദ്ധതി പ്രകാരം പല്ലുവയ്ക്കാൻ സൗകര്യമുള്ളത്.മന്ദഹാസം പദ്ധതിക്ക് ജില്ലയിൽ മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് സാമൂഹ്യനീതി വകുപ്പ് അധികൃതർ പറയുന്നു. എല്ലാവരിലേക്കും പദ്ധതി എത്തിക്കാനാണ് ശ്രമിക്കുന്നതെന്നും അധികൃതർ വ്യക്തമാക്കി.അപേക്ഷകൾ അക്ഷയയിലെ സുനീതി പോർട്ടൽ വഴി ബി.പി.എൽ റേഷൻ കാർഡ് പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, വയസ് തെളിയിക്കുന്ന രേഖ, അഗതി മന്ദിരങ്ങളിൽ താമസിക്കുന്നവരെങ്കിൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, ശാരീരിക ക്ഷമതയുണ്ടെന്ന് തെളിയിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം.സർക്കാർ മന്ദിരങ്ങളിലെ വരുമാനമില്ലാത്ത താമസക്കാർക്ക് പ്രത്യേക പരിഗണന ജില്ല സാമൂഹിക നീതി ഓഫീസിൽ നിന്നും ആശുപത്രിയിൽ നിന്നും വിവരം അർഹരെ അറിയിക്കും
പല്ലിന്റെ അളവെടുത്താൽ ഒരു മാസത്തിനകം പുതിയ പല്ലിന്റെ സെറ്റ് സ്ഥാപിക്കും തുടർന്നുള്ള പരിചരണവും ആശുപത്രിയിൽ ലഭിക്കും

കുട്ടികളുടെ പാർക്ക് നടത്തിയ ആൾ സമരത്തിൽ

കൊല്ലം :കുട്ടികളുടെ പാർക്ക് കരാറെടുത്തു നടത്തിയിരുന്ന ഗിരീഷ്കുമാറും ഭാര്യയും ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് ഈടാക്കുന്ന നടപടിക്കെതിരേ ഡിടിപിസി ഓഫീസിൽ കുത്തിയിരിപ്പുസമരം നടത്തി. പാർക്ക് അടച്ചിട്ടിരുന്ന കോവിഡ് കാലത്തെ വൈദ്യുതിനിരക്ക് അടയ്ക്കാനാണ് വൈദ്യുതി ബോർഡ് ആവശ്യപ്പെടുന്നതെന്ന് പരാതിക്കാരൻ പറയുന്നു. ഈ കാലയളവിൽ ഫിക്സഡ് ചാർജ് അടയ്ക്കണമെന്ന് ബോർഡ് നോട്ടീസ് അയച്ചിരുന്നു.കോവിഡ് കാലത്ത് 14 മാസം പാർക്ക് അടച്ചിട്ടിരിക്കുകയായിരുന്നു. 2022 ജൂണിൽ ഡിടിപിസി സ്റ്റോപ്പ് മെമ്മോ നൽകി പാർക്കിന്റെ പ്രവർത്തനം നിർത്തിവെപ്പിച്ചിരുന്നു. പിന്നീട് ഡിടിപിസി നേരിട്ട് നടത്തിയപ്പോൾ വൈദ്യുതി വിച്ഛേദിച്ചതിനാൽ ജനറേറ്റർ ഉപയോഗിച്ചാണ് പ

ാർക്ക് പ്രവർത്തിപ്പിച്ചത്. വൈദ്യുതി വിച്ഛേദിച്ചശേഷവും മാസംതോറും 29,400 രൂപ ബിൽ വരുന്നുണ്ടെന്നും വൈദ്യുതി ബോർഡിനും മന്ത്രിക്കുമെല്ലാം നിവേദനങ്ങളും അപേക്ഷകളും നൽകിയെങ്കിലും നടപടിയുണ്ടായില്ലെന്നും ഗിരീഷ്കുമാർ പറയുന്നു. സാമ്പത്തികമായി തകർന്നതിനാൽ കൂലിവേലയ്ക്കു പോകുന്ന തനിക്ക് ഒരു തരത്തിലും പണമടയ്ക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. രാവിലെ 10.30-ന് തുടങ്ങിയ സമരം അഞ്ചരയോടെ അവസാനിപ്പിച്ചു. പ്രശ്നം പരിഹരിക്കാൻ ഡിടിപിസി സെക്രട്ടറി ബന്ധപ്പെട്ടവരുമായി ആലോചിക്കാമെന്ന് ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സമരം അവസാനിപ്പിക്കുന്നതെന്നും പരിഹരിച്ചില്ലെങ്കിൽ കുടുംബം മുഴുവനും ഇവിടെ വന്ന് സമരം ചെയ്യുമെന്നും ഗിരീഷ്കുമാർ പറഞ്ഞു. എന്നാൽ ഈ വിഷയത്തിൽ ഡിടിപിസിയല്ല, വൈദ്യുതി ബോർഡാണ് തീരുമാനമെടുക്കേണ്ടതെന്ന് ഡിടിപിസി സെക്രട്ടറി ജ്യോതിഷ് കേശവൻ വ്യക്തമാക്കി. വൈദ്യുതി ബോർഡ് റവന്യൂ റിക്കവറി ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഡിടിപിസി ഗിരീഷ്കുമാറിന് നൽകാനുള്ള തുക നൽകാൻ പറ്റാത്ത അവസ്ഥയിലാണെന്നും അദ്ദേഹം പറഞ്ഞു.

ക്യയിലോൺ ബീച്ച് ഹോട്ടലിൽ കേക്ക്

കൊല്ലം :ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങൾക്കു മുന്നോടിയായി കൊല്ലം ബീച്ച് ഹോട്ടലിൽ വ്യാഴാഴ്ച കേക്ക് മിക്സിങ് സെറിമണി നടത്തി. എക്സിക്യൂട്ടീവ് ഷെഫ് അഗസ്റ്റിന്റെ മേൽനോട്ടത്തിൽ അതിഥികളുടെ സാന്നിധ്യത്തിലായിരുന്നു കേക്ക് മിക്സിങ്. മാനേജിങ് ഡയറക്ടർ കെ. ശ്രീകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ രഞ്ജിത്ത് ശ്രീകുമാർ, ഡയറക്ടർമാരായ ഡോ. സലീല ശ്രീകുമാർ, മീനു എസ്. കുമാർ, ജനറൽ മാനേജർ രഞ്ജിത്ത് ജേക്കബ്, ഓപ്പറേഷൻ മാനേജർ ശ്രീജിൽ ശ്രീകുമാർ എന്നിവർക്കൊപ്പം ഹോട്ടലിലെ അതിഥികളും പങ്കെടുത്തു. കേക്കിനുള്ള ചേരുവകൾ ചേർത്ത് ഒന്നരമാസംമുൻപുതന്നെ മിക്സ്ചെയ്തുവയ്ക്കുന്നതാണ് രീതി.

ദുബായിലിരുന്ന് സിസിടിവി നോക്കിയപ്പോൾ നാട്ടിലുള്ള വീടിന് പുറകിലൊരാൾ; കള്ളത്തരം കയ്യോടെ പൊക്കി യുവതി

കൊല്ലം: ദുബായിൽ ഇരുന്ന് ആയൂരിലെ സ്വന്തം വീട്ടിൽ നടന്ന മോഷണം മൊബൈൽ ഫോണിലൂടെ കണ്ട് യുവതി. സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുന്നതിനിടെയാണ് മോഷ്ടാവിനെ കണ്ടത്. സംഭവത്തിൽ കുപ്രസിദ്ധ മോഷ്ടാവ് വെള്ളംകുടി ബാബുവിനെ (55) കൊട്ടാരക്കര പൊലീസ് പിടികൂടി.ആയൂർ കമ്പങ്കോട് മാപ്പിള വീട്ടിൽ ജേക്കബിന്റെ വീട്ടിലാണ് മോഷണശ്രമം നടന്നത്. ജേക്കബും ഭാര്യയും കൊല്ലത്തുള്ള

ബന്ധുവിന്റെ വീട്ടിൽ പോയിരിക്കുകയായിരുന്നു. ഈ സമയം ദുബായിലുള്ള മകൾ മൊബൈൽ ഫോണിലൂടെ വീട്ടിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കവെയാണ് കള്ളനെ ലൈവ് ആയി കണ്ടത്. തുടർന്ന് നാട്ടിലുള്ള പിതാവിനെ വിവരം അറിയിച്ചു. പിന്നീട് നാട്ടുകാരും പൊലീസും ചേർന്ന് പ്രതിയെ പിടികൂടുകയായിരുന്നു.

ആശുപത്രിയിൽ മോഷണം; ഡിഎംകെ ജില്ലാ സെക്രട്ടറിയുടെ മൃതദേഹത്തിലുണ്ടായിരുന്ന ആഭരണങ്ങൾ കാണാനില്ലെന്ന് പരാതി

കൊല്ലം: മൃ

ശബരിമലയിലെ സ്വർണക്കൊള്ളയിൽ കൂടുതൽ നടപടി

ആറന്മുളയിലെ സ്ട്രോംഗ് റൂമിൽ അമിക്കസ് ക്യൂറിയുടെ പരിശോധന

പത്തനംതിട്ട: ശബരിമലയിലെ സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് ആറന്മുളയിൽ അമിക്കസ് ക്യൂറിയുടെ പരിശോധന പുരോഗമിക്കുന്നു. ദേവസ്വം ബോർഡിന്റെ പ്രധാന സ്ട്രോംഗ് റും ആറന്മുളയിലാണുള്ളത്. ജസ്റ്റിസ് കെ ടി ശങ്കരനും തിരുവാഭരണ കമ്മീഷണറും അടങ്ങുന്ന സംഘമാണ് ഇവിടെ പരിശോധന നടത്തുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ സന്നിധാനത്തും അമിക്കസ് ക്യൂറി പരിശോധനയ്ക്കായി എത്തിയിരുന്നു. ശബരിമലയിൽ വിലപിടിപ്പുള്ള വസ്തുക്കൾ കാണിക്കയായി ലഭിച്ചാൽ പ്രധാനമായും ആറന്മുളയിലെ അതീവ സുരക്ഷയുള്ള സ്ട്രോംഗ് റൂമിലേക്കാണ് മാറ്റാറുള്ളത്. വസ്തുക്കളുടെ കണക്കെടുപ്പാണ് ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് കെ ടി ശങ്കരനും സംഘവും നടത്തുന്നത്. സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് വിവാദങ്ങളുയർന്നതിനു പിന്നാലെയാണ് നീക്കം. ഇവിടെയുണ്ടായിരുന്ന അമൂല്യ വസ്തുക്കളിൽ എന്തെങ്കിലും കുറവുള്ളതായി കണ്ടെത്തുകയാണെങ്കിൽ കൂടുതൽ നിയമനടപടികളിലേക്ക് കടക്കാനാണ് കോടതിയുടെ തീരുമാനം. ശബരിമലയിൽ ഭക്തർ വിലപിടിപ്പുള്ള വസ്തുക്കൾ സമർപ്പിച്ചാൽ മഹസർ എഴുതി ഏഴ് ദിവസത്തിനുള്ളിൽ അവ സ്ട്രോംഗ് റൂമിലേക്ക് മാറ്റണമെന്നാണ് ചട്ടം. ഈ വിഷയങ്ങളിലടക്കം പരിശോധന നടത്തും. കഴിഞ്ഞ കുറേ കാലമായി ആറന്മുളയിലെ സ്ട്രോംഗ് റൂമിൽ കണക്കെടുപ്പ് നടന്നിരുന്നില്ല. അതേസമയം, ശബരിമല സ്വർണക്കൊള്ളയിൽ കൃത്യമായ അന്വേഷണമാണ് നടക്കുന്നതെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത് അറിയിച്ചു. സ്വർണക്കൊള്ള മറച്ചുവയ്ക്കാനാണ് ദേവസ്വം ബോർഡ് സ്പെഷ്യൽ കമ്മീഷണറെ അറിയിക്കാതെ ഇരുന്നതെന്നാണ് കോടതിയുടെ നിരീക്ഷണം. ബോർഡിന് പറ്റിയ തെറ്റാണതെന്ന് മനസിലാക്കി ബന്ധപ്പെട്ട അധികാരികൾക്ക് ദേവസ്വം ബോർഡ് വിശദീകരണ നോട്ടീസ് നൽകുകയായിരുന്നുവെന്നും പ്രശാന്ത് പറഞ്ഞു.



മലയോരത്തിന് അഭിമാനമായി പുതുപുത്തൻ റോഡുകൾ

പത്തനംതിട്ട : ശബരിമല വികസനത്തിന് കഴിഞ്ഞ നാല് വർഷത്തിനിടെ പൊതുമരാമത്ത് വകുപ്പ് ചെലവാക്കിയത് 1107.24 കോടി രൂപ. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 879.44 കോടി രൂപ ചെലവഴിച്ചു. റോഡുകളും പാലങ്ങളും നിർമ്മിക്കാനാണ് കൂടുതൽ തുകയും ചെലവാക്കിയത്.ജില്ലയിലെ മിക്ക റോഡുകളും ഉന്നത നിലവാരത്തിൽ നിർമ്മിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്ത ഏഴംകുളം - കൈപ്പട്ടൂർ റോഡ് ഈ വർഷത്തെ പ്രധാന പദ്ധതിയാണ്. മന്ത്രി മുഹമ്മദ് റിയാസാണ് റോഡ് ഉദ്ഘാടനം ചെയ്തത്. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷനായിരുന്നു.

മഞ്ഞക്കടമ്പ് - മാവനാൽ ട്രാൻസ് ഫോർമർ ജംഗ്ഷൻ - ആനകുത്തി - കുമ്മണ്ണൂർ കല്ലേരി റോഡ് നിർമാണോദ്ഘാടനം കുമ്മണ്ണൂരിൽ മന്ത്രി നിർവഹിച്ചു. കോന്നി - വെട്ടൂർ - കൊന്നപ്പാറ റോഡ് കോന്നി മാർക്കറ്റ് ജംഗ്ഷനിൽ നിന്ന് ആരംഭിക്കും. ജില്ലാ പ്രതീക്ഷയോടെ കാത്തിരുന്ന കോന്നി മെഡിക്കൽ കോളേജ് ആധുനിക നിലവരത്തിൽ 18 കോടി ചെലവിലാണ് നിർമ്മിക്കുന്നത്. ഇതിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജില്ലയിലെ റോഡുകളുടെ നിലവാരം ഉയർത്തി. ശബരിമല പാക്കേജിൽ ഉൾപ്പെടുത്തിയതിനാൽ ജില്ലയിലെ മിക്ക റോഡുകളും ഉന്നത നിലവാരത്തിൽ നിർമ്മിക്കാൻ കഴിഞ്ഞു. പുനലൂർ - മൂവാറ്റുപുഴ റോഡ് നവീകരിച്ചു. നാലുവർഷത്തിനിടെ പകുതിയിലധികം റോഡുകളും ബി എം ആൻഡ് ബി സി നിലവാരത്തിലേക്ക് മാറി. അരുവാപ്പുലം പഞ്ചായത്തിലെ നൂറു ശതമാനം പാതുമരാമത്ത് റോഡുകളും ബി എം ബി സി നിലവാരത്തിലായി.വരുന്ന തീർത്ഥാടനത്തിന് മുൻപ് റോഡ് നിർമ്മാണങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ പ്രത്യേക കോർ ടീം രൂപീകരിച്ചു. മന്ത്രി മുഹമ്മദ് റിയാസിന്റെ മേൽനോട്ടത്തിൽ അതത് പ്രദേശങ്ങളിലെ എം.എൽ.എമാരും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും ചേരുന്നതാണ് കോർ ടീം. പ്രവൃത്തി വിലയിരുത്തുന്നതിന് ചീഫ് എൻജിനീയർ, ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തും. റോഡ് നിർമാണത്തിലെ കാര്യക്ഷമത ഉറപ്പുവരുത്തുന്നത് കോർ ടീമാണ്. അടിസ്ഥാന സൗകര്യമേഖലയിൽ കഴിഞ്ഞ ഒൻപത് വർഷത്തിനിടെ വൻ കുതിച്ചു ചാട്ടമാണുണ്ടായത്. പുതിയ റോഡുകളും പാലങ്ങളും ഉന്നത നിലവാരത്തിൽ നിർമ്മിക്കാൻ കഴിഞ്ഞു.മന്ത്രി മുഹമ്മദ് റിയാസ്



ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട 16കാരിയെ ലൈംഗികമായി പീഡിപ്പിച്ച 19കാരൻ അറസ്റ്റിൽ

പത്തനംതിട്ട: ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട 16കാരിയെ ലൈംഗികമായി പീഡിപ്പിച്ച 19കാരൻ അറസ്റ്റിൽ. പട്ടാഴി തെക്കേക്കര പുക്കുന്നുമല അനിതഭവനിൽ ജിതിനാണ് (19) ഏനാത്ത് പൊലീസിന്റെ പിടിയിലായത്. പെൺകുട്ടിയെ കുന്നിട അഞ്ചുമലപ്പാറയിൽ കൂട്ടിക്കൊണ്ടുപോയാണ് ജിതിൻ പീഡിപ്പിച്ചത്.പെൺകുട്ടി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്. പത്തനംതിട്ട അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി ഒന്നിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ക്ഷേത്രത്തിലെ പൂജക്കായി പൂപറിക്കുന്നതിനിടെ അപകടം; കഴകം ഷോക്കേറ്റ് മരിച്ചു

പത്തനംതിട്ട: ക്ഷേത്ര കഴകം ഷോക്കേറ്റ് മരിച്ചു. പത്തനംതിട്ടയിൽ ഇന്ന് വൈകിട്ടോടെയാണ് സംഭവം. പത്തനംതിട്ട അയിരൂർ രാമേശ്വരം ക്ഷേത്രത്തിലെ കഴകം ബിനുകുമാർ (45) ആണ് മരിച്ചത്. അയിരൂർ സ്വദേശിയാണ്.ക്ഷേത്രത്തിലെ പൂജക്കായി കുവളത്തി റിപ്പോർട്ടിംഗിലാണ്

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഭിന്നശേഷി കലോത്സവം ചിലമ്പൊലി

ചാരുംമൂട്: ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഭിന്നശേഷി കലോത്സവം ചിലമ്പൊലി - 2025 എം.എസ്.അരുൺ കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.രജനി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം നികേഷ് തമ്പി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി.പുരുഷോത്തമൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എ.എം.ഹാഷിർ, ആർ.സുജ , കെ.സുമ അംഗങ്ങളായ ശ്യാമള ദേവി, അഡ്വ. കെ.വിജയൻ,എസ്.ബൃന്ദ ,ശാന്തി സുഭാഷ്, സെക്രട്ടറി സി.വി. അജയകുമാർ, സേവ് ആൻഡ് ഫാമിലി എക്സിക്യൂട്ടീവ് അംഗം പൊന്നമ്മ,ഷംസുദീൻ, കെടി.ഷീബ തുടങ്ങിയവർ സംസാരിച്ചു. സമാപന സമ്മേളനത്തിൽ സമ്മാനദാനവും പ്രതിഭകളെ ആദരിക്കലും നടന്നു.

എ സി റോഡ് നിർമ്മാണം ഡിസംബറിൽ പൂർത്തിയാകും

ആലപ്പുഴ: എ സി റോഡ് നിർമ്മാണം 95 ശതമാനം പൂർത്തിയായതായും ഡിസംബറോടെ റോഡ് ഗതാഗത സജ്ജമാകുമെന്നും ജില്ലാ വികസന സമിതി. ഡെപ്യൂട്ടി കളക്ടർ ആർ സുധീഷിന്റെ അധ്യക്ഷതയിൽ ആസൂത്രണസമിതി ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിലാണ് കെ എസ് ടി പി അധികൃതർ ഇക്കാര്യം അറിയിച്ചത്. യോഗത്തിൽ എംഎൽഎമാരായ പി പി ചിത്തരഞ്ജൻ, തോമസ് കെ തോമസ് എന്നിവർ പങ്കെടുത്തു.

ഹൗസ് ബോട്ട് മലിനജലം ഹൗസ് ബോട്ടിനുള്ളിൽ വെച്ച് സംസ്കരിക്കുന്നതിന് ഹൗസ് ബോട്ട് ഉടമകളുടെ അസോസിയേഷനുമായി ധാരണപത്രം ഒപ്പിട്ടതായും കൈനകരിയിൽ എസ് ടി പി നിർമ്മാണം തുടങ്ങിയതായും പി പി ചിത്തരഞ്ജൻ എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി ജില്ലാ ശുചിത്വ മിഷൻ കേ ഓഡിനേറ്റർ യോഗത്തെ അറിയിച്ചു. പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി പുറക്കാട് വില്ലേജിലെ മണ്ണുംപുറത്ത് നിർമ്മിക്കുന്ന ഫ്ലാറ്റുകളിലേക്ക് മാറിത്താമസിക്കാൻ ജില്ലയിലെ 26 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സന്നദ്ധരായതായും ഫ്ലാറ്റ് സമുച്ചയത്തിലെ 50 ഫ്ലാറ്റുകൾ അതിദരിദ്ര കുടുംബങ്ങൾക്ക് അനുവദിക്കുമെന്നും എച്ച് സലാം എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ജില്ലാ കോടതിപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർമ്മാണപ്രവൃത്തികൾക്ക് തടസ്സമായ മത്സ്യകന്യകയുടെ ശിൽപം സൈറ്റിൽ നിന്ന് നീക്കി നിർമ്മാണപ്രവൃത്തി തുടരാൻ തീരുമാനിച്ചതായി കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ആലപ്പുഴ മൊഗാടുറിസം സർക്യൂട്ടുമായി ബന്ധപ്പെട്ട് നിർമ്മാണം പൂർത്തീകരിച്ച എല്ലാ ഹൗസ് ബോട്ട് ടെർമിനലുകളും ഡിടിപിസിക്ക് കൈമാറിയതായി വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനലിന്റെ ലൈസൻസിയും താൽക്കാലിക നിർമ്മാണപ്രവൃത്തികളും പൂർത്തീകരിച്ചതായും ഉടൻ ഉദ്ഘാടനം നടത്തി ടെർമിനൽ പ്രവർത്തനം ആരംഭിക്കുമെന്നും ഡിറ്റിപിസി സെക്രട്ടറി യോഗത്തെ അറിയിച്ചു. കുട്ടനാട് പ്രദേശത്ത് ഉച്ച വേലിയേറ്റം മൂലം വീടുകളിലേക്ക് വെള്ളം കയറുന്നത് തടയുന്നതിന് ജലസേചന, കൃഷി വകുപ്പുകൾ സംയുക്തപരിശോധന നടത്തുകയും നാൽക്കവലയാർ ഭാഗത്തും ചെമ്പ് തോട് പുളിക്കീഴ് ആറുമായി ചേരുന്ന ഭാഗത്തും ഷട്ടർ സ്ഥാപിച്ചാൽ പ്രശ്നപരിഹാരമാവുമെന്ന് കണ്ടെത്തിയതായും അതിനുള്ള നടപടികൾ ആരംഭിച്ചതായും ജലസേചന വകുപ്പ് അധികൃതർ അറിയിച്ചു.

കായംകുളം ഗവ. ടൗൺ യുപിഎസിന്റെ പഴയ കെട്ടിടം പൊളിച്ചു നീക്കിയതായും പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചതായും വിദ്യാഭ്യാസ ഡെ. ഡയറക്ടർ അറിയിച്ചു. അരൂർ-തുറവൂർ ഉയരപ്പാതയുടെ ഭാഗങ്ങളിൽ കാനകൾ അടഞ്ഞ് കിടക്കുന്നത് മൂലം വീടുകൾ വെള്ളക്കെട്ടിലാകുന്നത് സംബന്ധിച്ച് കെ സി വേണുഗോപാൽ എം പി ഉയർത്തിയ പരാതിയിൽ മേഖലയിൽ 6 കി.മീ ഡ്രെയിനേജ് പൂർത്തിയായതായി എൻ എച്ച് എ ഐ അധികൃതർ അറിയിച്ചു.

കുട്ടനാട്ടിൽ രണ്ടാം കൃഷി വിളവെടുപ്പ് സമയമാണെന്നും കൊയ്ത്ത് യന്ത്രത്തിന് ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കണമെന്നും നെല്ലെടുപ്പുമായി ബന്ധപ്പെട്ട്മില്ലുകളുമായി ഒത്തുതീർപ്പിലെത്തണമെന്നും കൊടിക്കുന്നിൽ സുരേഷ് എം പി യുടെ പ്രതിനിധി ആവശ്യപ്പെട്ടു. തകഴി ഫയർ സ്റ്റേഷൻ നിലവിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചതായി തോമസ് കെ തോമസ് എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി പൊതുമരാമത്ത് വകുപ്പ് കെട്ടിട നിർമാണ വിഭാഗം അറിയിച്ചു. ചക്കുളത്തുകടവ് പാലം നിർമാണം പൂർത്തിയായതായും ശാർങ്ങക്കാവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്ത് കൈമാറിയതായും അപ്രോച്ച് റോഡ് നിർമാണം പുരോഗമിക്കുന്നതായും പൊതുമരാമത്ത് പാലം വിഭാഗം യോഗത്തെ അറിയിച്ചു. ജില്ലയിലെ നവകേരള സദസ്സ് പദ്ധതികളുടെ അവലോകനം, പ്ലാൻ സ്പേസ്, എം പി ലാഡ്സ്, എംഎൽഎ, എൽ എസ് ജി ഐ പദ്ധതികളുടെ പുരോഗതി അവലോകനം, മാലിന്യമുക്തം നവകേരളം പ്രവർത്തനങ്ങളുടെ അവലോകനം എന്നിവയും യോഗത്തിൽ നടന്നു. ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലയിലെ എം പി, എം എൽ എമാരുടെ പ്രതിനിധികൾ, ജില്ലാ പ്ലാനിങ് ഓഫീസർ ലിറ്റി മാത്യു, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

കെൽട്രോൺ ക്രാസ്നി ഡിഫൻസ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് (കെകെഡിഎസ്) കമ്പനിയുടെ ഇലക്ട്രോണിക് ഇന്റഗ്രേഷൻ ബേയുടെ ശിലാസ്ഥാപനം വ്യവസായവകുപ്പ് മന്ത്രി പി രാജീവ് ആരൂർ കെൽട്രോണിൽ നിർവഹിക്കുന്നു

വിളിച്ചിട്ട് ഫോണെടുത്തില്ല; അഞ്ചുമാസം ഗർഭിണിയായ കാമുകി വീട്ടിലെത്തി

ഹരിപ്പാട്: അഞ്ചുമാസം ഗർഭിണിയായ പതിനേഴുകാരി കാമുകനെ അന്വേഷിച്ച് വീട്ടിലെത്തി. ഇതോടെ യുവാവ് പോക്സോ കേസിൽ അകത്തുമായി. ഹരിപ്പാടിന് സമീപത്തായിരുന്നു സംഭവം.പലവട്ടം ഫോൺവിളിച്ചിട്ടും എടുക്കാതായതോടെയാണ് പെൺകുട്ടി 23കാരനായ കാമുകനെ അന്വേഷിച്ച് വീട്ടിലെത്തിയത്. ഹരിപ്പാട് താമല്ലാക്കല്ല് സ്വദേശിയാണ് ഇയാൾ. പെൺകുട്ടി വീട്ടിലെത്തിയതോടെ യുവാവിന്റെ വീട്ടുകാർ ഭയന്നുപോയി. അവർ പൊലീസിനെ വിളിച്ചറിയിച്ചു. സ്ഥലത്തെത്തിയ പൊലീസ് പെൺകുട്ടിയിൽ നിന്ന് വിവരങ്ങൾ ചോദിച്ചറിഞ്ഞു. അപ്പോഴാണ് പീഡനവിവരം പെൺകുട്ടി അറിയിച്ചത്.2023ലാണ് സോഷ്യൽ മീഡിയയിലൂടെ ഇരുവരും പരിചയപ്പെടുന്നത്. തുടർന്ന് പ്രണയമായി. പെൺകുട്ടിയെ ബൈക്കിൽ കയറ്റി ആലപ്പുഴ ടൗണിലെ ലോഡ്ജിൽ എത്തിച്ച് ലൈംഗികമായി പീഡിപ്പിച്ചു. പിന്നീട് ബംഗളൂരുവിൽ പഠിക്കാൻ പോയപ്പോൾ അവിടെ താമസസ്ഥലത്തെത്തിയും പീഡിപ്പിച്ചെന്നും പെൺകുട്ടി പൊലീസിന് മൊഴിനൽകുകയായിരുന്നു. ഇതോടെ പോക്സോ, പട്ടികജാതി അതിക്രമം തടയൽ നിയമം എന്നിവ പ്രകാരം യുവാവിനെതിരെ പൊലീസ് കേസെടുത്തു.

വികസന സദസ്സ്: ലൈഫ് പദ്ധതിയിൽ ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിൽ നിർമ്മിച്ചു നൽകിയത് 148 വീടുകൾ

ആലപ്പുഴ: ലൈഫ് ഭവന പദ്ധതിയിലൂടെ പഞ്ചായത്തിലെ 148 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയതായും 73 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകിയതായും ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്ത് വികസന സദസ്സ്. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച സദസ്സ് ജില്ലാ പഞ്ചായത്തംഗം ജി ആതിര ഉദ്ഘാടനം ചെയ്തു. പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി 90 റോഡുകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയതായും 15.28 കോടി രൂപയുടെ എംഎൽഎ ഫണ്ട് ഉപയോഗിച്ച് 26 റോഡുകളുടെ നവീകരണം പൂർത്തീകരിച്ചതായും സദസ്സിൽ അവതരിപ്പിച്ച പ്രോഗ്രസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി 90 ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ സേവനം നൽകുന്നു. സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനത്തിന്റെ ഭാഗമായി 7064 വീടുകളിൽ നിന്നും 356 സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം നടത്തിവരുന്നുണ്ട്. 25 ലക്ഷം രൂപ ചെലവഴിച്ച് എംസിഎഫ് നിർമ്മാണത്തിനായി സ്ഥലം വാങ്ങുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

വികസന സദസ്സ്

എംഎൽഎ ഫണ്ട് ഉപയോഗിച്ച് 1.38 കോടി രൂപ ചെലവിൽ ഫിഷ് ലാൻഡിങ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചതായും 1.75 കോടി രൂപ നെൽകൃഷി വികസനത്തിനായി മാത്രം അനുവദിച്ചതായും പ്രോഗ്രസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ഫിലേന്ദ്രൻ അധ്യക്ഷയായി. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാദാസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുകുമാരി തങ്കച്ചൻ, പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ ദിപു പടകത്തിൽ, ഉമ താരാനാഥ്, പഞ്ചായത്തംഗങ്ങളായ പ്രസന്ന കുമാരി, കെ വിനു, അജിത ദേവരാജൻ, ലീലാമ്മ ഡാനിയേൽ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ വിജയകുമാർ, സിഡിഎസ് ചെയർപേഴ്സൺ ലേഖ സജീവ്, പഞ്ചായത്ത് സെക്രട്ടറി എസ് മധു മോഹൻ, ഹരിതകർമ്മസേനാംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പാലമേൽ ഇക്കോ ടൂറിസത്തിന് ഒരു കോടി അനുവദിക്കും: എം എസ് അരുൺകുമാർ എംഎൽഎ

വയ്യാങ്കരച്ചിറ: ഇക്കോ ടൂറിസത്തിനുശേഷം മാവേലിക്കര മണ്ഡലത്തിലെ ഏറ്റവും വലിയ ടൂറിസം കേന്ദ്രമായി പാലമേൽ പഞ്ചായത്തിനെ മാറ്റുമെന്നും 10 കോടി രൂപ ചെലവ് വരുന്ന ഇക്കോ വില്ലേജ് ടൂറിസത്തിന് ഒരു കോടി രൂപ ഉടൻ അനുവദിക്കുമെന്നും എം എസ് അരുൺകുമാർ എംഎൽഎ പറഞ്ഞു. പാലമേൽ ഗ്രാമപഞ്ചായത്ത് വികസന സദസ്സ് നൂറനാട് എസ് എൻ വിവേക് വിദ്യാമന്ദിറിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാലമേൽ പഞ്ചായത്തിൽ അങ്കണവാടികൾക്ക് മാത്രമായി ഒരു കോടി രൂപ അനുവദിക്കുമെന്നും നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഒരു ദിവസം 200 ഡയാലിസിസ് ചെയ്യാൻ സാധിക്കുന്ന ആധുനിക ഡയാലിസിസ് കേന്ദ്രം ആരംഭിക്കുമെന്നും എംഎൽഎ പറഞ്ഞു. പഞ്ചായത്തിന്റെ വികസന രേഖയായ 'സമീക്ഷ' പ്രകാശനവും എംഎൽഎ നിർവഹിച്ചു. ലൈഫ് ഭവന പദ്ധതിയിലൂടെ 496 വീടുകൾ പൂർത്തീകരിച്ചു നൽകിയതായി സദസ്സിൽ അവതരിപ്പിച്ച

പ്രോഗ്രസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി 1.02 കോടി രൂപയും പാലിയേറ്റീവ് കെയർ മേഖലയിൽ 64.78 ലക്ഷം രൂപയും ചെലവഴിച്ചു. അങ്കണവാടികൾ മുഖേന ആറുമാസം മുതൽ ആറുവയസ്സ് വരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും 1.90 കോടി രൂപ ചെലവിൽ അനുപൂരക പോഷകാഹാരം നൽകുന്നു. ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിനായി പഞ്ചായത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പായി 70.15 ലക്ഷം രൂപയും നൽകി. 36 അംഗങ്ങളുള്ള ഹരിതകർമ്മസേന എല്ലാ മാസവും അഞ്ച് ടൺ മാലിന്യം ശേഖരിക്കുന്നു. കാർഷിക മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നെൽകൃഷിക്കായി 1.18 കോടി രൂപ ചെലവഴിച്ചതായും കാട്ടുപന്നി ശല്യം ഒഴിവാക്കുന്നതിന് തരിശുരഹിത പാലമേൽ പദ്ധതിയിലൂടെ 536 കർഷകർക്ക് 14.31 ലക്ഷം രൂപ അനുവദിച്ചതായും പ്രോഗ്രസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ബി വിനോദ് അധ്യക്ഷനായി. പഞ്ചായത്ത് സെക്രട്ടറി വിരാജ് തമ്പുരാൻ പഞ്ചായത്തിന്റെ വികസന നേട്ടങ്ങളും അസിസ്റ്റ് സെക്രട്ടറി എസ് ലക്ഷ്മി സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങളും അവതരിപ്പിച്ചു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് രജനി, ജില്ലാ പഞ്ചായത്തംഗം എസ് തുഷാര, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ കെ സുമ, ആർ സുജ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് നദീറ നൗഷാദ്, സ്ഥിരംസമിതി അധ്യക്ഷ കെ അക്ഷിത, പഞ്ചായത്തംഗങ്ങളായ രാജലക്ഷ്മി, അനിൽകുമാർ, ഐ ആശ, സുമി ഉദയൻ, എൽ വത്സല, ദീപാ പ്രസന്നൻ, എൽ സജികുമാർ, സുമ തോമസ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

20 വർഷം കഠിനതടവ് വിധിച്ച് കോടതി

കോട്ടയം: ഭിന്നശേഷിക്കാരിയെ പീഡിപ്പിച്ച പ്രതിക്ക് 20 വർഷം കഠിനതടവ് വിധിച്ച് കോടതി. കോട്ടയം മീനച്ചിലിൽ ഭിന്നശേഷിക്കാരിയായ യുവതിയെ പീഡിപ്പിച്ച അയൽവാസി വള്ളിച്ചിറ സ്വദേശി ടി ജി സജിക്കാണ് 20 വർഷം കഠിനതടവ് വിധിച്ചത്. ഈരാറ്റുപേട്ട ഫാസ്റ്റ് ട്രാക്ക് പോക്സോ സ്പെഷ്യൽ കോടതിയാണ് ശിക്ഷ വിധിച്ചത്. 2021 ഓഗസ്റ്റിലാണ് കേസിനാസ്പദമായസംഭവം ഉണ്ടായത്. പ്രതിക്ക് ഒരു ലക്ഷം രൂപ പിഴയും വിധിച്ചിട്ടുണ്ട്. പിഴ തുക അതിജീവിതയ്ക്ക് നൽകണം.അതേസമയം, ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട 16കാരിയെ ലൈംഗികമായി പീഡിപ്പിച്ച 19കാരൻ അറസ്റ്റിൽ. പട്ടാഴി തെക്കേക്കര പുക്കുന്നുമല അനിതഭവനിൽ ജിതിനാണ് (19) ഏനാത്ത് പൊലീസിന്റെ പിടിയിലായത്. പെൺകുട്ടിയെ കുന്നിട അഞ്ചുമലപ്പാറയിൽ കൂട്ടിക്കൊണ്ടുപോയാണ് ജിതിൻ പീഡിപ്പിച്ചത്. പെൺകുട്ടി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്. പത്തനംതിട്ട അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി ഒന്നിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

വാഴൂരിൽ ഒരുങ്ങുന്നു കുട്ടികൾക്കായി പാർക്ക്

വാഴൂർ അഞ്ചാം വാർഡിൽ വലിയതോടിനോട് ചേർന്ന് പൊത്തംപ്ലാക്കലിന് സമീപത്തെ ഉപയോഗശൂന്യമായി കിടന്ന സ്ഥലമാണ് പഞ്ചായത്ത് കുട്ടികളുടെ പാർക്കായി മാറ്റുന്നത്. നാലുവർഷം മുമ്പ് ഇവിടം നക്ഷത്ര ജലോത്സവ വേദിയാക്കി മാറ്റിയിരുന്നു. കാടും പടർപ്പും പിടിച്ചു കിടന്ന 15 സെന്റോളം സ്ഥലമാണ് പഞ്ചായത്ത് മാതൃകാപരമായ രീതിയിൽ മാറ്റിയെടുത്തത്. ഇതിന് മുന്നോടിയായി ഇവിടെ നടപ്പാതകളടക്കം നിർമിച്ച് വയോജനങ്ങൾക്ക് പ്രഭാത-സായാഹ്ന നടത്തത്തിനും വ്യായാമം ചെയ്യാനുമുള്ള ഇടമാക്കി മാറ്റിയിരുന്നു. പത്തുലക്ഷം രൂപ മുടക്കിയാണ് ആദ്യ ഘട്ടത്തിൽ നടപ്പാതയും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയത്. ഇപ്പോൾ 15 ലക്ഷം രൂപ മുടക്കിയാണ് പാർക്ക് നിർമിക്കുന്നത്. പാർക്ക് പൂർത്തിയാകുന്നതോടെ എല്ലാവർക്കും രാവിലെയും വൈകീട്ടും കുട്ടികളുമായി ഇവിടെയെത്തി സമയം ചെലവഴിക്കാൻ കഴിയും. കുട്ടികൾക്ക് വിനോദത്തിനുള്ള നിരവധി ഉപകരണങ്ങളാണ് നിലവിൽ സ്ഥാപിച്ചത്. ഇരിപ്പിടങ്ങൾ, വേവ് സ്ലൈഡ്, ഡബിൾ സ്വിങ്, സിംഗിൾ സീസോ, സർക്കുലർ സ്വിങ്, ഡക്ക് മാനേജർ, ഹോഴ്സ് സ്പ്രിങ് റൈഡർ, പോണി സ്പ്രിങ് റൈഡർ തുടങ്ങിയ ഉപകരണങ്ങളാണ് നിലവിൽ സ്ഥാപിച്ചത്. ഉദ്യാനം, അലങ്കാര വിളക്കുകൾ സ്ഥാപിക്കൽ അടക്കമുള്ള വൈദ്യുതീകരണവും നടത്തും. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ കുട്ടികളുടെ പാർക്ക് നാടിന് തുറന്നുനൽകുമെന്ന് വാർഡംഗം വി.പി. റെജി പറഞ്ഞു.

മുരാരി ബാബു കൂറ്റൻ വീടുനിർമ്മിച്ചത് സ്വർണക്കടത്ത് സമയത്ത്, തേക്ക് വാങ്ങിയത് ക്ഷേത്രാവശ്യത്തിനെന്നു പറഞ്ഞ്

കോട്ടയം: ശബരിമല സ്വർണകവർച്ചയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ മുരാരി ബാബു പെരുന്നയിൽ കോടികൾ ചെലവിട്ട് നിർമ്മിച്ച സ്വന്തം വീട്ടിലേക്കുള്ള തേക്കുതടികൾ വാങ്ങിയത് ക്ഷേത്രാവശ്യങ്ങൾക്കെന്ന് തെറ്റിദ്ധരിപ്പിച്ചാണെന്ന് റിപ്പോർട്ട്. തിരുനക്കര, ഏറ്റുമാനൂർ ക്ഷേത്രങ്ങളിലേക്കും ദേവസ്വം ഗസ്റ്റ് ഹൗസിലേക്കുള്ള പണികൾക്കും തേക്കുതടികൾ ആവശ്യമാണെന്നു പറഞ്ഞ് ബന്ധപ്പെട്ടത് കോട്ടയം നട്ടാശേരിയിലെ വനംവകുപ്പിന്റെ തടിഡിപ്പോയിലാണ്. എന്നാൽ അവിടെ തടി സ്റ്റോക്കില്ലെന്ന് പറഞ്ഞതോടെ പരിചയത്തിലുള്ളയാളുടെ ഡിപ്പോയിൽ നിന്ന് ഏർപ്പാടാക്കിത്തരാൻ മുരാരി ബാബു ആവശ്യപ്പെട്ടു. വനംവകുപ്പ് ഉദ്യോഗസ്ഥർ വിളിച്ചുപറഞ്ഞതോടെ ഈ ഡിപ്പോയിൽ നിന്ന് തടി നൽകുകയായിരുന്നു. എന്നാൽ തിരുനക്കരയിലും ഏറ്റുമാനൂരിലും ഈസമയത്ത് ഇത്രയധികം തടിപ്പണികളൊന്നും നടന്നിട്ടില്ലെന്നാണ് ദേവസ്വം ഉദ്യോഗസ്ഥർ പറയുന്നത്. ഏറ്റുമാനൂർ ക്ഷേത്രത്തിലെ പടിഞ്ഞാറേ നടയിലെ കട്ടിള മാറ്റാനായി പാഴ്ത്തടി എത്തിച്ചെങ്കിലും ഉപദേശക സമിതിയുടെ എതിർപ്പുമൂലം പണി നടന്നില്ല.2019ലാണ് പെരുന്നയിൽ രണ്ടുനിലകളുള്ള വീട് മുരാരി ബാബു നിർമ്മിച്ചത്. വീടിനുമാത്രം രണ്ടുകോടിയോളം രൂപ ചെലവിട്ടിട്ടുണ്ടെന്നാണ് കരുതുന്നത്. തടി ഉരുപ്പടികൾ ഉൾപ്പെടെ മുന്തിയ സാധനങ്ങൾ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ശബരിമലയിൽ നിന്ന് സ്വർണപ്പാളി കടത്തിയതും വീടുനിർമ്മിച്ചതും ഒരേ കാലയളവിലാണെന്ന് അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. അതിനാൽത്തന്നെ വീടുനിർമ്മാണത്തിനുള്ള സാമ്പത്തികസ്രോതസ് സംബന്ധിച്ചും അന്വേഷണം നടക്കുന്നുണ്ട്. കഴിഞ്ഞദിവസം മുരാരി ബാബുവിനെ കസ്റ്റഡിയിലെടുത്തതും പെരുന്നയിലെ വീട്ടിൽ നിന്നായിരുന്നു. അതേസമയം, മുരാരിബാബുവിനെ കസ്റ്റഡിയിൽ കിട്ടാൻ പ്രത്യേക അന്വേഷണസംഘം കോടതിയിൽ അപേക്ഷ നൽകി.

'കുട്ടിക്കളിയല്ല, കാര്യം സീരിയസാണ്'; രാഷ്ട്രപതിയുടെ സന്ദർശനത്തിനിടെ നിയമംലംഘിച്ച യുവാക്കൾക്കെതിരെ നടപടി

കോട്ടയം: രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പാലാ സന്ദർശനത്തിനിടെ വാഹന നിയന്ത്രണം ഏർപ്പെടുത്തിയ റോഡിലൂടെ അതിക്രമിച്ച് കയറിയ യുവാക്കൾക്കെതിരേ പോലീസ് നടപടി. കേരള പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജിലൂടെയാണ് ഇക്കാര്യം പുറത്തുവിട്ടത്. നിയമലംഘനവും അതിന്റെ പ്രത്യാഘാതങ്ങളും വ്യക്തമാക്കുന്ന ഒരു ട്രോൾ രൂപേണയാണ് പോലീസ് വിവരം പങ്കുവെച്ചിരിക്കുന്നത്.'കുട്ടിക്കളിയല്ല, കാര്യം സീരിയസാണ്. രാഷ്ട്രപതിയുടെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട ഗതാഗത ക്രമീകരണങ്ങൾ ഭേദിച്ച് പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കാതെ അപകടകരമായ രീതിയിൽ വാഹനമോടിച്ച യുവാക്കൾ പിടിയിൽ', കേരള പോലീസ് ഇൻസ്റ്റഗ്രാമിൽ കുറിച്ചു. കെ എൽ 06 ജെ 6920 എന്ന



നമ്പരിലുള്ള ബൈക്കിലാണ് യുവാക്കൾ എത്തിയത്.മൂന്നുപേർ ബൈക്കിൽ നിയന്ത്രിത മേഖലയിലേക്ക് പ്രവേശിക്കുന്നത് കാണിച്ചുകൊണ്ടാണ് വീഡിയോ ആരംഭിക്കുന്നത്. ബൈക്ക് ഓടിച്ചിരുന്നയാൾ മാത്രമാണ് ഹെൽമെറ്റ് ധരിച്ചിരുന്നത്. ഒരു പോലീസ് ഉദ്യോഗസ്ഥൻ അവരെ തടയാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവർ വെട്ടിച്ച് വേഗത്തിൽ ഓടിച്ചുപോകുന്നു. കേരളം മുഴുവൻ കാണാൻ കാത്തിരുന്ന വീഡിയോ, എന്ന് ആരാൾ കമന്റ് ചെയ്തു. ഈ വാർത്ത കണ്ടപ്പോൾ ഒരു സമാധാനം തോന്നിയെന്നും ഇതിനായി കാത്തിരിക്കുകയായിരുന്നുവെന്നും മറ്റു ചിലരും കുറിച്ചു.

കോട്ടയത്ത് ട്രെയിനിടിച്ച് വയോധികൻ മരിച്ചു

കോട്ടയം: കുമാരനല്ലൂരിൽ ട്രെയിനിടിച്ച് വയോധികൻ മരിച്ചു. ഇന്ന് രാത്രി എട്ട് മണിയോടെയായിരുന്നു സംഭവം നടന്നത്. എറണാകുളം - കൊല്ലം മെമു ട്രെയിനാണ് ഇടിച്ചത്. മൃതദേഹം മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി. ആളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല.ഗാന്ധിനഗർ പൊലീസാണ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചത്. അപകടത്തെ തുടർന്ന് തിരുവനന്തപുരത്തേക്കുള്ള വന്ദേഭാരത് ഉൾപ്പടെയുള്ള ട്രെയിനുകൾ വൈകി. 40 മിനിട്ട് വൈകിയാണ് വന്ദേഭാരത് കോട്ടയം സ്റ്റേഷനിലെത്തിയത്. പാലരുവി എക്സ്പ്രസ് (16297) ഒരു മണിക്കൂർ വൈകിയോടുകയാണ്.

17.9 കോടി രൂപ അനുവദിച്ചു

ഈരാറ്റുപേട്ട : പുഞ്ഞാർ നിയോജകമണ്ഡലത്തിലെ 10 തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിലായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ , ഇവയ്ക്ക് കീഴിലുള്ള സബ് സെന്ററുകൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി 17.9 കോടിയുടെ ഭരണാനുമതി ലഭ്യമായതായി സെബാസ്റ്റ്യൻ കുളത്തുങ്കൽ എം. എൽ. എ അറിയിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പ് മുഖേന എൻ.എച്ച്.എം ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചത്. കെട്ടിട നിർമാണങ്ങൾക്കായി പുഞ്ഞാർ നിയോജക മണ്ഡലത്തിൽ നിന്ന് സമർപ്പിച്ച എല്ലാ നിർദ്ദേശങ്ങളും അംഗീകരിച്ചു. തദ്ദേശ തിരഞ്ഞെടുപ്പിന് ശേഷം ടെൻഡർ നടപടികൾ സ്വീകരിച്ച് 20 കെട്ടിടങ്ങളുടെയും നിർമ്മാണങ്ങൾ ആരംഭിക്കുമെന്നും എം.എൽ.എ അറിയിച്ചു.

കെ.എസ്.സി (എം) ജന്മദിനാഘോഷം

കോട്ടയം: കെ.എസ്.സി (എം) ജന്മദിനാഘോഷത്തോടനുബന്ധിച്ച് നടന്ന വിദ്യാർത്ഥി സംഗമം കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ മാണി എം.പി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ബ്രൈറ്റ് വട്ടനിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ഡോ.സ്റ്റീഫൻ ജോർജ് ,ജോണി നെല്ലൂർ, വി.വി ജോഷി,സജി അലക്സ്, റോണി മാത്യു, മാലേത്ത് പ്രതാപചന്ദ്രൻ, ബിനിൽ വാവേലി, അഡ്വ.ജേക്കബ് ഷൈൻ, റിൻറ്റോ തോപ്പിൽ, ഡൈനോ കുളത്തൂർ, ജോ കൈപ്പൻപ്ലാക്കൽ, ടോം പുളിച്ചുമാക്കിൽ, സ്റ്റീവ് സെബാസ്റ്റ്യൻ, അജിൻ ജിൻസൺ, മിലൻ ഷിബു, വിനയ് വർഗീസ്, ക്രിസ്റ്റോ കല്ലറയ്ക്കൽ,ബോണി തടത്തിൽ, സി.എ ജോൺ തോമസ്, റെനിൻ രാജു എന്നിവർ പ്രസംഗിച്ചു.

ക്ഷീരകർഷകർക്കായി നൂതനപദ്ധതികൾ നടപ്പാക്കും : മന്ത്രി ജെ. ചിഞ്ചുറാണി

ഇടുക്കി: ക്ഷീരകർഷകർക്കായി നൂതനമായ വിവിധ പദ്ധതികൾ നടപ്പാക്കുമെന്ന് ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. ഇരട്ടയാറിൽ ഇടുക്കി ജില്ലാ ക്ഷീര കർഷകസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പാലുൽപ്പാദനത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്. പാലുൽപ്പാദന ക്ഷമത കൂട്ടിയാൽ മാത്രമേ പാലുൽപ്പാദനത്തിൽ മുന്നേറാൻ കേരളത്തിനാകൂ. അതിനായി ഗുണമേൻമയുള്ള സങ്കരയിനം പശുക്കളെ കേരളത്തിൽ തന്നെ വളർത്തിയെടുക്കണം. മറ്റു സംസ്ഥാനത്തു നിന്നാണ് നമ്മൾ കന്നുകാലികളെ വാങ്ങുന്നതെന്നും ആ പ്രവണത മാറ്റാനായി സമഗ്രമായ പ്രവർത്തങ്ങൾ നടപ്പാക്കും . അതിനായി ഇടുക്കിയിൽ ഒരു കിടാരി പാർക്ക് കൂടി വരുമെന്നും മന്ത്രി പറഞ്ഞു. ക്ഷീരമേഖലയിലേക്ക് കൂടുതൽ കർഷകരെ പ്രത്യേകിച്ചു പുതിയ കർഷകരെ ആകർഷിക്കാനായി കേരള ബാങ്ക് വഴി അഞ്ച് പലിശയിളവ് വായ്പ നൽകുന്ന സ്കീമുകൾ ഇപ്പോളുണ്ട്. കൂടുതൽ കർഷകർ വരുന്നതോടെ വലിയ മാറ്റം ക്ഷീരമേഖലയിൽ ഉണ്ടാകും. ബീജോൽപ്പാദന മേഖലയിൽ വലിയ കുതിപ്പ് കേരളത്തിലുണ്ടായി. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കണക്കനുസരിച്ചു ഏറ്റവും കൂടുതൽ ബീജോൽപ്പാദനം നടത്തിയത് ഇടുക്കിയിലാണ്. പഞ്ചായത്ത് സർക്കാരിന് എരുമ, എച്ച്.എഫ് എന്നിവയുടെ ഗുണമേൻമയുള്ള ബീജങ്ങൾ നൽകാൻ വകുപ്പിന് കഴിഞ്ഞു. എറണാകുളം മേഖലയിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദനം ഇടുക്കിയിലാണെന്നും അത് ഇടുക്കിയുടെ മികവിനെയാണ് കാട്ടുന്നതെന്നും മന്ത്രി പറഞ്ഞു. ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യാനുള്ള സഹായം, പശുക്കളുടെ ഇൻഷുറൻസ്, കന്നുകുട്ടി പരിപാലനത്തിനായി 25000 രൂപ ധനസഹായം നൽകൽ, സഞ്ചരിക്കുന്ന വെറ്റിനറി ആശുപത്രി, വെറ്റിനറി ആംബുലൻസ്, കാലിത്തീറ്റകളുടെ വിലക്കുറയ്ക്കൽ, വിവിധ വായ്പകൾ, തുടങ്ങി നിരവധി പദ്ധതികൾ മിൽമ, ക്ഷേമനിധി ബോർഡ്, സഹകരണ സംഘങ്ങൾ എന്നിവ വഴി നടപ്പിലാക്കി. കന്നുകാലികൾക്ക് മാത്രമല്ല, പക്ഷിപ്പനി, പന്നിപ്പനി എന്നിവ വന്നു നഷ്ടം ഉണ്ടായ ഉടമകൾക്കും സഹായം നൽകി. സർക്കാർ എന്നും കൃഷിക്കാർക്ക് ഒപ്പമാണെന്നും ക്ഷീര കർഷകർക്കായി കേന്ദ്രത്തിന്റെയും കേരളത്തിന്റെയും പദ്ധതികൾ സമഗ്രമായി നടപ്പാക്കിയെന്നും മന്ത്രി പറഞ്ഞു. ചർമരോഗം വന്ന പശുക്കൾക്ക് ഇൻഷുറൻസ്, പല രോഗങ്ങൾ വന്നു മരണപ്പെട്ട പശുക്കളുടെ കർഷകർക്ക് സഹായമോ പുതിയ പശുവിനെ നൽകുകയോ ചെയ്യൽ, ക്ഷീര കർഷകർക്ക് 2 ലക്ഷം രൂപയുടെ ഹെൽത്ത് ഇൻഷുറൻസ്, കൂടാതെ ക്ഷീര കർഷകൻ മരണപ്പെട്ടാൽ ഏഴ് ലക്ഷം രൂപ ഇൻഷുറൻസ് തുടങ്ങി പല പദ്ധതികൾ വകുപ്പ് നടപ്പാക്കുകയും മറ്റു പലതും പ്രാരംഭഘട്ടത്തിലുമാണ്. അതിദാരിദ്രത്തിൽപ്പെട്ട ക്ഷീരമേഖലയിലേക്ക് കടന്ന് വരാൻ താൽപ്പര്യമുള്ളവർക്ക് ഒരു ലക്ഷം രൂപ വായ്പ നൽകുമെന്നും പാൽ വില വർധിപ്പിക്കാൻ തീരുമാനം ഉണ്ടെന്നും ക്ഷീര കർഷകരുടെ അഭ്യസ്തവിദ്യരായ കുട്ടികൾക്ക് മിൽമയിൽ ജോലി ലഭിക്കാനുള്ള സംവിധാനം നടപ്പിലാക്കാൻ പോവുകയാണെന്നും മന്ത്രി കൂട്ടി ചേർത്തു.എം.എം. മണി എം.എൽ.എ അധ്യക്ഷത വഹിച്ചു. പാലിലെ മാലിന്യസൂക്ഷ്മാണു ശാസ്ത്രം എന്ന വിഷയത്തിൽ ഡയറി സയൻസ് കോളെജ് അസി. പ്രൊഫസർ ലിജി മോൾ ജെയിംസ് സെമിനാർ നടത്തി.ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ക്ഷീര മേഖലയിലെ നൂതന പദ്ധതികളുടെ ഉദ്ഘാടനം,റിപ്പോർട്ട് അവതരണം, ജില്ലയിലെ മികച്ച ക്ഷീര കർഷകർ, ക്ഷീര സഹകരണ സംഘങ്ങൾ,മികച്ച ക്ഷീര സംഘം ജീവനക്കാരെ ആദരിക്കൽ, വിവിധ മൽസരങ്ങളിൽ വിജയികളായവർക്ക് സമ്മാന വിതരണം എന്നിവയും ഇതോടൊപ്പം നടന്നു.നാങ്കുതൊട്ടി ആപ്കോസ് പ്രസിഡന്റ് ജയൻ കെ.കെ. സ്വാഗതം ആശംസിച്ച പരിപാടിയിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോളി സുനിൽ, കട്ടപ്പന മുൻസിപ്പൽ ചെയർപേഴ്സൻ ബീന ടോമി, ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആനന്ദ് സുനിൽകുമാർ, കൊന്നത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ്യ റെനീഷ്,, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കുസുമം രതീഷ്, ഇളംദേശം ബ്ലോക്ക് വൈസ് പ്രസിഡന്റ് ജിജി സുരേന്ദ്രൻ, ക്ഷീരവികസനവകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, എറണാകുളം മിൽമ മേഖല യൂണിയൻ ബോർഡ് മെമ്പർമാരായ പോൾ മാത്യു, ജോൺസൻ, കെ. കെ അജേഷ് മോഹനൻ നായർ, കെ.എസ്.എം.എസ്.എ സംസ്ഥാന പ്രസിഡന്റ് പി ആർ സലിം കുമാർ, വൈസ് പ്രസിഡന്റ് സണ്ണി തെങ്ങുംപള്ളി, ജില്ലാ പ്രസിഡന്റ് സോണി ചെള്ളാമഠം, തുടങ്ങി ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, വിവിധ സഹകരണ സംഘങ്ങൾ, ജന പ്രതിനിധികൾ, ക്ഷീരവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പൊലീസുകാരൻ മദ്യപിച്ച് വാഹനമോടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർക്ക് പരിക്ക്

ഇടുക്കി: മദ്യലഹരിയിൽ പൊലീസുകാരൻ ഓടിച്ച കാറിടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർക്ക് പരിക്ക്. ഇടുക്കി കാഞ്ചിയാറിലാണ് സംഭവം. ഇടുക്കി ഡിസിആർബി ഗ്രേഡ് എസ്ഐ ബിജുമോനാണ് മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കിയത്.ബിജുമോന്റെ കാർ മറ്റൊരു കാറിലും രണ്ട് ബൈക്കുകളിലും ഇടിക്കുകയായിരുന്നു. അപകടത്തെത്തുടർന്ന് നാട്ടുകാർ ഓടിക്കൂടി ബിജുമോന്റെ കാർ തടഞ്ഞിട്ടതിനുശേഷം പൊലീസിനെ വിവരം അറിയിക്കുകയായിരുന്നു. പിന്നാലെ കട്ടപ്പന പൊലീസ്



സ്ഥലത്തെത്തി ബിജുമോനെ കസ്റ്റഡിയിലെടുത്തു. അപകടത്തിൽ പരിക്കേറ്റവർ ആശുപത്രിയിൽ ചികിത്സ തേടി.

ഇടുക്കിയിൽ 64കാരനെ ആസിഡൊഴിച്ച് കൊലപ്പെടുത്തി

ഇടുക്കി: നിരപ്പേലിൽ വയോധികനെ ആസിഡൊഴിച്ച് കൊലപ്പെടുത്തിയ വൃദ്ധ അറസ്റ്റിൽ. നിരപ്പേൽ കട ഈറ്റപ്പുറത്ത് സുകുമാരനാണ് (64) മരിച്ചത്. സംഭവത്തിൽ കോട്ടയം കട്ടച്ചിറ സ്വദേശി തങ്കമ്മയാണ് പിടിയിലായത്. സുകുമാരന്റെ അച്ഛന്റെ സഹോദരിയാണ് തങ്കമ്മ. ഇന്നലെ വൈകുന്നേരമായിരുന്നു സംഭവം.ആക്രമണത്തിനിടയിൽ തങ്കമ്മയ്ക്കും പൊള്ളലേറ്റിരുന്നു. ഇവരെ കസ്റ്റഡിയിലെടുത്തതിനുശേഷം ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. തങ്കമ്മയും സുകുമാരനും തമ്മിൽ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ നിലനിന്നിരുന്നതായി പൊലീസ് പറയുന്നു. ഇതിൽ സുകുമാരനെതിരെ ഇവർ പൊലീസ് സ്റ്റേഷനിൽ മുൻപും കേസും നൽകിയിരുന്നു. 15 ദിവസം മുമ്പാണ് തങ്കമ്മ സുകുമാരന്റെ വീട്ടിൽ എത്തിയത്.പൊള്ളലേറ്റ സുകുമാരനെ നാട്ടുകാരുടെ സഹായത്തോടെ ആദ്യം തൂക്കുപാലത്തെയും പിന്നീട് കട്ടപ്പനയിലെയും സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരുന്നു.

ഇടുക്കി സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് യാഥാർത്ഥ്യത്തിലേക്ക്

ഇടുക്കി: സർക്കാർ മേഖലയിലെ നാലാമത്തെ ആയുർവേദ മെഡിക്കൽ കോളേജ് ഇടുക്കിയിൽ ആരംഭിക്കുന്നു. ഇടുക്കി വികസന പാക്കേജിൽ അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് ഇടുക്കി ആയുർവേദ മെഡിക്കൽ കോളേജിന്റെ ഭാഗമായുള്ള ആശുപത്രി ഒ.പി.ഡി. കോംപ്ലക്സിന്റെ ശിലാസ്ഥാപനവും ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുതരുന്ന കമ്മ്യൂണിറ്റി ഹാളിൽ ഒ.പി. വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിന്റേയും ഉദ്ഘാടനം ഒക്ടോബർ 26 ന് 2.30 ന് ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ഡീൻ കുര്യാക്കോസ് എം.പി. എന്നിവർ മുഖ്യാതിഥിയാകും. എം.എം. മണി എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.പുതിയ ആയുർവേദ കോളേജ് ആശുപത്രി നിർമ്മിക്കുന്നതിനുള്ള ശിലാസ്ഥാപനം നടക്കുന്ന ദിവസം തന്നെ ആശുപത്രിയുടെ ഭാഗമായുള്ള ഒ.പി സേവനങ്ങളും ആരംഭിക്കും. ആദ്യഘട്ടത്തിൽ 'പ്രസൂതിതന്ത്ര-സ്ത്രീരോഗ ചികിത്സ, ശല്യതന്ത്ര ഓർത്തോപീഡിക്സ്, കായ ചികിത്സ ജനറൽ മെഡിസിൻ' സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് പ്രവർത്തനം ആരംഭിക്കുക. ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ എല്ലാ സ്പെഷ്യാലിറ്റികളും പ്രവർത്തിക്കും. വിവിധ ജില്ലകളിലായി മൊത്തം 73 നിർമ്മാണ പ്രവർത്തനങ്ങളാണ് അന്നേ ദിവസം ഉദ്ഘാടനം ചെയ്യുക.

ഉത്തരവാദിത്ത ടൂറിസം സാധ്യതകൾ പങ്കുവച്ച് ടൂറിസം സെമിനാർ

ഇടുക്കി: ഉത്തരവാദിത്ത ടൂറിസം, സുസ്ഥിര ടൂറിസത്തിന്റെ സാധ്യതകൾ, മണ്ണ്, ജലം ഇവ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ശരിയായ മാലിന്യ സംസ്കരണം തുടങ്ങി വിവിധ വിഷയങ്ങളിൽ ഉത്തരവാദിത്ത - സുസ്ഥിര വിനോദ സഞ്ചാരത്തിന്റെ സാധ്യതകൾ ചർച്ച ചെയ്ത് വിഷൻ 2031 ടൂറിസം സെമിനാർ. ഉത്തരവാദ ടൂറിസം, ഇൻക്ലൂസീവ് ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, റീജെനറേറ്റീവ് ടൂറിസം എന്നിവയുടെ സാധ്യതകൾ എന്ന പാനൽ ചർച്ചയിലാണ് ഈ വിഷയങ്ങൾ വിശകലനം ചെയ്തത്.കേരളത്തനിമ വിളിച്ചോതുന്ന റിസോർട്ട്, ഹോട്ടൽ നിർമ്മാണങ്ങളും അവയുടെ പ്രവർത്തന രീതികളുമാണ് വിദേശ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുകയെന്ന് സെമിനാർ വിലയിരുത്തി. സ്ത്രീകൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, കുട്ടികൾ തുടങ്ങി ഓരോ വിഭാഗങ്ങളെയും മുന്നിൽ കണ്ട് അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ ടൂർ ഓപ്പറേറ്റർമാർക്ക് കഴിയണമെന്നും സെമിനാർ വിലയിരുത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടൂറിസം ഗ്രാമസഭകൾ നടത്തി പ്രാദേശിക വിനോദ സഞ്ചാരത്തിന് പ്രാധാന്യം നൽകണമെന്നും പാനൽ ചർച്ചയിൽ ആവശ്യം ഉയർന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ ഒരു പ്രാദേശിക ഉത്തരവാദിത്ത ടൂറിസം പ്രദേശമെങ്കിലും സജ്ജമാക്കാൻ സർക്കാർ നിർദേശം നൽകണമെന്നും പാനൽ ചർച്ചയിൽ ആവശ്യമുയർന്നു.നോയിഡ ഐഐടിടിഎം പ്രൊഫസർ അതിഥി ചൗധരി, സിജിഎച്ച് എർത്ത് വൈസ് പ്രസിഡന്റ് എൻ.ഷൈലേന്ദ്രൻ, യുഎൻ വിമൻ സ്റ്റേറ്റ് കോർഡിനേറ്റർ ഡോ. പീജ രാജൻ എന്നിവർ ക്ലാസ് നയിച്ചു. സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ സിഇഒ കെ.രൂപേഷ് കുമാർ മോഡറേറ്റർ ആയിരുന്നു.

അടിമാലിയിൽ മണ്ണിടിച്ചിൽ; കുടുംബം മണ്ണിനടിയിൽ കുടുങ്ങി

ഇടുക്കി: അടിമാലി

പി.എം ശ്രീയിൽ കേരളത്തെ സർക്കാർ ഇരുട്ടിലാക്കി, മന്ത്രിസഭയെ മുഖ്യമന്ത്രി കബളിപ്പിച്ചെന്ന് വി ഡി സതീശൻ

കൊച്ചി: സി.പി.ഐയെ മാത്രമല്ല കേരളത്തെ മുഴുവൻ ഇരുട്ടിലാക്കിയാണ് പി.എം ശ്രീ ധാരണാപത്രത്തിൽ സംസ്ഥാന സർക്കാർ ഒപ്പിട്ടതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു പി.എം ശ്രീ പദ്ധതിയിൽ കരാർ ഒപ്പുവച്ചിരിക്കുന്നത് ഒക്ടോബർ 16 നാണെന്നാണ് രേഖകൾ. പത്താം തീയതി മുഖ്യമന്ത്രി പ്രധാനമന്ത്രിയെയും അമിത്ഷായെയും കാണുന്നു. പതിനാറാം തീയതി കരാർ ഒപ്പിടാൻ എന്ത് സമ്മർദ്ദമാണ് മുഖ്യമന്ത്രിയുടെ മേൽ ഉണ്ടായത്? ഏത് തരം ബ്ലാക്ക് മെയിലിംഗ് ആണ് നടന്നിരിക്കുന്നത്? എന്ത് ഗൂഢാലോചനയാണ് നടന്നത് എന്നത് പുറത്ത് വരണം. മന്ത്രിസഭയിലോ എൽ.ഡി.എഫിലോ ചർച്ച ചെയ്തില്ല. സിപിഎം ദേശീയ സെക്രട്ടറി എം.എ ബേബി പോലും ഇതറിഞ്ഞിട്ടില്ല. ആരും അറിയാതെ ഇത്ര രഹസ്യ സ്വഭാവത്തിൽ പി.എം ശ്രീയിൽ ഒപ്പുവയ്ക്കാനുള്ള ദുരൂഹത മറനീക്കി പുറത്ത് വരണമെന്നും വി.ഡി. സതീശൻ പറഞ്ഞു.മന്ത്രിസഭാ യോഗത്തിൽ സി.പി.ഐ മന്ത്രി കെ.രാജൻ പി.എം ശ്രീ ഒപ്പിടരുതെന്ന് ആവശ്യപ്പെട്ടു. അപ്പോഴും മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും മിണ്ടാതിരുന്നു. എത്ര വലിയ കബളിപ്പിക്കലാണ് ഇവർ നടത്തിയത്. എന്തിനാണ് മന്ത്രിസഭ? മന്ത്രിമാർ രാജിവയ്ക്കുന്നതാണ് നല്ലതെന്നും സതീശൻ കൂട്ടിച്ചേർത്തു. സാമ്പത്തിക പ്രതിസന്ധിയെന്നാണ് വിദ്യാഭ്യാസ മന്ത്രി പറഞ്ഞത്. മുഖ്യമന്ത്രിയും ധനമന്ത്രിയും സാമ്പത്തിക പ്രതിസന്ധിയില്ലെന്നാണ് പറയുന്നത്. കിഫ്ബി വഴി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അന്തർദേശീയ നിലവാരത്തിലെത്തിയെന്നാണ് അവകാശപ്പെടുന്നത്. പിന്നെ എന്തിനാണ് ഇങ്ങനെ കീഴടങ്ങി പണം വാങ്ങുന്നത്. പരസ്പര വിരുദ്ധമായാണ് മുഖ്യമന്ത്രിയും മന്ത്രിമാരും സംസാരിക്കുന്നത്. ഒരു ആശയവിനിമയവും നടക്കുന്നില്ല. കൂടിയാലോചന ഇല്ല. എകപക്ഷീയമായി മുഖ്യമന്ത്രി പറയുന്നത് അടിച്ചേൽപ്പിക്കുന്നു. മുഖ്യമന്ത്രിക്ക് മേൽ സമ്മർദ്ദം ചെലുത്തുന്നത് സംഘ്പരിവാർ ശക്തികളാണെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.അനാവശ്യ ധൃതി എന്ന വാക്കാണ് സാധാരണ ഉപയോഗിക്കുന്നത്. എന്നാൽ സിപിഐ സംസ്ഥാന സെക്രട്ടറി പറഞ്ഞത് അസ്വഭാവിക മായ ധൃതി എന്നാണ്. അതിന്റെ പിന്നിൽ നടന്നിരിക്കുന്ന ഇടപാടിനെ കുറിച്ച് ആർക്കും അറിയില്ല. പത്താം തീയതി നടന്ന കൂടിക്കാഴ്ചയിൽ എന്തോ നടന്നിട്ടുണ്ട്. അതാണ് പുറത്ത് വരേണ്ടത്. മുൻ നിലപാടിൽ നിന്ന് സി.പി.എം മലക്കം മറിഞ്ഞത് എന്ത് കൊണ്ടാണെന്ന് പറയണമെന്നും സതീശൻ ആവശ്യപ്പെട്ടു.

ഹിജാബ് വിവാദത്തിന് വിരാമം; സ്കൂളിൽ തുടരാൻ താത്പര്യമില്ല, മകളെ മാറ്റുകയാണെന്ന് പിതാവ്

കൊച്ചി: പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിലെ ഹിജാബ് വിവാദത്തിൽ നിർണായക വഴിത്തിരിവ്. സ്കൂളിൽ തുടരാൻ മകൾക്ക് താത്പര്യമില്ലെന്നും പുതിയ സ്കൂളിലേയ്ക്ക് മാറുകയാണെന്നും പിതാവ് അനസ് ഹൈക്കോടതിയെ അറിയിച്ചു. ഹിജാബ് ധരിച്ച് വിദ്യാർത്ഥിനിയെ ക്ലാസിൽ പ്രവേശിപ്പിക്കണമെന്ന ഡിഡിഇയുടെ ഉത്തരവ് ചോദ്യം ചെയ്ത് സ്കൂൾ മാനേജ്മെന്റ് നൽകിയ ഹർജിയിലാണ് പിതാവ് നിലപാട് അറിയിച്ചത്. കുട്ടിയും പിതാവും നേരിട്ട് കോടതിയിൽ ഹാജരായിരുന്നു.വിഷയത്തിൽ കൂടുതൽ നടപടിക ളിലേയ്ക്ക് കടക്കുന്നില്ലെന്ന് സർക്കാരും അറിയിച്ചു. തുടർന്ന് ഹൈക്കോടതി ഹർജി തീർപ്പാക്കി. ഭരണഘടന അനുശാസിക്കുന്ന സാഹോദര്യം ശക്തമായി നിലനിൽക്കേണ്ടതുണ്ടെന്നും സൗഹാർദ്ദപരമായാണ് എല്ലാവരും മുന്നോട്ട് പോകേണ്ടതെന്നും ഹർജിയിൽ വാദം കേൾക്കവെ ജസ്റ്റിസ് വി ജി അരുൺ ഓർമ്മിപ്പിച്ചു. ഹിജാബ് ധരിക്കുന്ന ഒരു കുട്ടിക്കും ഇത്തരം അനുഭവം ഉണ്ടാവരുതെന്നും ഇക്കാര്യത്തിൽ സർക്കാരിൽ നിന്ന് പൊതുുത്തരവ് പ്രതീക്ഷിക്കുന്നതായും കുട്ടിയുടെ പിതാവിന്റെ അഭിഭാഷകൻ പറഞ്ഞു.ഹിജാബ് ഇല്ലാതെ വരാമെന്ന് സമ്മതപത്രം നൽകിയാൽ വിദ്യാർത്ഥിനിക്ക് സ്കൂളിൽ തുടരാം എന്ന നിലപാടിലായിരുന്നു മാനേജ്മെന്റ്. ഹിജാബ് ധരിക്കാതെ വരണമെന്ന സ്കൂൾ മാനേജ്മെന്റിന്റെ നിബന്ധന നേരത്തെ നടന്ന സമവായ ചർച്ചയിൽ വിദ്യാർത്ഥിനിയുടെ പിതാവ് അംഗീകരിച്ചിരുന്നു. എന്നാൽ പിന്നീട് നിലപാട് മാറ്റുകയായിരുന്നു.

ജീവിതാനുഭവങ്ങളിൽ നിന്ന് പഠിച്ചുവളരണം: സ്വാമി സ്വരൂപാനന്ദ സരസ്വതി

ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ബിരുദദാനച്ചടങ്ങിന്റെ ഉദ്ഘാടനം ചിന്മയ മിഷൻ അഗോള അദ്ധ്യക്ഷനും, സർവകലാശാല ചാൻസലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി നിർവഹിക്കുന്നു.

കൊച്ചി: ജീവിതാനുഭവങ്ങളിൽ നിന്ന് പഠിച്ച് വളർന്നാൽ ഒരിക്കലും പരാജയപ്പെടില്ലെന്ന് ചിന്മയ മിഷൻ ആഗോള അധ്യക്ഷനും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി പറഞ്ഞു. ചിന്മയ വിശ്വവിദ്യാപീഠത്തിന്റെ ബിരുദ സമർപ്പണച്ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.നാക് ചെയർമാൻ പ്രൊഫ. അനിൽ ഡി.സഹസ്രബുദ്ധെ മുഖ്യാതിഥിയായി. ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണൻ, ചെല്ലാറാം ഡയബറ്റീസ് ഇൻസ്റ്റിറ്റ്യൂട്ട് സി.ഇ.ഒ ഡോ. എ.ജി. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. തന്റെ വിദ്യാഭ്യാസ കലാഘട്ടവും ഇൻഫോസിസിന്റെ തുടക്കവും ക്രിസ് ഗോപാലകൃഷ്ണൻ ഓർത്തെടുത്തു. ഉത്തരവാദിത്വവും, വിശ്വാസവും മറ്റുള്ളവരെ സഹായിക്കാനുള്ള മനസും ചേരുമ്പോഴാണ് ഒരു വ്യക്തിയുടെ നേതൃപാടവം വ്യക്തമാകുന്നതെന്ന് ക്രിസ് ഗോപാലകൃഷ്ണൻ പറഞ്ഞു.

160 വിദ്യാർഥികൾ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ മുഖ്യആചാര്യൻ സ്വാമി ശാരദാനന്ദ സരസ്വതി ചൊല്ലിക്കൊടുത്ത തൈത്രിയോപനിഷത്തിലെ ശിക്ഷാവല്ലി വിദ്യാർഥികൾ ഏറ്റുചൊല്ലി. ആക്ടിംഗ് വൈസ് ചാൻസിൽ പ്രൊഫ. ടി.അശോകൻ, സർവകലാശാല ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി ബി.ഭവേഷ്, റജിസ്ട്രാർ ഇൻ ചാർജ് ഡോ.പി.രാജേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

നടൻ ദിലീപിന്റെ വീട്ടിൽ അതിക്രമിച്ചു കയറിയ യുവാവ് പിടിയിൽ: എത്തിയത് മദ്യലഹരിയിൽ

കൊച്ചി: നടൻ ദിലീപിന്റെ വീട്ടിൽ അതിക്രമിച്ച് കടന്നയാൾ പൊലീസ് കസ്റ്റഡിയിൽ. മലപ്പുറം സ്വദേശി അഭിജിത് എന്നയാളാണ് പിടിയിലായത്. ഇന്നലെ രാത്രി പന്ത്രണ്ട് മണിയോടെയായിരുന്നു സംഭവം. ആലുവ കൊട്ടാരക്കടവിലെ ദിലീപിന്റെ വീട്ടിലേക്കാണ് ഇയാൾ മദ്യലഹരിയിൽ അതിക്രമിച്ച് കയറിയത്.നടന്റെ സുരക്ഷാ ജീവനക്കാരും കുടുംബാംഗങ്ങളും ചേർന്ന് അഭിജിത്തിനെ പിടികൂടി പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് വീട്ടുകാർ നൽകിയ പരാതിയിൽ ആലുവ പൊലീസ് സ്ഥലത്തെത്തി അഭിജിത്തിനെ കസ്റ്റഡിയിലെടുത്തു. പ്രാഥമിക അന്വേഷണത്തിൽ ഇയാൾ മദ്യലഹരിയിലായിരുന്നെന്ന് പൊലീസ് പറഞ്ഞു. മോഷണ ശ്രമം ആയിരുന്നില്ല ലക്ഷ്യമെന്നും പൊലീസ് വ്യക്തമാക്കി.

മെസി കേരളത്തിൽ എത്തില്ല; അർജന്റീനയുടെ കൊച്ചിയിലെ സൗഹൃദ ഫുട്ബോൾ മത്സരം മാറ്റിവച്ചു

കൊച്ചി: ആരാധകരെ നിരാശരാക്കി അർജന്റീന ദേശീയ ഫുട്ബോൾ ടീമിന്റെയും സൂപ്പർ താരം ലയണൽ മെസിയുടെയും കേരള സന്ദർശനം മാറ്റിവച്ചു. അടുത്ത മാസം കൊച്ചിയിൽ നടക്കാനിരുന്ന സൗഹൃദ മത്സരം മാറ്റിവച്ചതായി പരിപാടിയുടെ സ്പോൺസർ അറിയിക്കുയായിരുന്നു.നവംബർ 17ന് മെസി നയിക്കുന്ന അർജന്റീന ടീം കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സൗഹൃദ മത്സരം കളിക്കുമെന്നായിരുന്നു നേരത്തെ പ്രഖ്യാപിച്ചിരുന്നത്. പരിപാടിയുടെ സ്പോൺസറായ ആന്റോ അഗസ്റ്റിനും സംസ്ഥാന കായിക വകുപ്പും സംയുക്തമായാണ് ഇക്കാര്യം അറിയിച്ചിരുന്നത്.എന്നാൽ ഇവിടെ മത്സരം നടത്താൻ ഫിഫ അനുമതി നൽകിയിട്ടില്ലാത്തതിനാൽ മത്സരം അടുത്ത മാസം നടക്കില്ലെന്നാണ് ആന്റോ അഗസ്റ്റിൻ തന്റെ ഫേസ്ബുക്ക് പേജിലൂടെ അറിയിച്ചത്. അടുത്ത മത്സരം എന്നത്തേക്കാണെന്ന് ഉടൻ പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. നവംബറിൽ അംഗോളയിൽ മാത്രമാണ് അർജന്റീന സൗഹൃദ മത്സരം കളിക്കുകയെന്നാണ് അർജന്റീന മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.അതേസമയം അർജന്റീന ടീമിന്റെ എതിരാളികളായി നിശ്ചയിച്ചിരുന്ന ഓസ്ട്രേലിയൻ ടീമും മത്സരത്തിൽ നിന്ന് പിന്മാറിയിട്ടുണ്ട്. കേരളത്തിലെ ഫുട്ബോൾ പ്രേമികൾ ഏറെ ആകാംക്ഷയോടെ കാത്തിരുന്ന വലിയ കായിക മാമാങ്കമാണ് ഇതോടെ അനിശ്ചിതത്വത്തിലായത്.

'രാഷ്ട്രീയവും കുത്തിത്തിരിപ്പും ഇല്ലാത്ത പാവം കുഞ്ഞുങ്ങളുടെ ആവശ്യമാണ്'; പിഎം ശ്രീ വിവാദത്തിൽ പ്രതികരിച്ച് സുരേഷ് ഗോപി

തൃശൂർ: പിഎം ശ്രീ വിവാദത്തിൽ പ്രതികരിച്ച് കേന്ദ്ര മന്ത്രി സുരേഷ് ഗോപി. ഒരു പദ്ധതി വന്നപ്പോൾ അതിനെ സംസ്ഥാന സർക്കാർ അംഗീകരിച്ചിരിക്കുകയാണെന്നും വൈകിയാണെങ്കിലും പദ്ധതിയിൽ ചേർന്നതിൽ സന്തോഷമുണ്ടെന്നും സുരേഷ് ഗോപി പറഞ്ഞു.'ആരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നതാണ് നോക്കേണ്ടത്. രാഷ്ട്രീയവും കുത്തിത്തിരിപ്പും ഇല്ലാത്ത പാവം കുഞ്ഞുങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. അവർക്ക് ഇതിലൂടെ ഗുണം ഉണ്ടാകും. 50 വർഷങ്ങൾക്ക് മുമ്പ് നിർമിച്ച സ്കൂളുകളുടെ അപകട ഭീഷണിയിലാണോ നമ്മുടെ കുഞ്ഞുങ്ങൾ വളരേണ്ടതെന്ന് ആലോചിക്കണം. സിപിഐക്ക് അവരുടെ അവകാശമുണ്ട്. സിപിഎമ്മിനും അവരുടെ അവകാശമുണ്ട്. കേന്ദ്ര സർക്കാരിനും ബിജെപിക്കും അവരുടേതായ അവകാശങ്ങളുണ്ട്. എന്നാൽ, ഇത് കുട്ടികളുടെ ആവശ്യമാണ്. അതിൽ കളങ്കം വരുത്തരുത്. എല്ലാം നന്നായി വരട്ടെ. അന്തരീക്ഷം നന്നാവട്ടെ. രാജ്യത്തിന്റെ വികസനത്തിന് പുതിയ ഒരു അദ്ധ്യായം തുറന്നുവരട്ടെ' - സുരേഷ് ഗോപി പറഞ്ഞു.അതേസമയം, കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതിയായ പിഎം ശ്രീ, കേരളവും അംഗീകരിച്ചതിന് പിന്നാലെ ഇടത് വിദ്യാർത്ഥി - യുവജന സംഘടനകൾ തെരുവിൽ പ്രതിഷേധം ശക്തമാക്കുകയാണ്. പിണറായി സർക്കാരിന്റെ നടപടിക്കെതിരെ പരസ്യ പ്രതിഷേധത്തിന് എഐവൈഎഫും എഐഎസ്എഫും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഇന്ന് തലസ്ഥാനത്ത് സിപി ഐയുടെ യുവജന - വിദ്യാർഥി സംഘടനകൾ പ്രതിഷേധമുയർത്തും. തിങ്കളാഴ്ച വിവിധ ജില്ലകളിൽ പ്രതിഷേധം നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

വൻ കവർച്ച; തൃശൂരിൽ ബസിറങ്ങിയ ആളുടെ 75 ലക്ഷം രൂപയടങ്ങിയ ബാഗ് തട്ടിയെടുത്തു, അന്വേഷണം

തൃശൂർ: കാറിലെത്തിയ സംഘം ചായക്കടയിലിരുന്ന ആളിൽ നിന്ന് 75 ലക്ഷം രൂപ തട്ടിയെടുത്തു. ഇന്ന് പുലർച്ചെ 4.30ന് തൃശൂർ മണ്ണുത്തി ബൈപ്പാസ് ജംഗ്ഷന് സമീപമായിരുന്നു സംഭവം. എടപ്പാൾ സ്വദേശി മുബാറക്കിന്റെ കൈവശമുണ്ടായിരുന്ന പണമടങ്ങിയ ബാഗാണ് മോഷണം പോയത്.ബംഗളൂരുവിൽ നിന്ന് സ്വകാര്യ ബസിലാണ് മുബാറക്ക് മണ്ണുത്തിയിലെത്തിയത്. ബസിറങ്ങിയ ശേഷം മുബാറക്ക് സമീപത്തെ ചായക്കടയിൽ കയറി. ഈ സമയം ഇന്നോവയിലെത്തിയ അഞ്ചംഗ സംഘം മുബാറക്കുമായി പിടിവലി നടത്തിയ ശേഷം പണമടങ്ങിയ ബാഗുമായി കടന്നുകളയുകയായിരുന്നു.ബസ് വിറ്റുകിട്ടിയ പണമാണ് ബാഗിലുണ്ടായിരുന്നതെന്നാണ് അറ്റ്ലസ് ബസ് ഉടമ മുബാറക്ക് പൊലീസിനോട് പറഞ്ഞിരിക്കുന്നത്. പണം തട്ടിയെടുത്തവർ എത്തിയ ഇന്നോവയുടെ മുൻഭാഗത്തും പിൻഭാഗത്തും രേഖപ്പെടുത്തിയിരിക്കുന്ന നമ്പറുകൾ വ്യത്യസ്തമാണെന്നും മുബാറക്കിന്റെ മൊഴിയിലുണ്ട്. സംഭവത്തിൽ ഒല്ലൂർ എസിപിയുടെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചു. കുഴൽപ്പണ സാദ്ധ്യതയടക്കം പൊലീസ് സംശയിക്കുന്നുണ്ട്.

ചാമ്പ്യൻസ് ബോട്ട് ലീഗ് : വീയപുരം ചുണ്ടൻ ജേതാവ്

കൊടുങ്ങല്ലൂർ: കോട്ടപ്പുറം കായലിൽ നടന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ചുണ്ടൻ വള്ളങ്ങളുടെ മത്സരത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബിന്റെ വീയപുരം ചുണ്ടൻ ജേതാവായി. പുന്നമട ബോട്ട് ക്ലബ്ബിന്റെ നടുഭാഗം ചുണ്ടൻ രണ്ടാം സ്ഥാനവും പള്ളാതുരുത്തി ബോട്ട് ക്ലബ്ബിന്റെ മേൽപ്പാടം ചുണ്ടൻ മൂന്നാം സ്ഥാനവും നേടി. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ നാലാമത്ത മത്സരമാണ് കോട്ടപ്പുറം കായലിൽ നടന്നത്. ഇതോടൊപ്പം മുസിരിസ് ബോട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന ഇരുട്ടു കുത്തി വള്ളങ്ങളുടെ മത്സരത്തിൽ ബി ഗ്രേഡ് വിഭാഗത്തിൽ മടപ്ലാത്തുരുത്തി വള്ളം ഒന്നാംസ്ഥാനത്തും വടക്കുംപുറം വള്ളം രണ്ടാം സ്ഥാനത്തും സെന്റ് സെബാസ്റ്റ്യൻസ് വള്ളം മൂന്നാംസ്ഥാനത്തുമെത്തി.

എ ഗ്രേഡ് വിഭാഗത്തിൽ ഗരുഡൻ വള്ളം ഒന്നാം സ്ഥാനം നേടി. താണിയൻ വള്ളം രണ്ടാംസ്ഥാനവും ഗോതുരുത്ത് പുത്രൻ മൂന്നാംസ്ഥാനവും നേടി.

വി.ആർ.സുനിൽകുമാർ എം.എൽ.എ മത്സരം ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർപേഴ്സൺ ടി.കെ. ഗീത അദ്ധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ്, ബോബി ചെമ്മണ്ണൂർ എന്നിവർ മുഖ്യാതിഥികളായി. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുധി ദിലീപ് വള്ളംകളി ഫ്ളാഗ് ഓഫ് ചെയ്തു. വി.ആർ.സുനിൽകുമാർ എം.എൽ.എയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസും ചേർന്ന് വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു.

ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളൊരുക്കാൻ കെ.എസ്.ഇ.ബി

വടക്കാഞ്ചേരി: 2022ൽ പ്രവർത്തനം ആരംഭിക്കുകയും വൈദ്യുതി വകുപ്പ് പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താത്തത് മൂലം അടച്ചുപൂട്ടേണ്ടി വരികയും ചെയ്ത എങ്കക്കാട്ടെ ഇ-ചാർജിംഗ് സ്റ്റേഷൻ കെ.എസ്.ഇ.ബി അപ്ഗ്രേഡ് ചെയ്തേക്കും. രാജ്യത്തുടനീളം ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളൊരുക്കാൻ കെ.എസ്.ഇ.ബി നോഡൽ ഏജൻസിയായി നിയോഗിക്കപ്പെട്ടതോടെയാണിത്. എങ്കക്കാട് സബ് സ്റ്റേഷന് തൊട്ടരികിൽ ഡെൽറ്റ കമ്പനി നിർമ്മിച്ച ഇ-ചാർജിംഗ് സ്റ്റേഷന് 25 കിലോവാട്ടാണ് ശേഷി. ഇതാണ് തിരിച്ചടിക്ക് കാരണമായത്. ട്രയൽ റൺ നടന്നപ്പോൾ തന്നെ പദ്ധതി പരാജയമായി. ഒരു വാഹനത്തിൽ പോലും ചാർജ് കയറാത്ത അവസ്ഥ. ഇലക്ട്രിക് വാഹന നിർമ്മാതാക്കൾ സാങ്കേതിക വിദ്യയിൽ സമൂല മാറ്റം വരുത്തിയെന്ന മുടന്തൻ ന്യായമാണ് അന്ന് വൈദ്യുതി വകുപ്പിന് ഉണ്ടായിരുന്നത്. മറ്റെല്ലായിടത്തും പ്രധാന പാതയോട് ചേർന്നാണ് വൈദ്യുതി ചാർജിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതെങ്കിൽ എങ്കക്കാട് പ്രധാന പാതയിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെയാണ് സ്റ്റേഷൻ.വിയ്യൂർ സബ് സ്റ്റേഷനോട് അനുബന്ധിച്ചും കാർ ചാർജിംഗ് സ്റ്റേഷൻ നിർമ്മിച്ചിട്ടുണ്ട്. ഇവിടെ സുഗമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഏകമാർഗം ടെക്നോളജി അപ്ഡേഷൻ അത്യന്താധുനിക സാങ്കേതിക വിദ്യയിലേക്ക് മാറുക എന്നത് മാത്രമാണ് എങ്കക്കാട് പ്രതിസന്ധി പരിഹരിക്കാനുള്ള ഏക മാർഗം. പുതിയ മെഷീനുകളിൽ കാറുകൾ 50 മുതൽ 150, ബസ്, ട്രക്ക് 240-500 കിലോവാട്ട് എന്നിങ്ങനെയാണ് ശേഷി. എങ്കക്കാട്ടിലെ മെഷീനുകൾ ഈ കാറ്റഗറിയിലേക്ക് മാറ്റുമെന്നാണ് കണക്ക് കൂട്ടൽ.

കിച്ചൻ ഷെഡ് ഉദ്ഘാടനം

മറ്റത്തൂർ : എം.എൽ.എയുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 13.5 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച കടമ്പോട് സ്കൂളിലെ കിച്ചൻ ഷെഡ് കെ.കെ.രാമചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് അശ്വതി വിബി അദ്ധ്യക്ഷയായി. വി.എസ്.നിജിൽ, ഷൈബി സജി എന്നിവർ സംസാരിച്ചു.

രാഷ്ട്രപതിയുടെ സന്ദർശനം: വിമർശിച്ച് ഡിവൈ.എസ്.പി

പാലക്കാട്: രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ ശബരിമല സന്ദർശനത്തെ വിമർശിച്ച് ആലത്തൂർ ഡിവൈ.എസ്.പിയുടെ വാട്സാപ്പ് സ്റ്റാറ്റസ്. ഡിവൈ.എസ്.പി ആർ. മനോജ് കുമാറാണ് ആചാരലംഘനം നടന്നുവെന്നാരോപിച്ച് സ്റ്റാറ്റസ് ഇട്ടത്. സംഭവം വിവാദമായതോടെ സ്റ്റാറ്റസ് മനോജ് കുമാർ നീക്കം ചെയ്തു. താനൊരു ട്രെയിൻ യാത്രയിലായിരുന്നെന്നും വാട്ട്സാപ്പിൽ വന്ന സന്ദേശം അബദ്ധത്തിൽ സ്റ്റാറ്റസ് ആയതാണെന്നുമാണ് വിശദീകരണം. രാഷ്ട്രപതിക്കൊപ്പം യൂണിഫോം ധരിച്ച സുരക്ഷാ ഉദ്യോഗസ്ഥർ പതിനെട്ടാം പടി ചവിട്ടിയത് കടുത്ത ആചാരലംഘനമാണെന്നും, ഈ വിഷയത്തിൽ കോൺഗ്രസും ബി.ജെ.പിയും നാമജപ യാത്ര നടത്താത്തത്. ഇത് പിണറായി വിജയനോ മറ്റ് മന്ത്രിമാരോ ആയിരുന്നുവെങ്കിൽ എന്താകുമായിരുന്നു പുകില് എന്നും വിമർശിച്ചു.

കേരളത്തിൽ മദ്യനിർമാണം വർദ്ധിപ്പിക്കണമെന്ന് മന്ത്രി

പാലക്കാട്: കേരളത്തിൽ മദ്യനിർമാണം വർദ്ധിപ്പിക്കണമെന്നും തദ്ദേശീയമായി നിർമിച്ച് വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യാൻ കഴിയണമെന്നും മന്ത്രി എംബി രാജേഷ്. പ്രാദേശിക എതിർപ്പുകൾ ഉയരാമെന്നും എന്നാലത് പരിഗണിച്ചാൽ മുന്നോട്ട് പോകാൻ കഴിയില്ലെന്നും മന്ത്രി മാദ്ധ്യമങ്ങളോട് പറഞ്ഞു. കേരളത്തിൽ ഒൻപത് ഡിസ്റ്റിലറികൾ ഉണ്ടായിട്ടും ഒരു തുള്ളി മദ്യം പോലും ഉത്പാദിപ്പിക്കുന്നില്ല. കേരളത്തിന് തന്നെ മദ്യം ഉത്പാദിപ്പിക്കാവുന്നതാണ്. ചില സ്ഥാപിത താത്പര്യക്കാരാണ് തദ്ദേശീയമായുള്ള മദ്യ ഉത്പാദനത്തെ എതിർക്കുന്നത്. വെള്ളത്തിന്റെ പ്രശ്നം പറയുന്നവരുണ്ട്. കർണാടകയിൽ ഇല്ലാത്ത എന്ത് പ്രശ്നമാണ് കേരളത്തിലുള്ളത്. സ്ഥാപിത താത്പര്യങ്ങൾക്ക് മുന്നിൽ വഴങ്ങില്ല. വിവാദങ്ങൾ ഉണ്ടാകുമെന്ന് കരുതി ചില ചുവടുവയ്പ്പുകൾ എടുക്കാതിരിക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ മദ്യനയം അഞ്ച് വർഷത്തേക്കാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിൽ ഓരോ വർഷത്തേക്കാണ് മദ്യനയം രൂപീകരിക്കുന്നത്. ഇത് മദ്യനിർമാണ വ്യവസായത്തെ ബാധിക്കുന്നുണ്ട്. ദീർഘകാല മദ്യനയം ഇല്ലാത്തതിനാൽ വ്യവസായികൾ കേരളത്തിൽ വരാൻ മടിക്കുന്നു. ഇത് പരിഹരിക്കാനായി ദീർഘകാല മദ്യനയം വേണം. ഇത് സംബന്ധിച്ച ചർച്ചകൾ നടക്കണം'- മന്ത്രി എം ബി രാജേഷ് വ്യക്തമാക്കി.

ദേശീയപാത നവീകരണം, അപകടങ്ങൾക്ക് അറുതിയില്ല

ആലപ്പുഴ: നവീകരണം നടക്കുന്ന ദേശീയപാതയിലെ ഗതാഗതക്കുരുക്കിൽപ്പെട്ട് ഡയാലിസിസിന് കാറിൽ പോകുകയായിരുന്ന യുവാവ് കുഴഞ്ഞുവീണ് മരിച്ചത് കഴിഞ്ഞ ദിവസമാണ്. അരൂർ അമ്പലം ജംഗ്ഷന് സമീപമായിരുന്നു സംഭവം.ഗട്ടറിൽ പതിച്ച ബസിനുള്ളിൽ വീണ് യുവാവിന്റെ വാരിയെല്ല് പൊട്ടിയതും അടുത്തിടെയാണ്. ജില്ലയിൽ വാഹനാപകടങ്ങളിൽ പൊലിഞ്ഞ ജീവനുകളുടെ കണക്കാകട്ടെ,? ആരെയും ഞെട്ടിപ്പിക്കുന്നതും. ഭാഗ്യം കൊണ്ട് മാത്രമാണ് വലിയ പരിക്കുകളില്ലാതെ പലരും രക്ഷപ്പെടുന്നത്.കഴിഞ്ഞ ഒരു മാസത്തിനിടെ ദേശീയപാതയിൽ തോട്ടപ്പള്ളിക്കും കളർകോടിനും ഇടയിൽ മാത്രം നിരവധി അപകടങ്ങളാണ് ഉണ്ടായത്. അലക്ഷ്യമായി സ്ഥാപിച്ചിരുന്ന സംരക്ഷഭിത്തിയിൽ തട്ടി ഓട്ടോറിക്ഷ കുഴിയിലേക്ക് മറിഞ്ഞ് ദിവസങ്ങൾക്ക് മുമ്പാണ്. ഡ്രൈവർ ഉൾപ്പടെ മൂന്ന് പേർക്ക് പരിക്കേറ്റിരുന്നു. ഇതിന് തൊട്ടുമുമ്പാണ് ഇതേസ്ഥലത്ത് കാർ സംരക്ഷണഭിത്തിയിൽ ഇടിച്ച് തകർന്നത്.പുന്നപ്ര മാർക്കറ്റിന് സമീപത്തെ അടിപ്പാതയോട് ചേർന്ന് കെ.എസ്.ആ.ടി.സി ബസ് സംരക്ഷണ ഭിത്തിയിൽ ഇടിച്ചതും ആഴ്ചകൾക്ക് മുമ്പാണ്.ആലപ്പുഴ മെഡിക്കൽ കോളജിന് മുന്നിൽ സ്വകാര്യബസ് യാത്രക്കാരെ ഇറക്കുന്നതിനിടെ മറികടക്കാൻ ഇടമില്ലാതെ, നിർത്തിയിട്ടിരുന്ന ഓട്ടോറിക്ഷയ്ക്ക് പിന്നിൽ ഇൻസുലേറ്റഡ് ലോറി ഇടിച്ചതും പിന്നാലെ വന്ന നാലോളം വാഹനങ്ങൾ അപകടത്തിൽപ്പെട്ടതും അടുത്തിടെയാണ്.ഗതാഗതനിയന്ത്രണത്തിന്റെ ഭാഗമായി ദേശീയപാതയിൽ സ്ഥാപിച്ചിട്ടുള്ള കൂറ്റൻ സംരക്ഷണഭിത്തികളാണ് ജില്ലയുടെ വടക്കൻ പ്രദേശങ്ങളിലെ പ്രധാന വില്ലൻ.ബസുകൾ ഉൾപ്പടെ സംരക്ഷണ ഭിത്തിയിലിടിച്ച് അപകടത്തിൽപ്പെടുന്നത് പതിവാണ്.രാത്രിയിലാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. വെളിച്ചക്കുറവാണ് പല ഭാഗത്തെയും പ്രശ്നം. വാഹനങ്ങൾ വഴിമാറ്റിവിടുന്ന പല സ്ഥലങ്ങളിലും ദിശാസൂചനകളോ, ഡിമ്മർലൈറ്റുകളോ സ്ഥാപിച്ചിട്ടില്ല.സർവീസ് റോഡുകൾ തകർന്നുകിടക്കുന്നതും വീതിയില്ലാത്തതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. എട്ട് മീറ്റർ മാത്രം വീതിയുള്ള സർവീസ് റോഡിലെ ഫുട്പാത്ത് കൈയേറിയുള്ള കച്ചവടവും യാത്രക്കാർക്ക് വെല്ലുവിളിയാകുന്നുണ്ട്.ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചുള്ള കുഴിയെടുപ്പിൽ പൈപ്പ് ലൈൻ പൊട്ടുന്നത് പതിവാണ്. ദിവസങ്ങൾ കഴിഞ്ഞാണ് പലപ്പോഴും ഇവ പരിഹരിക്കപ്പെടാർ. ഇത് സ്ഥിരമായ കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നുണ്ട്

ജില്ലയിലെ വിൽപനയിൽ വലിയ വർദ്ധന, ഇ.വി കുതിക്കുന്നു

പത്തനംതിട്ട : പെട്രോളിന് തികയില്ലായെന്ന നാട്ടുവർത്തമാനം പഴങ്കഥയാക്കി ജില്ലയിലാകെ ഇലക്ട്രിക്ക് വാഹനങ്ങൾ നിരത്തുകൾ കീഴടക്കുന്നു. ജില്ലയിൽ ഈ വർഷം ഇതുവരെ 2208 ഇലക്ട്രിക്ക് വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021ൽ 224 ഇ.വികളാണ് ജില്ലയിൽ രജിസ്റ്റർ ചെയ്തിരുന്നത്. ഇതിലേറെയും ഇരുചക്രവാഹനങ്ങളുമായിരുന്നു. നിലവിലെ കണക്ക് പരിശോധിച്ചാൽ ഒൻപത് മടങ്ങ് വർദ്ധനയാണ് ഈ വർഷം ഇതുവരെ ഉണ്ടായിട്ടുള്ളത്. അടൂർ എസ്.ആർ.ടി.ഒയ്ക്ക് കീഴിൽ ഈ വർഷം മാത്രം 557 വാഹനങ്ങളുടെ രജിസ്ട്രേഷൻ കഴിഞ്ഞു. ജില്ലയിൽ കൂടുതൽ ഇലക്ട്രിക്ക് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അടൂരിലാണ്. മല്ലപ്പള്ളി എസ്.ആർ.ടി.ഒയിൽ ആണ് കുറവ്. പ്രമുഖ കമ്പനികളെല്ലാം ഇവികൾ വിപണിയിലിറക്കിയതോടെ വിൽപ്പനയിലും വലിയ വർദ്ധനയുണ്ടായി. അറ്റകുറ്റപ്പണിയുടെ ചെലവ് പെട്രോൾ, ഡീസൽ വാഹനങ്ങളെ അപേക്ഷിച്ച് ഇലക്ട്രോണിക്ക് വാഹനങ്ങളിൽ കുറവാണ്. കാർ ഉൾപ്പെടെയുള്ള വാഹനങ്ങൾ വീട്ടിൽ തന്നെ ചാർജ് ചെയ്യാം എന്ന നിലവന്നതോടെ ഇവിക്ക് ആവശ്യക്കാരേറി. കൂടാതെ ജില്ലയിലാകെ 33 ചാർജിംഗ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾക്കും ആവശ്യക്കാരേറെയുണ്ട്.ഇലക്ട്രോണിക്ക് വാഹനങ്ങൾക്കൊപ്പം ഹൈബ്രിഡ് ഇ വാഹനങ്ങൾക്കും ജില്ലയിൽ ആവശ്യക്കാരേറെയുണ്ട്. വൈദ്യുതിയോടൊപ്പം പെട്രോൾ, ഡീസൽ എന്നിവയിലും പ്രവർത്തിക്കുന്നവയാണ് ഹൈബ്രിഡ് വാഹനങ്ങൾ. ജില്ലയിൽ തിരുവല്ല, പത്തനംതിട്ട, അടൂർ എസ്.ആർ.ടി.ഒകളിലാണ് കൂടുതൽ ഹൈബ്രിഡ് ഇ.വി രജിസ്റ്റർ ചെയ്തിരിക്കുന്നത്.

പുളിക്കൽ മാലിന്യ പ്രശ്നം: ഹൈക്കോടതി ഉത്തരവ് ആശ്വാസമാകുമെന്ന പ്രതീക്ഷയിൽ നാട്ടുകാർ

പുളിക്കൽ: ആന്തിയൂർക്കുന്നിൽ സ്വകാര്യ സ്ഥലത്ത് വൻതോതിൽ തള്ളിയ ആശുപത്രി മാലിന്യങ്ങൾ ഒരു മാസത്തിനകം പൂർണ്ണമായി നീക്കം ചെയ്യാൻ ഹൈക്കോടതി ഉത്തരവിട്ടത് പ്രദേശവാസികൾക്ക് വലിയ ആശ്വാസമായി. മാസങ്ങളായി ആരോഗ്യ ഭീഷണി നേരിട്ടുകൊണ്ടിരുന്ന ജനങ്ങൾക്ക് നീതി ലഭിച്ചതിന്റെ സന്തോഷത്തിലാണ് സമരസമിതിയും നാട്ടുകാരും.പാമ്പ്യൂരൻ പാറക്ക് സമീപം ക്വാറി പ്രദേശത്ത് തള്ളിയ രാസമാലിന്യങ്ങളുൾപ്പെടെയുള്ള മാലിന്യം നീക്കം ചെയ്യാൻ നിയമപരമായ നടപടികൾ കൈക്കൊള്ളാൻ ജില്ല കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ ഉത്തരവ് വന്നത്. അഡ്വ. പി.കെ. ലത്തീഫ് മുഖേനയാണ് പരാതി സമർപ്പിച്ചത്. കഴിഞ്ഞ ആഗസ്റ്റ് മൂന്നിനാണ് ജനവാസമേഖലയിൽ ടൺ കണക്കിന് മാലിന്യം തള്ളിയത്. മാലിന്യം തള്ളിയവരെ നാട്ടുകാർ കൈയോടെ പിടികൂടി പൊലീസിലും പഞ്ചായത്തിലും വിവരമറിയിച്ചിരുന്നു. തുടർന്ന് പുളിക്കൽ പഞ്ചായത്ത് വൻ തുക പിഴ ചുമത്തുകയും മാലിന്യം നീക്കാൻ നോട്ടീസ് നൽകുകയും ചെയ്തിരുന്നെങ്കിലും പൂർണ്ണമായി നീക്കം ചെയ്യാൻ അധികൃതർക്ക് കഴിഞ്ഞിരുന്നില്ല.

മാലിന്യം നീക്കാത്തതിനെതുടർന്ന് നാട്ടുകാർ നിരന്തരമായി പ്രതിഷേധിക്കുകയും അധികാരികൾക്ക് പരാതി നൽകുകയും ചെയ്തിട്ടും ഫലമില്ലാതെ വന്നതോടെയാണ് ആരോഗ്യ ഭീഷണി ചൂണ്ടിക്കാട്ടി ഇവർ ഹൈക്കോടതിയെ സമീപിച്ചത്. കോടതി ഉത്തരവ് വന്നതോടെ, ഇത്രയും കാലം തങ്ങൾ അനുഭവിച്ച ദുരിതത്തിന് അവസാനമാകുമെന്ന പ്രതീക്ഷയിലാണ് ആന്തിയൂർക്കുന്നിലെ ജനങ്ങൾ. കളക്ടർ അടിയന്തരമായി ഇടപെട്ട് ഒരു മാസത്തിനുള്ളിൽ മാലിന്യം നീക്കം ചെയ്യുമെന്നാണ് നാട്ടുകാരുടെ പ്രതീക്ഷ. കോടതിയുടെ ഈ ഉത്തരവ് ഞങ്ങൾക്ക് ലഭിച്ച ഏറ്റവും വലിയ ആശ്വാസമാണ്. ഒരു മാസത്തിനകം മാലിന്യം നീക്കം ചെയ്യാൻ കളക്ടർക്ക് നിർദ്ദേശം നൽകിയത് ഞങ്ങളുടെ പോരാട്ടം വിജയിച്ചു എന്നതിന്റെ തെളിവാണ്,' സമരസമിതിക്ക് വേണ്ടി ഹൈക്കോടതിയെ സമീപിച്ച കെ.ടി. ലിയാഖത്തലി പ്രതികരിച്ചു.

കൊയ്ത്ത് കഴിയാറായിട്ടും നെല്ല് സംഭരണം നീളുന്നു

പാലക്കാട്: ജില്ലയിൽ ഒന്നാംവിള കൊയ്ത്ത് 80 ശതമാനത്തിലേറെ കഴിഞ്ഞിട്ടും നെല്ല് സംഭരണത്തിലെ അനിശ്ചിതത്വം നീങ്ങുന്നില്ല. നെല്ലെടുപ്പ് ആരംഭിക്കാത്തതിനാൽ ആയിരക്കണക്കിനു കർഷകർ കടുത്ത പ്രതിസന്ധിയിലായി. കിലോയ്ക്ക് 10 രൂപ വരെ നഷ്ടം സഹിച്ച് കിട്ടിയ വിലയ്ക്ക് നെല്ലു വിൽക്കുകയാണ് കർഷകർ. സപ്ലൈകോ സംഭരണവില പ്രഖ്യാപിക്കാത്തതു മുതലെടുത്തു മില്ലുകൾ വില വല്ലാതെ താഴ്ത്തുന്നുണ്ട്. നെല്ല് മില്ലിൽ എത്തിച്ചു നൽകണമെന്നതുൾപ്പെടെയുള്ള അധിക നിബന്ധനകളും അടിച്ചേൽപ്പിക്കുന്നു. സർക്കാർ വില കഴിഞ്ഞ വർഷത്തേതു തന്നെയാണെന്ന രീതിയിൽ സ്വകാര്യ മില്ലുകളും വെള്ള നെല്ലിന് 20 രൂപയും മട്ടന്നല്ലിന് 23 രൂപ വരെയും നൽകി സംഭരിക്കാൻ രംഗത്ത് വന്നിട്ടുണ്ട്. കഴിഞ്ഞവർഷത്തെ നെല്ലു വില ആണെങ്കിൽ കിലോയ്ക്ക് 28 രൂപ 20 പൈസയാണ് ലഭിക്കുക. വിലയിലും മില്ലുകളെ അനുവദിക്കുന്നതിലും മൂന്നുദിവസം മുമ്പ് നടന്ന ചർച്ചയിൽ തീരുമാനമായില്ല. സപ്ലൈകോയാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സ്വകാര്യ മില്ലുകളെ ചുമതലപ്പെടുത്താറുള്ളത്. മുമ്പ് രണ്ട് തവണ മില്ലുകളുമായി ചർച്ച നടത്തിയെങ്കിലും മില്ലുകാരുടെ ആവശ്യങ്ങൾക്ക് സപ്ലൈകോയും വഴങ്ങിയിരുന്നില്ല. സംഭരിച്ച നെല്ലിന്റെ നിശ്ചിത അനുപാതമായ 60 ശതമാനം അരി സപ്ലൈകോയ്ക്ക് നൽകണമെന്ന കേന്ദ്ര വ്യവസ്ഥ അംഗീകരിക്കാൻ കഴിയില്ലെന്നാണ് മില്ലുടമകൾ പറയുന്നത്. കൈകാര്യ ചെലവ് വർദ്ധന, ജി.എസ്.ടി ഇളവ്എന്നിവയും മില്ലുടമാ സംഘം ആവശ്യപ്പെടുന്നു. കഴിഞ്ഞയാഴ്ച പാലക്കാട് റൈസ് വില്ലേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി 18ന് എറണാകുളത്ത് വച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി വീണ്ടും ചർച്ച നടത്തുന്നുണ്ടെന്ന് മില്ലുടമാസംഘം ഭാരവാഹികൾ പറഞ്ഞു. സംഭരണം വൈകിയതോടെ കൊയ്ത്തു കഴിഞ്ഞയിടങ്ങളിൽ ലഭ്യമായ വെയിലിൽ നെല്ല് ഉണക്കി വീട്ടു പരിസരത്ത് സൂക്ഷിക്കുകയാണ്. തുലാവർഷത്തിന് മുന്നോടിയായുള്ള മഴ ആരംഭിച്ചതോടെ നെല്ല് നനയാതെ സൂക്ഷിക്കാൻ കഴിയാത്തതിനാൽ ദുരിതത്തിലായി കർഷകർ. പ്ലാസ്റ്റിക് ഷീറ്റും ടാർപായകളും ഉപയോഗിച്ചാണ് താൽക്കാലികമായി നെല്ല് മഴ കൊള്ളാതെ സൂക്ഷിക്കുന്നത്. കൂടുതൽ ദിവസം ഇത്തരത്തിൽ സൂക്ഷിക്കാൻ കഴിയില്ലെന്നും അന്തരീക്ഷ ഈർപ്പം കൂടുതൽ നിലനിൽക്കുന്നതിനാൽ നെല്ല് കൂട്ടി പൊതിഞ്ഞു വെച്ചാൽ മുളച്ചു പേകാനുള്ള സാധ്യതയുണ്ടെന്നും കർഷകർ പറയുന്നു.

കുടിവെള്ളപദ്ധതി പഞ്ചായത്ത് രേഖയിലില്ല; ആദിവാസി നഗറിലുള്ളവർ പഞ്ചായത്ത് സെക്രട്ടറിയെ ഉപരോധിച്ചു

കാളികാവ് : നെല്ലിയാംപാടം ആദിവാസി നഗറിലെ കുടിവെള്ളപദ്ധതിയുടെ കിണർ പഞ്ചായത്ത് രേഖയിൽനിന്ന് അപ്രത്യക്ഷമായി. അധികൃതരുടെ അനാസ്ഥയിൽ പ്രതിഷേധിച്ച് ചോക്കാട് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയെ ആദിവാസികൾ ഉപരോധിച്ചു. കുടിവെള്ളപ്രശ്നത്തിന് പരിഹാരം തേടിയെത്തിയപ്പോൾ കുടിവെള്ളപദ്ധതിയുടെ കിണർതന്നെ ആസ്തിരജിസ്റ്ററിൽ ഇല്ലെന്ന അധികൃതരുടെ മറുപടി ആദിവാസികളെ പ്രകോപിതരാക്കുകയായിരുന്നു. 10 വർഷത്തിലേറെയായി പ്രദേശത്തുകാർ ഉപയോഗിച്ച പൊതു കിണറാണിത്. ജില്ലാപഞ്ചായത്തും ഗ്രാമപ്പഞ്ചായത്തും കുടിവെള്ളപദ്ധതിക്ക് ഒന്നിലധികംതവണ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള ജില്ലാപഞ്ചായത്ത് നിർമിച്ച കുടിവെള്ളപദ്ധതി തകരാറിലായിട്ടുണ്ട്. കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് അനുവദിച്ച ഫണ്ട് പാഴാകുമെന്ന ആശങ്കയിൽ കിണർ രേഖയിൽനിന്നു നീക്കിയതാകാമെന്ന് പ്രതിഷേധക്കാർ ആരോപിച്ചു. കുടിവെള്ളത്തിനായി മറ്റു മാർഗമില്ലാതെ നെല്ലിയാംപാടത്തുകാർ പ്രയാസത്തിലാണ്. രണ്ടുലക്ഷം രൂപ വകയിരുത്തിയ കുടിവെള്ളപദ്ധതി രേഖയിൽ ഇല്ലെന്നത് വിചിത്രമാണെന്ന് ഗ്രാമപ്പഞ്ചായത്തംഗം കെ.ടി. സലീന പറഞ്ഞു. പഞ്ചായത്തിന്റെ അനാസ്ഥയ്ക്കെതിരേ ഗ്രാമപ്പഞ്ചായത്ത് അംഗങ്ങളായ കെ.ടി. സലീന, കെ. ഷാഹിനാബാനു, എം. അൻവർ, കെ.ടി. മജീദ്, സിപിഎം ലോക്കൽ സെക്രട്ടറി കെ.ടി. മുജീബ് എന്നിവരുടെ നേതൃത്വത്തിലാണ് പഞ്ചായത്ത് സെക്രട്ടറിയെ ഉപരോധിച്ചത്. പ്രശ്നം പരിശോധിച്ച് രണ്ടുദിവസത്തിനകം പരിഹരിക്കാം എന്ന ഉറപ്പിലാണ് ഉപരോധം അവസാനിപ്പിച്ചത്. കാളികാവ് എസ്ഐ ഇല്ലിക്കൽ അൻവർ സാദത്തിന്റെ നേതൃത്വത്തിൽ പോലീസും സ്ഥലത്തെത്തി. വാർഡുകളിലെ പദ്ധതികൾ ആസ്തിരേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഗ്രാമപ്പഞ്ചായത്തുകൾക്ക് നിർദേശം നൽകിയിരുന്നതായി പ്രസിഡന്റ് പറഞ്ഞു.ആസ്തിരേഖയിൽ ഉൾപ്പെടാതെ ഫണ്ട് അനുവദിച്ചതിനെക്കുറിച്ച് അറിയില്ലെന്നും പ്രസിഡൻറ് ഇ.പി. സിറാജുദ്ദീൻ പറഞ്ഞു. ഇപ്പോഴത്തെ സമരം രാഷ്ട്രീയപ്രേരിതമാണെന്നും പ്രസിഡൻറ് പറഞ്ഞു.

തുലാമഴയിൽ 42 ശതമാനത്തിന്റെ കുറവ്

മലപ്പുറം: ന്യൂന മർദ്ദത്തിന് പിന്നാലെ മഴ കനത്തിട്ടുണ്ടെങ്കിലും തുലാ മഴയുടെ കാര്യത്തിൽ ജില്ല പിന്നിൽ തന്നെ. ശക്തമായ തുലാം മഴ ലഭിക്കേണ്ട ഒക്ടോബറിൽ മഴയിൽ 42 ശതമാനത്തിന്റെ കുറവാണ് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. കാലവർഷക്കാറ്റ് ദുർബലമായതോടെ തുലാ മഴ ജില്ലയിൽ കാര്യമായി ലഭിച്ചിട്ടില്ല. ഒക്ടോബർ ഒന്നിനാണ് തുലാവർഷം ഔദ്യോഗികമായി ആരംഭിച്ചത്. ഡിസംബർ വരെ മഴ നീളുമെങ്കിലും ഏറ്റവും കൂടുതൽ മഴ ലഭിക്കേണ്ടത് ഒക്ടോബറിലാണ്. ഉച്ചയ്ക്ക് ശേഷം ഇടിമിന്നലോട് കൂടിയ കനത്ത മഴയാണ് ലഭിക്കാറുള്ളത്. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലുമായി രൂപപ്പെട്ട ഇരട്ട ന്യൂന മർദ്ദത്തെ തുടർന്നാണ് ജില്ലയിൽ ഇന്ന് റെഡ് അലേർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലും ജില്ലയിൽ പലയിടങ്ങളിലായി പെയ്ത മഴയും ന്യൂന മർദ്ദങ്ങളെ തുടർന്നായിരുന്നു. ജില്ലയിൽ അതിതീവ്രമഴയ്ക്ക് സാദ്ധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് റെഡ് അലർട്ട് പ്രഖ്യാപിച്ചു. 24 മണിക്കൂറിൽ 204.4 മില്ലീമീറ്ററിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് പ്രവചനം. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

ഫ്രഷ്കട്ട് സംഘർഷം; രണ്ടുപേരെ കസ്റ്റഡിയിലെടുത്തു

കോഴിക്കോട്: താമരശ്ശേരിയിലെ ഫ്രഷ്കട്ട് മാലിന്യ സംസ്കരണ കേന്ദ്രത്തിനെതിരായ സമരത്തെ തുടർന്നുണ്ടായ സംഘർഷത്തിൽ പൊലീസ് രണ്ട് പേരെ കസ്റ്റഡിയിൽ എടുത്തു. പോലീസിനു നേരെ ആക്രമണം നടത്തിയെന്ന കേസിലാണ് രണ്ട് പേരെ കസ്റ്റഡിയിൽ എടുത്തത്. ആം ആദ്മി പ്രവർത്തകനും, സമരസമിതി പ്രവർത്തകനുമായ താമരശ്ശേരി ചുണ്ടക്കുന്ന് സ്വദേശി ബാവൻകുട്ടി, കൂടത്തായി സ്വദേശി എപി അഷ്റഫ് എന്നിവരെയാണ് പോലീസ് കസ്റ്റഡിയിൽ എടുത്തത്.

സംഘർഷത്തിൽ ഡിവൈഎഫ്ഐ നേതാവ് ഉൾപ്പെടെ 321 പേർക്കെതിരെ കേസ് എടുത്തിരുന്നു. ചൊവ്വാഴ്ച വൈകീട്ടാണ് പ്ലാന്റിനു മുന്നിൽ നടന്ന സമരത്തിനിടെ സംഘർഷമുണ്ടായത്. സംഘർഷത്തിൽ കോഴിക്കോട് റൂറൽ എസ്പി ഉൾപ്പെടെ 16 പൊലീസുകാർക്കും 25 ഓളം നാട്ടുകാർക്കും പരിക്കേറ്റിരുന്നു.

താമരശ്ശേരിയിലെ ഫ്രഷ് കട്ട് കോഴിയറവ് മാലിന്യ പ്ലാന്റിനെതിരെയുള്ള സമരത്തിൽ പങ്കെടുത്ത രണ്ടുപേർ പൊലീസ് പിടിയിൽ. കൂടത്തായി ബസാർ ആലപ്പായിൽ ഹൗസിൽ അബ്ദുൽ റഷീദ് (53),താമരശ്ശേരി രാരോത്ത് ചുണ്ടക്കുന്ന് കിണറുള്ളകണ്ടി ഹൗസിൽ ഭാവൻകുട്ടി കെ.എൻ (71) എന്നിവരെയാണ് താമരശ്ശേരി പൊലീസ് കസ്റ്റഡിയിലെടുത്തത്. ഭാവൻകുട്ടി പൊതുപ്രവർത്തകനും ആംആദ്മി പാർട്ടി മണ്ഡലം സെക്രട്ടറിയുമാണ്.

പ്ലാന്റ് തീവച്ചതിലും പൊലീസിനെ അക്രമിച്ചതിലും ദൃശ്യങ്ങൾ പരിശോധിച്ച് കൂടുതൽ പേരെ പിടികൂടാനുള്ള ശ്രമത്തിലാണ് പൊലീസ്. ഇതിനായി കരിമ്പാലക്കുന്ന് പ്രദേശത്ത് രാത്രിയും വീടുകളിൽ തെരച്ചിൽ നടത്തി. സംയുക്ത സമര സമിതി പ്രവർത്തകർക്കെതിരെയും പുതിയ കേസെടുത്തിട്ടുണ്ട്. അഞ്ഞൂറിലധികം പേർക്കെതിരെയാണ് കേസ്. ഉത്തര മേഖല ഡി.ഐ.ജി യതീഷ് ചന്ദ്ര ഇന്നലെ താമരശ്ശേരിയിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

അതേസമയം,അക്രമികളെ കണ്ടെത്താൻ സ്ത്രീകളുള്ള വീടുകളിലും രാത്രി പൊലീസ് തെരച്ചിൽ നടത്തിയത് പ്രതിഷേധത്തിനിടയാക്കി. ഇതിനെതിരെ യു.ഡി.എഫ് ഇന്നലെ പ്രതിഷേധ ധർണയും നടത്തി. അതിനിടെ അക്രമത്തിന് നേതൃത്വം നൽകിയത് എസ്.ഡി.പി.ഐയാണെന്ന് സി.പി.എം ജില്ലാനേതൃത്വം ആരോപിച്ചത് വിവാദമായി. സംഘർഷത്തിൽ പരിക്കേറ്റ റൂറൽ എസ്.പി കെ.ഇ ബൈജു ഇന്നലെ ആശുപത്രി വിട്ടു.

'എന്നെ മർദിച്ചത് പൊലീസിൽ നിന്ന് പിരിച്ചുവിട്ടയാൾ, സിപിഎമ്മുമായി അടുത്ത ബന്ധം'; ചിത്രങ്ങൾ സഹിതം പുറത്തുവിട്ട് ഷാഫി

കോഴിക്കോട്: പേരാമ്പ്ര സംഘർഷത്തിൽ തന്നെ മർദിച്ച പൊലീസുകാരന്റെ വിവരങ്ങൾ പങ്കുവച്ച് ഷാഫി പറമ്പിൽ എംപി. പൊലീസിന് ഇപ്പോഴും കണ്ടെത്താനാകാത്ത ഉദ്യോഗസ്ഥന്റെ വിവരങ്ങൾ സഹിതം ഷാഫി വാർത്താസമ്മേളനത്തിൽ പറഞ്ഞു. സിപിഎമ്മിന്റെ തിരക്കഥയ് ക്കനുസരിച്ചാണ് പൊലീസ് ആക്രമണം നടത്തിയതെന്നും അദ്ദേഹം പറഞ്ഞു.

ഷാഫി പറമ്പിലിന്റെ വാക്കുകൾ:

'സമരകാലത്തെപ്പറ്റി പറയുന്നവരും സമരവീര്യത്തെപ്പറ്റി പ്രസംഗിച്ചവരും ഇപ്പോൾ ഭരണത്തിന്റെ സുഖലോലുപതയ് ക്ക് അടിമകളാണ്. സമരമെന്ന് കേൾക്കുമ്പോൾ അവർക്ക് അലർജിയും പുച്ഛവുമാണ്. സമരരംഗത്ത് വീഴുന്ന ചോരയോട് അവർക്ക് പരിഹാസമാണ്. ഭരണം ആരുടെയും ഫിക് സഡ് ഡെപ്പോസിറ്റ് അല്ല. നാളെ ഏത് ഭരണം വന്നാലും പൊലീസ് സമരക്കാരുടെ മുഖത്തേക്ക് ഗ്രനേഡ് എറിയുന്നതും തലതല്ലി പൊളിക്കാൻ ശ്രമിക്കുന്നതിനും യോജിപ്പില്ലാത്ത യുവജന സംഘടനയിൽ പ്രവർത്തിച്ച വരാണ് ഞങ്ങൾ.മൂക്ക് പൊട്ടിയാൽ സംസാരിക്കാൻ പറ്റുമോയെന്ന് ഏതെങ്കിലും സൈബർ സഖാവ് ചോദിക്കുന്നത് മനസിലാക്കാം. പക്ഷേ, ഉത്തരവാദിത്തപ്പെട്ട എൽഡിഎഫ് കൺവീനർ ഇങ്ങനെ ചോദിക്കുന്നത് ശരിയാണോ. മൂക്കിന്റെ ചികിത്സയ്ക്ക് താടിയും മീശയും തടസമാകുമോ എന്ന് പരിചയമുള്ള ഏതെങ്കിലും ഡോക്ടറോട് ചോദിച്ചാൽ പറഞ്ഞുതരും. അതിനുള്ള പുതിയ ചികിത്സാ സംവിധാനങ്ങളെല്ലാം വന്നിട്ടുണ്ടെന്ന് മനസിലാക്കണം.

പേരാമ്പ്രയിൽ പൊലീസ് ആസൂത്രിത അക്രമമാണ് നടത്തിയത്. അഭിലാഷ് ഡേവിഡ് എന്ന ഉദ്യോഗസ്ഥനാണ് എന്നെ മർദിച്ചത്. 2023 ജനുവരി 16ന് പെരുമാറ്റദൂഷ്യത്തെത്തുടർന്ന് ഇയാൾ സസ് പെൻഷനിലായി. പിന്നീട് ഇയാളെ പിരിച്ചുവിട്ടതായി വാർത്തകൾ വന്നിരുന്നു. വഞ്ചിയൂർ സിപിഎം ഓഫീസിലെ നിത്യസന്ദർശകനാണ് ഇയാൾ. പൊലീസ് സൈറ്റിൽ ഇയാളെക്കുറിച്ചുള്ള വിവരങ്ങളില്ല. പക്ഷേ, നിലവിൽ ഇയാൾ വടകര കൺട്രോൾ റൂം സിഐ ആണ്. സിപിഎമ്മിന്റെ തിരക്കഥയ്ക്കനുസരിച്ചാണ് പൊലീസുകാർ പ്രവർത്തിക്കുന്നത്.'

കെ.എസ്.എസ്.പി.യു കുടുംബസംഗമം

നാദാപുരം: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ തൂണേരി പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കുടുംബ സംഗമം നാദാപുരം സി.സി.യു.പി. സ്കൂൾ ഹാളിൽ തൂണേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വളപ്പിൽ കുഞ്ഞമ്മത് ഉദ്ഘാടനം ചെയ്തു. യൂണിയൻ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ബാലരാജൻ മാണിക്കോത്ത് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കൗൺസിലർ പ്രതിഭകളെ അനുമോദിച്ചു. സെക്രട്ടറി സുരേന്ദ്രൻ തൂണേരി, എം.പി. സഹദേവൻ, ബ്ലോക്ക് സെക്രട്ടറി കെ. ഹേമചന്ദ്രൻ, പി.കെ. സുജാത, എം.കെ. രാധ, വി. രാജലക്ഷ്മി, സി.സരസ്വതി, കെ. രാജൻ, കെ.വി.ഹരിദാസ്, ടി.പി.അബ്ദുള്ള, കെ.രവീന്ദ്രൻ, പി.എം. ജാനു, വി.സുജാത, എ.കെ.ശശികല എന്നിവർ പ്രസംഗിച്ചു. കലാപരിപാടി ജില്ലാ കമ്മിറ്റി അംഗം പി.വി വിജയകുമാർ ഉദ്ഘാടനം ചെയ്തു. തുളസീദാസ് അദ്ധ്യക്ഷത വഹിച്ചു.

കോഴിക്കോട് സ്വദേശിനിയെ ആറ്റിങ്ങലിലെ ലോഡ്ജിൽ കൊലപ്പെടുത്തിയ സംഭവം: പ്രതി പിടിയിൽ

കോഴിക്കോട്: വടകര സ്വദേശിനിയെ ആറ്റിങ്ങലിൽ ലോഡ്ജ് മുറിയിൽ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ പ്രതി ജോബി ജോർജ് പിടിയിലായി. കോഴിക്കോട് വെച്ച് ഇന്ന് രാവിലെയാണ് ജോബി ജോർജ് പിടിയിലായത്. ആറ്റിങ്ങൽ മൂന്നുമുക്ക് വാട്ടർസപ്ലൈ റോഡ് ഗ്രീൻ ഇൻ ലോഡ്ജിലാണ് സംഭവം നടക്കുന്നത്. അഞ്ചു ദിവസം മുൻപ് മാത്രമാണ് ജോബി ജോർജ് ലോഡ്ജിൽ ജോലിക്ക് കയറുന്നത്. ചൊവ്വാഴ്ച രാത്രി ഒൻപതുമണിയോടെ ഭാര്യയെന്നു പരിചയപ്പെടുത്തിയാണ് ജോബി അസ്മിനയെ ലോഡ്ജിലേക്കു കൂട്ടിക്കൊണ്ടുവന്നത്. മുറി വാടകയ് ക്കെടുത്തശേഷം അസ്മിനയെ മുറിയിലാക്കിയിട്ട് ഇയാൾ മറ്റു ജീവനക്കാർക്കൊപ്പം റിസപ്ഷനിലെത്തി. രാത്രി 1.30ഓടെ ഇയാൾ മുറിയിലേക്കു പോയെന്നാണ് മറ്റു ജീവനക്കാർ പോലീസിനോടു പറഞ്ഞത്.രാവിലെ ഇരുവരെയും കാണാത്തതിനെത്തുടർന്ന് ജീവനക്കാർ വാതിലിൽ മുട്ടി വിളിച്ചുനോക്കിയെങ്കിലും തുറന്നില്ല. തുടർന്ന് പോലീസിനെ വിവരം അറിയിച്ചു. പോലീസെത്തി വാതിൽ തുറന്നു നോക്കുമ്പോഴാണ് അസ്മിനയെ മരിച്ചനിലയിൽ കണ്ടത്. കട്ടിലിൽ കിടക്കുന്ന രീതിയിലാണ് മൃതദേഹം കണ്ടെത്തിയത്. കൈകളിൽ മുറിവുകളുമുണ്ടായിരുന്നു. മദ്യക്കുപ്പി ഉടഞ്ഞ് ചിതറിയ നിലയിലും കണ്ടെത്തി. ബുധനാഴ്ച രാവിലെ 4.30-ന് ജോബി ലോഡ്ജിനു പുറത്തേക്കു പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിരുന്നു.

പൊറോട്ട - ബീഫ് പരാമർശം; എൻകെ പ്രേമചന്ദ്രൻ എംപിക്കെതിരെ പൊലീസിൽ പരാതി നൽകി ബിന്ദു അമ്മിണി

കോഴിക്കോട്: ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശത്തിൽ എൻകെ പ്രേമചന്ദ്രൻ എംപിക്കെതിരെ പരാതിയുമായി ബിന്ദു അമ്മിണി. കൊയിലാണ്ടി പൊലീസിലാണ് ബിന്ദു പരാതി നൽകിയത്. പൊറോട്ടയും ബീഫും നൽകി രഹന ഫാത്തിമ, ബിന്ദു അമ്മിണി എന്നിവരെ ശബരിമലയിൽ എത്തിച്ച പിണറായി സർക്കാർ വിശ്വാസത്തെ വികലമാക്കിയെന്നും അതേ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പും ആൾക്കാരുമാണ് പമ്പയിൽ ആഗോള അയ്യപ്പ സംഗമം നടത്തിയതെന്നുമായിരുന്നു എൻകെ പ്രേമചന്ദ്രന്റെ പ്രസ്താവന.5ഈ പ്രസ്താവന തെറ്റാണെന്നും അധിക്ഷേപകരമാണെന്നും തന്റെ അന്തസിനും പ്രശസ്തിക്കും കളങ്കം വരുത്തുന്നതാണെന്നും ബിന്ദു അമ്മിണി പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. പാലയിലെ ഗസ്റ്റ് ഹൗസിലോ കോട്ടയം പൊലീസ് ക്ലബ്ബിലോ പോയിട്ടില്ലെന്നും തന്റെ പേരിനൊപ്പം രഹന ഫാത്തിമയുടെ പേര് നൽകിയത് ഒരു മുസ്ലിം വനിതയുടെ നാമം തന്റെ പേരിനൊപ്പം ചേർക്കണം എന്ന ദുരുദ്ദേശത്തോട് കൂടിയാണെന്നും ഇതിനുശേഷം താൻ വലിയ രീതിയിലുള്ള അധിക്ഷേപങ്ങളും സോഷ്യൽ മീഡിയ അറ്റാക്കും നേരിടുന്നു എന്നും ബിന്ദു അമ്മിണിയുടെ പരാതിയിൽ പറയുന്നു.

മതസൗഹാർദ്ദം തകർക്കുകയും കൂടി ലക്ഷ്യമിട്ടാണ് എൻകെ പ്രേമചന്ദ്രന്റെ പരാമർശം. ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ഒരാളെ കരുതിക്കൂട്ടി അപമാനിക്കുക എന്നൊരു ഉദ്ദേശവും അദ്ദേഹത്തിന്റെ വാക്കുകൾക്കുണ്ട്. എൻകെ പ്രേമചന്ദ്രൻ നിയമബിരുദധാരിയാണെന്നും തന്റെ വാക്കുകളുടെ പരിണിതഫലം അറിയാതെയല്ല അദ്ദേഹത്തിന്റെ പരാമർശമെന്നും ഭരണഘടന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ഒരു പാർലമെന്റ് അംഗത്തിൽ നിന്നുണ്ടായ പരാമർശത്തിനെതിരെ കേസെടുക്കണമെന്നും ആവശ്യപ്പെട്ടാണ് ബിന്ദു അമ്മിണി കൊയിലാണ്ടി പൊലീസിൽ പരാതി നൽകിയിട്ടുള്ളത്.

പട്ടികവർഗ വിദ്യാർത്ഥിനികൾ ദുരിതത്തിൽ

കൽപ്പറ്റ: പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള തിരുനെല്ലി ആശ്രമവിദ്യാലയത്തിൽ വിദ്യാർത്ഥിനികൾ ദുരിതത്തിൽ.പട്ടികജാതിവർഗ പിന്നാക്ക ക്ഷേമ മന്ത്രി ഒ.ആർ. കേളുവിന്റെ മണ്ഡലത്തിലും പഞ്ചായത്തിലുമാണ് തിരുനെല്ലി ആശ്രമം സ്കൂൾ.കെട്ടിടം അപകടാവസ്ഥയിലായതോടെ ഹോസ്റ്റൽ പ്രവർത്തനം നിലച്ചതാണ് വിദ്യാലയത്തിലെ 127 പട്ടികവർഗ വിദ്യാർത്ഥിനികൾക്ക് ദുരിതമായത്. ഹോസ്റ്റൽ അപകടാവസ്ഥയിലാണെന്ന് പൊതുമരാമത്ത് എൻജിനിയർ നാലുമാസം മുമ്പ് രേഖാമൂലം ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നു.തുടർന്ന് ഇവരെ മൂന്നു ക്ലാസ് മുറികളിലാണ് താത്കാലികമായി പാർപ്പിച്ചിരിക്കുന്നത്.ഇവർക്ക് ഒരു ശുചിമുറി മാത്രമാണുള്ളത്.വിദ്യാലയം ആറളത്തേക്കു മാറ്റാൻ നേരത്തേ തീരുമാനമായെങ്കിലും കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തത് തിരിച്ചടിയായി.ആൺ,പെൺ വിഭാഗങ്ങളിലായി 256 കുട്ടികളാണ് ആശ്രമ വിദ്യാലയത്തിലുള്ളത്.അടിയ,പണിയ വിഭാഗങ്ങളിൽനിന്നുള്ളവരാണ് ഇവർ.ആശ്രമവിദ്യാലയത്തിൽ പെൺകുട്ടികൾ അനുഭവിക്കുന്ന ദുരിതം അങ്ങേയറ്റം സങ്കടകരവും പ്രതിഷേധാർഹവുമാണെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി കെ.എൽ. പൗലോസ് പറഞ്ഞു.

ഡിവൈഎസ്പി ഓഫീസിലേക്ക് യുഡിഎഫ് നടത്തിയ മാർച്ചിൽ സംഘർഷം

സുൽത്താൻബത്തേരി : ഡിവൈഎസ്പി ഓഫീസിലേക്ക് യുഡിഎഫ് ബത്തേരി നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ മാർച്ചിൽ പോലീസുമായി സംഘർഷം. ബ്രഹ്മഗിരി അഴിമതിയിൽ കേസെടുക്കാത്തതിലും ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ച സിപിഎം മുൻ ലോക്കൽ സെക്രട്ടറിയെ പോലീസ് സംരക്ഷിക്കുന്നതായി ആരോപിച്ചുമായിരുന്നു മാർച്ച്. രാവിലെ 11-ന് അസംപ്ഷൻ ജങ്ഷനിൽ തുടങ്ങി ടൗൺ ചുറ്റിയെത്തിയ മാർച്ച് പോലീസ് സ്റ്റേഷന് എതിർവശത്തെ ഡിവൈഎസ്പി ഓഫീസ് റോഡിൽ പോലീസ് ബാരിക്കേഡുവെച്ച് തടഞ്ഞു. പ്രവർത്തകർ ബാരിക്കേഡ് മറിച്ചിടാൻ ശ്രമിക്കുകയും ഒന്നുരണ്ട് പ്രവർത്തകർ ബാരിക്കേഡിനുമുകളിൽ കയറുകയുംചെയ്തു.ഇതിനിടെ, ബാരിക്കേഡുകൾ കൂട്ടിക്കെട്ടിയ കയർ പ്രവർത്തകർ അഴിക്കുകയും കയറിന്റെ ഒരുഭാഗം പോലീസിന്റെയും മറുഭാഗം പ്രവർത്തകരുടെയും കൈയിലായി പിടിവലിയായി. ഇതോടെ പ്രവർത്തകർക്കുപിന്നിൽ നിന്നിരുന്ന എസ്ഐയുടെ നേതൃത്വത്തിൽ പോലീസ് സംഘം ബാരിക്കേഡിനുമുന്നിലേക്ക് നീങ്ങി. ഇതാണ് പ്രവർത്തകരെ പ്രകോപിപ്പിച്ചത്. സമാധാനപരമായി നടത്തുന്ന മാർച്ച് അലങ്കോലപ്പെടുത്താൻ പോലീസ് ശ്രമിക്കുകയാണെന്ന് ആരോപിച്ച് പോലീസിനോട് ബാരിക്കേഡിനു മുന്നിൽനിന്ന് മാറാൻ പ്രവർത്തകർ ആവശ്യപ്പെട്ടു. പോലീസ് മാറാതെ വന്നതോടെ തള്ളിമാറ്റാനുള്ള ശ്രമമാണ് സംഘർഷത്തിനിടയാക്കിയത്. ഇരുവശത്തും മതിലുകളുള്ള ഭാഗത്ത് ഒറ്റപ്പെട്ട എസ്ഐ ഉൾപ്പെടെയുള്ള പോലീസുകാരോട് വാക്കേറ്റവും ഉന്തും തള്ളും ശക്തമായതോടെ ഐ.സി. ബാലകൃഷ്ണൻ എംഎൽഎ, ഡി.പി. രാജശേഖരൻ, പി.പി. അയൂബ്, നിസി അഹമ്മദ്, സംഷാദ് മരക്കാർ തുടങ്ങിയ നേതാക്കൾ പ്രവർത്തകരെ പിന്തിരിപ്പിക്കുകയായിരുന്നു. മാർച്ച് ഐ.സി. ബാലകൃഷ്ണൻ എംഎൽഎ ഉദ്ഘാടനംചെയ്തു. യുഡിഎഫ് നിയോജകമണ്ഡലം ചെയർമാൻ ഡി.പി. രാജശേഖരൻ അധ്യക്ഷതവഹിച്ചു.കൺവീനർ മാടക്കര അബ്ദുള്ള, മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി. മുഹമ്മദ്, കെപിസിസി ജനറൽ സെക്രട്ടറി കെ.എൽ. പൗലോസ്, ഉമ്മർ കുണ്ടാട്ടിൽ, പി.പി. അയൂബ്, എം.എ. അസൈനാർ, ജോസഫ് കളപ്പുരക്കൽ, സംഷാദ് മരക്കാർ, കെ.ഇ. വിനയൻ, അമൽ ജോയ് തുടങ്ങിയവർ പ്രസംഗിച്ചു. വർഗീസ് മുരിയൻകാവിൽ, എൻ.യു. ഉലഹന്നാൻ, നിസി അഹമ്മദ്, ലയണൽ മാത്യു, രാജേഷ്കുമാർ, ബീന തോമസ്, ബാബു പഴുപ്പത്തൂർ, സി.കെ. ഹാരിഫ്, മിനി പ്രകാശൻ, ജയമുരളി തുടങ്ങിയവർ നേതൃത്വം നൽകി.സമാധാനപരമായി നടത്തിയ ഡിവൈഎസ്പി ഓഫീസ് മാർച്ചിൽ പോലീസ് മനഃപൂർവം പ്രകോപനമുണ്ടാക്കുകയായിരുന്നെന്ന് മാർച്ച് ഉദ്ഘാടനംചെയ്ത ഐ.സി. ബാലകൃഷ്ണൻ എംഎൽഎ. സംഘർഷമുണ്ടാക്കാനും പോലീസുമായി ഏറ്റുമുട്ടിയെന്ന് വരുത്താനും അതിലൂടെ ബ്രഹ്മഗിരി അഴിമതിയിൽനിന്ന് ജനശ്രദ്ധതിരിക്കാനും പോലീസ് ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ച സിപിഎം ലോക്കൽ സെക്രട്ടറിയെ സംരക്ഷിക്കാൻ വേണ്ടിയുമാണ് പോലീസ് ശ്രമിച്ചത്. ഒരു എസ്ഐമാത്രമാണ് പ്രകോപനത്തിന് ശ്രമിച്ചത്.സാധാരണ ബാരിക്കേഡ് സ്ഥാപിച്ചാൽ അതിനപ്പുറം നിൽക്കുന്ന പോലീസ് പ്രവർത്തകർക്കിടയിലേക്ക് വരാറില്ല. ബ്രഹ്മഗിരിയിൽ സിപിഎം നേതാക്കൾ നടത്തിയ അഴിമതിക്കെതിരേയാണ് യുഡിഎഫ് മാർച്ച് നടത്തിയത്. മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിൽ കേസെടുത്ത് യുഡിഎഫ് നേതാക്കളെ പ്രതിക്കൂട്ടിലാക്കുന്ന പോലീസ് ഈ വിഷയത്തിൽ നിക്ഷേപകരുടെ പരാതി ലഭിച്ചിട്ടും കേസെടുത്തില്ല. അതിനുകാരണം ആഭ്യന്തരവകുപ്പ് കൈകാര്യംചെയ്യുന്ന മുഖ്യമന്ത്രിയുടെ സിപിഎം നേതാക്കളാണ്.അനാവശ്യമായി പോലീസ് പ്രവർത്തകർക്കിടയിലേക്ക് കയറിവന്നതെന്തിനെന്ന് മറുപടി പറയണം. നിയമപരമായി യുഡിഎഫ് പരാതി നൽകും. ബ്രഹ്മഗിരി അഴിമതിയിൽ കേസെടുത്ത് അന്വേഷണം നടത്തിയേ പറ്റൂ. അതുവരെ സമരം തുടരും.വിജിലൻസ്, ക്രൈംബ്രാഞ്ച്, ഇഡി തുടങ്ങിയ ഏജൻസികൾക്ക് അന്വേഷണം ആവശ്യപ്പെട്ട് യുഡിഎഫ് പരാതി നൽകും.സർക്കാർ രണ്ടുബജറ്റിലായി 26 കോടിയോളം രൂപ ബ്രഹ്മഗിരിക്ക് നൽകിയിട്ടുണ്ട്. അതിനാൽ സർക്കാരും അന്വേഷണ ഏജൻസികളും ഇടപെടേണ്ടതുണ്ടെന്നും അതാണ് യുഡിഎഫ് ആവശ്യപ്പെടുന്നതെന്നും എംഎൽഎ പറഞ്ഞു.

മകരച്ചൊവ്വ മഹോത്സവം; ആഘോഷക്കമ്മിറ്റി രൂപവത്കരിച്ചു

പനമരം : അഞ്ചുകുന്ന് നെടുമ്പാറകുന്ന് ഭദ്രകാളി ദുർഗാഭഗവതി ക്ഷേത്രത്തിലെ മകരച്ചൊവ്വ മഹോത്സവത്തിന്റെ ആഘോഷക്കമ്മിറ്റി രൂപവത്കരിച്ചു. 2026 ജനുവരി 18, 19, 20 തീയതികളിലാണ് ഉത്സവം. ക്ഷേത്രം പ്രസിഡൻറ് വിഷ്ണു എമ്പ്രാന്തിരി അധ്യക്ഷത വഹിച്ചു. എം.സി. കരുണാകരൻ, പി. ഗോവിന്ദൻ എന്നിവർ നേതൃത്വം നൽകി.ഭാരവാഹികൾ: സുബ്രഹ്മണ്യൻ (ചെയ.), ഇ. വിനു (വൈ. ചെയ.), രതീഷ് (കൺ.), രാജേഷ് കടവ് (ജോ. കൺ.), ഈശ്വരൻ എമ്പ്രാന്തിരി (ട്രഷ.).

മുണ്ടേരി ടൗണിനുസമീപം പുതിയ പാലം വരും

കല്പറ്റ : മുണ്ടേരി ടൗണിനുസമീപം കൈവരിപോലുമില്ലാതെ അപകടഭീഷണിയിലായ നടപ്പാലം പൊളിച്ച് പുതിയ പാലം പണിയും. ഇതിനായി വയനാട് പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഒന്നരക്കോടി രൂപ അനുവദിച്ചു. മുണ്ടേരി ടൗണിനെ അമ്പിലേരി, നെടുങ്ങോട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുമായി ബന്ധിപ്പിക്കുന്നത് ഈ നടപ്പാലമാണ്. എന്നാൽ, അടിതെറ്റിയാൽ അപകടം ഉറപ്പ് എന്ന അവസ്ഥയിലാണ് ഇപ്പോൾ പാലത്തിലൂടെയുള്ള യാത്ര. പതിറ്റാണ്ടുകൾമുൻപ് നിർമിച്ചതാണ് ഈ പാലം. കാലപ്പഴക്കംകൊണ്ട് കൈവരിയടക്കം തകർന്ന് പാലം അപകടഭീഷണിയിലായി. പക്ഷേ കാൽനടയാത്രക്കാരും ഇരുചക്രവാഹനങ്ങളുമെല്ലാം ഈ പാലത്തിലൂടെയാണ് ഇപ്പോഴും പോകുന്നത്. നെടുങ്ങോട് പ്രദേശത്തുനിന്ന് വിദ്യാർഥികൾക്ക് മുണ്ടേരി ജിവിഎച്ച്എസ്എസിൽ എത്താനും ആശ്രയം ഈ പാലമാണ്. മഴക്കാലത്ത് അതിശക്തമായ മഴപെയ്യുമ്പോൾ പാലംമുട്ടി വെള്ളമുയരാറുമുണ്ട്. കാലപ്പഴക്കം കാരണം ഇപ്പോൾ പാലത്തിന്റെ അടിത്തറയ്ക്കും കേടുപാടുകൾ വന്നുതുടങ്ങിയിട്ടുണ്ട്. 'പാലം അപകടഭീഷണിയിലാണ്, വാഹനഗതാഗതം നിരോധിച്ചിരിക്കുന്നുവെന്ന' ബോർഡുമാത്രമാണ് ആകെ മുന്നറിയിപ്പായുള്ളത്. എന്നാലും ഇരുചക്രവാഹനങ്ങൾ ഈ പാലത്തിലൂടെയാണ് പോകുന്നത്. അപകടഭീഷണിയിലായ പാലം പൊളിച്ചുപണിയണമെന്നത് നാട്ടുകാരുടെ കാലങ്ങളായുള്ള ആവശ്യമായിരുന്നു. പാലത്തിന്റെ അപകടഭീഷണിയെക്കുറിച്ച് മാതൃഭൂമി മുൻപ് വാർത്ത നൽകിയിരുന്നു.പാലത്തിനു സമീപത്തായി ആനപ്പാലം-മുണ്ടേരി റോഡിരികിലെ വലിയ കുഴിയും അപകടഭീഷണിയുയർത്തുന്നുണ്ട്. കഴിഞ്ഞ വർഷത്തെ മഴക്കാലത്താണ് റോഡരികിൽ കുഴിയുണ്ടായത്. വശങ്ങൾ ഇടിഞ്ഞ് ഇപ്പോൾ കുഴിയുടെ വലുപ്പവും കൂടിയിട്ടുണ്ട്. ഈ കുഴിക്കരികിലൂടെയാണ് ചെറുതും വലുതുമായ വാഹനങ്ങൾ കടന്നുപോകുന്നത്. റോഡിലെ കുഴിയടയ്ക്കണമെന്ന ആവശ്യവും ശക്തമായിട്ടുണ്ട്.

ഓർത്തഡോക്സ്ട്രീറ്റ് സെന്ററിന് തറക്കല്ലിട്ടു

വൈത്തിരി : മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ സുൽത്താൻബത്തേരി ഭദ്രാസനം രൂപവത്കരിച്ചതിന്റെ നാല്പതാം വാർഷികദിനം ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി വൈത്തിരി സെയ്ന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ബർണബാസിന്റെ മുഖ്യകാർമികത്വത്തിൽ പ്രഭാതനമസ്കാരവും കുർബാനയും നടത്തി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയുടെ കൽപ്പന പ്രകാരം 1985 ഒക്ടോബർ 23-നാണ് സുൽത്താൻബത്തേരി ഭദ്രാസനം രൂപംകൊണ്ടത്. ബത്തേരി ഭദ്രാസനത്തിന്റെ കീഴിൽ വൈത്തിരിയിൽ പുതുതായി തുടങ്ങുന്ന നിർമലഗിരി ഓർത്തഡോക്സ് റിട്രീറ്റ് സെന്ററിന്റെ തറക്കല്ലിടൽ കർമം മെത്രാപ്പോലീത്ത നിർവഹിച്ചു. ഭദ്രാസനത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്നവിധത്തിൽ വിപുലമായ സൗകര്യങ്ങളാണ് റിട്രീറ്റ് സെന്ററിലുള്ളത്. ഭദ്രാസന സെക്രട്ടറി ഫാ. ബേബി ജോൺ, റൂബി ജൂബിലി ജനറൽ കൺവീനർ ഫാ. ജോസഫ് പി. വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

ഇ.പി.യുടെ ആത്മകഥ: ഇതാണെന്റെ ജീവിതം, പ്രകാശനം മൂന്നിന്

കണ്ണൂർ: മുതിർന്ന സി.പി.എം.നേതാവും കേന്ദ്ര കമ്മറ്റി അംഗവുമായ ഇ.പി.ജയരാജന്റെ ആത്മകഥ - ഇതാണെന്റെ ജീവിതം - പുറത്തിറങ്ങുന്നു. നവംബർ മൂന്നിന് വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രകാശനം ചെയ്യുന്നത്. ടൌൺ സ്കയറിലെ ചടങ്ങിൽ കഥാകൃത്ത് ടി.പത്മനാഭൻ പുസ്തകം ഏറ്റുവാങ്ങും. കട്ടൻ ചായയും പരിപ്പ വ്യയും എന്ന തന്റെ പ്രകാശനം ചെയ്തപ്പാ ത്ത ആത്മകഥയെപ്പറ്റി നേരത്തെ വിവാദമുണ്ടായ സാഹചര്യത്തിൽ പുതിയ പ പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചാണ് രാഷ്ട്രീയ രംഗത്തെ ഉദ്വേഗം. ഇ പിയുടെ രാഷ്ട്രീയ ജീവിതത്തിലെ പ്രധാന സംഭവങ്ങളെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പുസ്തകം ഇപ്പോഴത്തെ സാഹചര്യത്താൽ വിവാദത്തിന് തിരികൊളുത്തുമോ എന്നതാണ് ഏവരും ററുനോക്കുന്നത് രാഷ്ട്രീയ നേതാക്കളുടെ ഒരു നിര തന്നെ പ്രകാശനചടങ്ങിന് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനുകൂലികളും പ്രതികൂലികളും പട്ടികയിലുണ്ട്. മുൻ ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ള, മുസ്ലിം ലീഗ് നേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി, സി.പി.ഐ. നേതാവ് പന്ന്യൻ രവീന്ദ്രൻ, കോൺഗ്രസ്സ് എം.പി. രാജ് മോഹൻ ഉണ്ണിത്താൻ, കോൺഗ്രസ്സ് എസ്സിന്റെ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മാതൃഭൂമി മാനേജിംഗ് എഡിറ്റർ എം.വി. ശ്രേയാംസ് കുമാർ എന്നിവർ അവരിൽ ചിലർ. മാതൃഭൂമി ബുക്സ് ആണ് പുസ്തകംപ്രസിദ്ധീകരിക്കുന്നത്

കേളകം സമ്പൂർണ്ണ കളിക്കളപഞ്ചായത്ത് : പ്രഖ്യാപനം നടത്തി സ്പീക്കർ അഡ്വ.എ.എൻ.ഷംസീർ

എല്ലാ വാർഡുകളും കളിക്കളങ്ങളൊരുക്കിയ ആദ്യ ഗ്രാമപഞ്ചായത്തായ കേളകം സംസ്ഥാനത്തെ മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്ന് നിയമസഭ സ്പീക്കർ അഡ്വ. എ.എൻ ഷംസീർ പറഞ്ഞു. കേളകത്തെ സമ്പൂർണ കളിക്കള ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ച് സംസാരിക്കുകയായിരുന്നു സ്പീക്കർ.'പ്ലേ ഫോർ ഹെൽത്തി കേളകം' എന്ന പദ്ധതിയിൽ സ്കൂളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കളിസ്ഥലങ്ങൾ, പുറമ്പോക്കുകൾ എന്നിവയുടെ സൗകര്യം ഉപയോഗപ്പെടുത്തി 13 വാർഡുകളിലായി ചെറുതും വലുതുമായ 26 കളിക്കളങ്ങളാണ് ഗ്രാമപഞ്ചായത്ത് ഒരുക്കിയത്. ഇതിൽ 13 എണ്ണം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും 13 എണ്ണം സ്വകാര്യ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുമാണ്. അത്ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ഷട്ടിൽ, ബാറ്റ്മിന്റൻ, ബാസ്കറ്റ് ബോൾ, റോളർ സ്കേറ്റിംഗ്, കളരിപ്പയറ്റ്, കരാട്ടെ, ചെസ്സ്, യോഗ എന്നിവ പരിശീലിക്കുന്നതിനുള്ള സൗകര്യവും കേളകത്ത് ഒരുക്കിയിട്ടുണ്ട്. പദ്ധതിയുമായി സഹകരിച്ച സ്കൂളുകൾക്കും ക്ലബ്ബുകൾക്കും പള്ളികൾക്കും ഗ്രാമപഞ്ചായത്തിന്റെ ഉപഹാരങ്ങൾ സമ്മാനിച്ചു.ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.ടി അനീഷ് അധ്യക്ഷനായി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് തങ്കമ്മ മേലെക്കുറ്റ്, ജില്ലാപഞ്ചായത്തംഗം വി.ഗീത, പഞ്ചായത്തംഗം സജീവൻ പാലുമി, പഞ്ചായത്ത് സെക്രട്ടറി എം പെ ാന്നപ്പൻ, സ്വതന്ത്ര കായിക ഗവേഷകർ പ്രസാദ് വി ഹരിദാസൻ, വിവിധ രാഷ്ട്രീയ-സാമൂഹ്യ സംഘടനാ പ്രതിനിധികളായ കെ.സി ജോർജ്, ജോൺ പടിഞ്ഞാലി, എം.വി.മാത്യു മാസ്റ്റർ, കെ.ജി വിജയ പ്രസാദ്, കെ.എം അബ്ദുൽ അസീസ് എന്നിവർ പങ്കെടുത്തു.

മുഴക്കുന്ന് പി എച്ച് സിയിൽ ലാബ് പ്രവർത്തനമാരംഭിച്ചു

മുഴക്കുന്ന് പി എച്ച് സിയിലെ ലാബിന്റെ ഉദ്ഘാടനവും പുതുതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനവും ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ നിർവഹിച്ചു. മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി ബിന്ദു അധ്യക്ഷയായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പീയുഷ് എം നമ്പൂതിരിപ്പാട് മുഖ്യാതിഥിയായി.ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് 19 ലക്ഷം രൂപ ചെലവഴിച്ചാണ് ലാബ് നിർമിച്ചത്. ഹെൽത്ത് ഗ്രാന്റ് ഫണ്ടിൽ നിന്ന് അനുവദിച്ച 55 ലക്ഷം രൂപ ഉപയോഗിച്ചാണ് ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പുതിയ മെയിൻ ബ്ലോക്ക് നിർമിക്കുന്നത്.മുഴക്കുന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.വി വിനോദ്, സ്ഥിരം സമിതി അധ്യക്ഷരായ കെ.വി ബിന്ദു, എ വനജ, സി.കെ ചന്ദ്രൻ, പഞ്ചായത്തംഗങ്ങളായ കെ മോഹനൻ, സിബി ജോസഫ്, കെ.വി റഷീദ്, ധന്യ രാകേഷ്, ഷഫീന മുഹമ്മദ്, എൻ എച്ച് എം ജില്ലാ പ്രോഗ്രാം മാനേജർ പി അനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ അമലു വി ഗോപാൽ എന്നിവർ പങ്കെടുത്തു.

ഉപാധികളില്ലാതെ യു.ഡി.എഫിനൊപ്പം; മതേതര പാരമ്പര്യം പിണറായി സർക്കാർ തുക്കിവിറ്റു: പി.വി. അൻവർ

കണ്ണൂർ: പി.എം ശ്രീ വിദ്യാഭ്യാസ പദ്ധതിയിൽ ഒപ്പുവച്ച് കേരളത്തിന്റെ മതേതര പാരമ്പര്യം പിണറായി സർക്കാർ തുക്കിവിറ്റുവെന്ന് മുൻ എം.എൽ.എയും തൃണമൂൽ കോൺഗ്രസ് നേതാവുമായ പി.വി. അൻവർ വാർത്താ സമ്മേളനത്തിൽ ആരോപിച്ചു. പിണറായിയെ താഴെയിറക്കി നാടിന്റെ മതേതര നിലപാട് സംരക്ഷിക്കാൻ പ്രതിപക്ഷ നേതാവിനൊപ്പം ഏതു ത്യാഗവും നഷ്ടവും സഹിച്ച് നിൽക്കാൻ തയ്യാറാണെന്ന് പി.വി. അൻവർ വ്യക്തമാക്കി. വരാനിരിക്കുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും യു.ഡി.എഫിനൊപ്പം നിന്ന് പിണറായി സർക്കാരിനെ താഴെയിറക്കാൻ സാധിക്കുന്നതെല്ലാം ചെയ്യും. 110 സീറ്റിൽ കുടുതലോടെ യു.ഡി.എഫ് അധികാരത്തിൽ വരുമെന്നാണ് തന്റെ പ്രവചനമെന്ന് അൻവർ കൂട്ടിച്ചേർത്തു.ഉപതെരഞ്ഞെടുപ്പിൽ വി.ഡി. സതീശനെതിരെ ഉയർത്തിയ നിലപാടല്ല ഇപ്പോൾ സ്വീകരിക്കുന്നതെന്നും, കേരളത്തിന് ഏറ്റവും വലിയ ഭീഷണി സതീശനിസത്തേക്കാൾ പിണറായിസമാണെന്നും അദ്ദേഹം വ്യക്തമാക്കി. യു.ഡി.എഫിനെ പിന്തുണയ്ക്കാൻ തൃണമൂൽ കോൺഗ്രസിന് യാതൊരു വ്യവസ്ഥകളുമില്ലെന്നും അൻവർ പറഞ്ഞു. മുഖ്യമന്ത്രിയെയും പാർട്ടിയെയും ഈ ദുരവസ്ഥയിലെത്തിച്ചത് പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയാണെന്നും അദ്ദേഹം പറഞ്ഞു. പിണറായി വിജയൻ കുടുംബത്തെ കേസുകളിൽനിന്ന് രക്ഷിക്കാനാണ് പി.എം ശ്രീയിൽ ഒപ്പുവച്ചത്. പി.എം ശ്രീയിൽ സി.പി.ഐ എന്തു നിലപാട് സ്വീകരിക്കുമെന്ന കാര്യം 27ന് അറിയാമെന്നും, അതിനുശേഷം അക്കാര്യത്തിൽ പ്രതികരിക്കാമെന്നും അൻവർ പറഞ്ഞു.

ബിജെപി നേതാവിനെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി

പയ്യന്നൂർ: കണ്ണൂർ പയ്യന്നൂരിൽ ബിജെപി നേതാവിനെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. അരവഞ്ചാലിൽ പനയന്തട്ട തമ്പാൻ (57) ആണ് മരിച്ചത്. ബിജെപി സംസ്ഥാന കൗൺസിൽ അംഗവും അരവഞ്ചാലിലെ വ്യാപാരിയുമാണ് തമ്പാൻ.ഇന്ന് രാവിലെ പയ്യന്നൂരിലെ മേൽപ്പാലത്തിന് സമീപത്തെ റെയിൽവേ ട്രാക്കിലാണ് മൃതദേഹം കണ്ടെത്തിയത്. തവിടിശേരി സ്വദേശിയായിരുന്ന തമ്പാൻ അരവഞ്ചാലിലേക്ക് താമസം മാറിയിട്ട് കുറച്ചു നാളുകളെ ആയിരുന്നുള്ളു. പൊലീസെത്തി മൃതദേഹം ആശുപത്രിയിലെക്ക് മാറ്റി.

ലഹരിക്കേസുകൾക്ക് കുറവില്ല

ബോധവത്കരണവും നടപടിയും ശക്തമാക്കുമ്പോഴും

കണ്ണൂർ: ജില്ലയിലെ ലഹരിക്കേസുകൾക്ക് കുറവില്ല. ലഹരി സംഘങ്ങളെ പൂട്ടാൻ എക്സൈസും പൊലീസും കിടഞ്ഞ് പരിശ്രമിക്കുമ്പോഴാണ് ഇങ്ങനെയൊരു സ്ഥിതി. എന്നാൽ, എല്ലാ ദിവസവും ഓരോ കേസിലെങ്കിലും പ്രതികൾ പിടിയിലാകുന്നത് വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലാണെന്നാണ് എക്സൈസ് പറയുന്നത്.
വാരത്ത് വച്ച് പത്ത് ഗ്രാം മെത്താഫിറ്റമിനുമായി ഇരുക്കൂർ സ്വദേശി കെ.ഹാഷിം ഇന്നലെ പിടിയിലായിരുന്നു. ബർണശേരിയിൽ 2.79 ഗ്രാം ബ്രൗൺഷുഗറുമായി എം.രഞ്ജിത്തെന്ന യുവാവാണ് കഴിഞ്ഞ ദിവസം പിടിയിലായത്. വാഹനത്തിൽ കടത്തികൊണ്ടുവരുകയായിരുന്ന 26.851 ഗ്രാം എം.ഡി.എം.എ യുമായി ചെങ്ങളായിലെ കെ.കെ.റാഷിദിനെ ചെങ്ങളായി കോട്ടപ്പറമ്പിൽ നിന്നും വ്യാഴാഴ്ച പിടികൂടിയിരുന്നു. ബുധനാഴ്ച ഏഴ് കിലോ കഞ്ചാവുമായി പരിയാരം സ്വദേശികളായ യുവാക്കളെ കൂട്ടുപുഴ ചെക്ക് പോസ്റ്റിൽ നിന്നും വാഹന പരിശോധനയ്ക്കിടെ പിടികൂടി. തമ്പിലാൻ ജിൻസ്ജോൺ, അഭിനവ് എന്നിവരാണ് പിടിയിലായത്. തളിപ്പറമ്പ്, പയ്യന്നൂർ പ്രദേശങ്ങളിൽ മയക്കുമരുന്ന് വിൽപ്പന നടത്തുന്ന സംഘത്തിലെ പ്രധാനികളാണിവരെന്ന് പൊലീസ് പറഞ്ഞു. ചൊവ്വാഴ്ച കണ്ണപുരത്ത് വിൽപ്പനയ്ക്കായി സൂക്ഷിച്ച 6.99 ഗ്രാം എം.ഡി.എം.എ യുമായി കെ.കണ്ണപുരം സ്വദേശി അൻഷാദ് പിടിയിലായിരുന്നു.

അറസ്റ്റിലായത് 1700 പേർ
ജില്ലയിൽ ഒരു വർഷത്തിൽ 6455 കേസുകളിൽ 1700 പേരെയാണ് അറസ്റ്റ് ചെയ്തത്. പിടിയിലായവർ കൂടുതലും യുവാക്കളും വിദ്യാർത്ഥികളുമാണ്. ഇതിൽ 1351 അബ്കാരി കേസും, 597 മയക്കുമരുന്ന് കേസും 4507 പുകയില കേസുമാണ് രജിസ്റ്റർ ചെയ്തത്. അബ്കാരി കേസുകളിൽ 1101 പേരെയും മയക്കുമരുന്ന് കേസുകളിൽ 599 പേരെയുമാണ് അറസ്റ്റ് ചെയ്തത്. 75 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.
മയക്കുമരുന്ന് ഇടപാടുകാരിൽ നിന്ന് 34,70,000 രൂപയും പിടികൂടിയിട്ടുണ്ട്.
കുറ്റം ആവർത്തിക്കുന്നു
ഒരു തവണ പിടിയിലായവർ ശിക്ഷ കഴിഞ്ഞിറങ്ങിയാൽ പിന്നെയും തെറ്റ് ആവർത്തിക്കുന്നതാണ് പ്രധാന പ്രശ്നമായി എക്സൈസുൾപ്പെടെ വിലയിരുത്തുന്നത്. പിടിയിലായവർ ജാമ്യത്തിലിറങ്ങിയാൽ ഈ പ്രവൃത്തി തന്നെ തുടരും. നിയമത്തിലെ പഴുതുകളാണ് ഇത്തരക്കാർ മുതലെടുക്കുന്നതെന്നും ആക്ഷേപമുണ്ട്. ജില്ലയിൽ കാപ്പയുൾപ്പെടെ ലഹരിക്കാർക്കെതിരെ ചുമത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ബ്രൗൺ ഷുഗറുമായി പിടിയിലായയാൾ മുൻ കാപ്പ കേസ് പ്രതിയായിരുന്നു.

മാലിന്യസംസ്കരണത്തിൽ വീഴ്ച്ച; ഹോട്ടലുകൾക്ക് പിഴ

കണ്ണൂർ: മാലിന്യസംസ്കരണത്തിൽ വീഴ്ച കണ്ടെത്തിയതിനെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാ എൻഫോഴ്സ് സ്കാഡ് കതിരൂർ പൊന്ന്യം സറാമ്പിയിൽ പ്രവർത്തിക്കുന്ന ദീപം ഹോട്ടലിന് പതിനയ്യായിരം രൂപ പിഴ ചുമത്തി.മലിനജലം ഹോട്ടലിന് പിറകിലെ തോട്ടിലേക്ക് പൈപ്പ് വഴി ഒഴുക്കിവിട്ടതിനും മാലിന്യങ്ങൾ തരംതിരിക്കാതെ പരിസരത്ത് കൂട്ടിയിട്ടതിനുമാണ് പിഴ. സ്ഥാപനത്തിലെ മലിനജല സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നില്ലെന്നും സ്കാഡ് കണ്ടെത്തി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖര മാലിന്യങ്ങൾ കത്തിച്ചതിനും ഒറ്റത്തവണ ഉപയോഗ നിരോധിത പേപ്പർ വാഴയിലകൾ സൂക്ഷിച്ചതിനും തലശ്ശേരി വീനസ് കോർണറിലെ ഹോട്ടൽ പേൾ വ്യൂവിന് പതിനയ്യായിരം രൂപയും പിഴ ചുമത്തി.നിരോധിത ഗാർബേജ് ബാഗുകളിലാക്കിയ മാലിന്യം മുഴുവനായി ഇൻസിനറേറ്ററിലിട്ട് കത്തിക്കുന്നതായി സ്കാഡ് പരിശോധനയിൽ കണ്ടെത്തി.

ബേഡഡുക്ക ഹൈടെക് ആട് ഫാം 30ന് മന്ത്രി ജെ.ചിഞ്ചുറാണി നാടിന് സമർപ്പിക്കും

കാസർകോട് :ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കല്ലളിയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഏറ്റവും വലിയ ഹൈടെക് ആട് ഫാം ഒക്ടോബർ 30ന് മൃഗസംരക്ഷണം, ക്ഷീര വികസനം, മൃഗശാല വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നാടിന് സമർപ്പിക്കുമെന്ന് അഡ്വ. സി.എച്ച് കുഞ്ഞമ്പു എം.എൽ.എ പറഞ്ഞു. കാസർകോട് ജനതയുടെ പത്തുവർഷങ്ങൾ നീണ്ട കാത്തിരിപ്പിനാണ് ഹൈടെക് ആട് ഫാമിന്റെ ഉദ്ഘാടനത്തോടെ വിരാമം ആകുന്നത്. ജില്ലാ വികസന സമിതി യോഗത്തിന്റെ ഫലപ്രദമായ ഇടപെടലിലൂടെയാണ് ആട് ഗ്രാമം പദ്ധതി ഉദ്ഘാടന സജ്ജമാക്കാനായതെന്ന് എം.എൽ.എ പറഞ്ഞു. ആട് ഗ്രാമം പദ്ധതിക്ക് പിന്നിൽ പ്രവർത്തിച്ച മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരെ എം.എൽ.എ അഭിനന്ദിച്ചു.ബേഡഡുക്ക ഗ്രാമപഞ്ചായത്തിന് കീഴിലെ കല്ലളിയിലാണ് 22.75 ഏക്കറിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആട് ഫാം പ്രവർത്തനസജ്ജമാകുന്നത്. കേരളത്തിന്റെ കാലാവസ്ഥയോട് പൊരുത്തപ്പെടുന്ന, രോഗപ്രതിരോധത്തിനും കുറഞ്ഞ പരിപാലനത്തിനും പേരുകേട്ട തദ്ദേശീയ മലബാറി ആടുകളുടെ പ്രജനനത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. മലബാറി ആടുകളെ എത്തിച്ച് എത്തിക്കുന്നതിന് നടപടി പൂർത്തിയായി. ജീവനക്കാരെ പുനർ വിന്യസിച്ചു. ഫാമിന് വേണ്ടിയുള്ള മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ. അഞ്ച് ഘട്ടങ്ങളിലായി ഹൈടെക് ആട് ഫാം പൂർണ്ണമായും പൂർത്തിയാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ടാറ്റ കോവിഡ് ആശുപത്രിയിലെ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്ന പ്രവർത്തി വേഗത്തിലാക്കാനും ജില്ലാ നിർമ്മിതി കേന്ദ്രത്തോട് എം.എൽ.എ നിർദ്ദേശിച്ചു. ചട്ടഞ്ചാൽ ലൈഫ് ഫ്ളാറ്റിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് എം.എൽ.എ ചോദിച്ചറിഞ്ഞു. അവശേഷിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ച് ജനുവരിയിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് തുറന്നു കൊടുക്കാൻ എംഎൽഎ നിർദേശം നൽകി. ജില്ലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കടലാക്രമണം ചെറുക്കുന്നതിനായി 12 ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ 91.52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ ഫണ്ട് ലഭ്യമാക്കുന്നതിനായി സുപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചതായി ഇറിഗേഷൻ എക്സിക്യുട്ടീവ് എഞ്ചിനീയർ അറിയിച്ചു. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പുരോഗതി സംബന്ധിച്ചും മലയോര ഹൈവേ എടപ്പറമ്പ കോളിച്ചാൽ റൂട്ടിലെവന ഭൂമി വിട്ടു നൽകുന്നതിലെ പുരോഗതി സംബന്ധിച്ചും എം.എൽ.എ ചോദിച്ചറിഞ്ഞു.

വലിയപറമ്പ ഗ്രാമപഞ്ചായത്ത് വികസന സദസ്സ് നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ ഉദ്ഘാടനം ചെയ്തു

കാസർകോട് :കഴിഞ്ഞ ഒൻപതര വർഷങ്ങളിൽ കേരളം വികസനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ മറ്റ് രാജ്യങ്ങൾക്ക് ചെയ്യാൻ 20 മുതൽ 25 വർഷം വരെ വേണ്ടിവരുന്ന കാര്യങ്ങളാണെന്ന് നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ പറഞ്ഞു. ഗവ. ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ വികസന സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തൃതല പഞ്ചായത്തുകൾ സംയുക്തമായി ചെയ്ത പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. വലിയപറമ്പ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രദേശമായതിനാൽ, അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ ശ്രദ്ധേയമാണെന്നും മാധവൻ മണിയറ പറഞ്ഞു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. 2018, 2019 വർഷങ്ങളിലെ പ്രളയകാലത്തും തുടർന്ന് കോവിഡ് മഹാമാരിക്കാലത്തും സംസ്ഥാന സർക്കാർ രക്ഷണത്തിനുമായി പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ ശ്രദ്ധേയമാണെന്നും മാധവൻ മണിയറ പറഞ്ഞു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. 2018, 2019 വർഷങ്ങളിലെ പ്രളയകാലത്തും തുടർന്ന് കോവിഡ് മഹാമാരിക്കാലത്തും സംസ്ഥാന സർക്കാർ

ലൂടെ ശ്രദ്ധ നേടുന്ന 'മിന്നൽ സേന'യുടെ പ്രവർത്തനങ്ങളെ ചടങ്ങിൽ അഭിനന്ദിച്ചു. സംസ്ഥാന മികച്ച റേഷൻ കടലൈസൻസിക്കുള്ള പുരസ്കാരം (എസ്.സി വിഭാഗം) ലഭിച്ച ഭരണസമിതി അംഗം വി.മധു, ജീവകാരുണ്യമേഖലയിലെ സേവനത്തിന് ഖലീഫ ഉദിനൂർ തുടങ്ങി വികസന പ്രവർത്തങ്ങളിൽ പങ്കാളികളായ വിവിധ മേഖലയിലുള്ളവരെ ആദരിച്ചു.കാസർകോട് ജില്ലാ പഞ്ചായത്ത് അംഗം സി.ജെ. സജിത്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഖാദർ പാണ്ഡ്യാല, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഇ.കെ മല്ലിക, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. മനോഹരൻ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ വി.കെ കരുണാകരൻ, പഞ്ചായത്ത് അംഗങ്ങളായ വി.മധു, കെ.അജിത, പി.കെ സുമതി, സി.ഡി.എസ് ചെയർപേഴ്സൺ ഇ.കെ ബിന്ദു, പഞ്ചായത്ത് സെക്രട്ടറി കെ.പ്രദീപ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വൈസ് പ്രസിഡന്റ് പി.ശ്യാമള സ്വാഗതവും അസിസ്റ്റന്റെ സെക്രട്ടറി സുരേഷ് അരിയിൽ നന്ദിയും പറഞ്ഞു.

വലിയപറമ്പ ഗ്രാമപഞ്ചായത്ത് വികസന സദസ്സ് നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ ഉദ്ഘാടനം ചെയ്തു

കാസർകോട് :കഴിഞ്ഞ ഒൻപതര വർഷങ്ങളിൽ കേരളം വികസനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ മറ്റ് രാജ്യങ്ങൾക്ക് ചെയ്യാൻ 20 മുതൽ 25 വർഷം വരെ വേണ്ടിവരുന്ന കാര്യങ്ങളാണെന്ന് നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ പറഞ്ഞു. ഗവ. ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ വികസന സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തൃതല പഞ്ചായത്തുകൾ സംയുക്തമായി ചെയ്ത പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. വലിയപറമ്പ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രദേശമായതിനാൽ, അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ ശ്രദ്ധേയമാണെന്നും മാധവൻ മണിയറ പറഞ്ഞു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. 2018, 2019 വർഷങ്ങളിലെ പ്രളയകാലത്തും തുടർന്ന് കോവിഡ് മഹാമാരിക്കാലത്തും സംസ്ഥാന സർക്കാർ ജനങ്ങളുടെ ക്ഷേമത്തിനായി ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതായും മാധവൻ മണിയറ പറഞ്ഞു.ചടങ്ങിൽ വികസനരേഖ പ്രകാശനം ചെയ്തു. നവകേരള മിഷൻ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ മുഖ്യാതിഥിയായി. വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി സജീവൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്തിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധ നേടുന്ന 'മിന്നൽ സേന'യുടെ പ്രവർത്തനങ്ങളെ ചടങ്ങിൽ അഭിനന്ദിച്ചു. സംസ്ഥാന മികച്ച റേഷൻ കടലൈസൻസിക്കുള്ള പുരസ്കാരം (എസ്.സി വിഭാഗം) ലഭിച്ച ഭരണസമിതി അംഗം വി.മധു, ജീവകാരുണ്യമേഖലയിലെ സേവനത്തിന് ഖലീഫ ഉദിനൂർ തുടങ്ങി വികസന പ്രവർത്തങ്ങളിൽ പങ്കാളികളായ വിവിധ മേഖലയിലുള്ളവരെ ആദരിച്ചു. കാസർകോട് ജില്ലാ പഞ്ചായത്ത് അംഗം സി.ജെ. സജിത്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഖാദർ പാണ്ഡ്യാല, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഇ കെ. മല്ലിക, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. മനോഹരൻ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ വി.കെ കരുണാകരൻ, പഞ്ചായത്ത് അംഗങ്ങളായ വി.മധു, കെ.അജിത, പി.കെ സുമതി, സി.ഡി.എസ് ചെയർപേഴ്സൺ ഇ.കെ ബിന്ദു, പഞ്ചായത്ത് സെക്രട്ടറി കെ.പ്രദീപ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വൈസ് പ്രസിഡന്റ് പി.ശ്യാമള സ്വാഗതവും അസിസ്റ്റന്റെ സെക്രട്ടറി സുരേഷ് അരിയിൽ നന്ദിയും പറഞ്ഞു.

സ്കോഡ ഒക്ടേവിയ ആർഎസ്; പ്രീ–ബുക്കിംഗിൽ 20 മിനിട്ടിനുള്ളിൽ എല്ലാം വിറ്റു

തിരുവനന്തപുരം: സ്കോഡ ഇന്ത്യ നിരത്തിൽ തിരിച്ചെത്തിക്കുന്ന ഒക്ടേവിയ ആർഎസിന്റെ പ്രീബുക്കിംഗിൽ നിമിഷനേരങ്ങൾ കൊണ്ട് എല്ലാ യൂണിറ്റുകളും വിറ്റഴിഞ്ഞു. 20 മിനിട്ടിനുള്ളിലാണ് സ്കോഡയുടെ ഇതിഹാസമായ ഒക്ടേവിയ ആർഎസിനെ വാഹന പ്രേമികൾ ഏറ്റെടുത്തത്.പവർ, സ്റ്റൈൽ, പാരമ്പര്യം എന്നിവയുടെ പുനരാവിഷ്കാരമാണ് ഒക്ടേവിയ ആർഎസ് എന്ന് കമ്പനി പ്രസ്താവനയിൽ പറഞ്ഞു. 195 സണ (265 PS)-Dw 370 Nm-Dw നൽകുന്ന 2.0 ഠടക എഞ്ചിൻ കരുത്ത് ഒക്ടേവിയ ആർഎസിനുണ്ട്. വെറും 6.4 സെക്കൻഡിനുള്ളിൽ 0–100 km/h ആക്സലറേഷൻ, ഇലക്ട്രോണിക്കലായി ലിമിറ്റ് ചെയ്തിരിക്കുന്ന പരമാവധി വേഗത 250 km/h, 10 എയർബാഗുകൾ, അഉഅട, ഹെഡ്-അപ്പ് ഡിസ്പ്ലേ, 360° ഏരിയ വ്യൂ ക്യാമറകൾ തുടങ്ങിയ സൗകര്യങ്ങൾ ഒക്ടേവിയ ആർഎസിൽ ലഭ്യമാണ്.മാംബ ഗ്രീൻ, കാൻഡി വൈറ്റ്, റേസ് ബ്ലൂ, മാജിക് ബ്ലാക്ക്, വെൽവെറ്റ് റെഡ് എന്നീ അഞ്ച് ശ്രദ്ധേയമായ നിറങ്ങളിൽ ലഭ്യമാണ്. കസ്റ്റമർ ഡെലിവറികൾ നവംബർ 06 മുതൽ ആരംഭിക്കും.ഒക്ടേവിയ ആർഎസ് ഫുള്ളി-ബിൽറ്റ് യൂണിറ്റ് (FBU) ആയി പരിമിതമായ എണ്ണം മാത്രമാണ് സ്കോഡ ലഭ്യമാക്കുന്നത്. വില 49,99,000 രൂപയാണ്. 'ഛരമേശമ ഞടനോടുള്ള ജനങ്ങളുടെ പ്രതികരണം അത്ഭുതാവഹമാണ്,' വാഹനം പുറത്തിറക്കിക്കൊണ്ട് സ്കോഡ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് ഇന്ത്യ മിനി ഇംഗ്ലീഷ്–മലയാളം നിഘണ്ടു പുറത്തിറക്കി

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് ഇന്ത്യ (ഒയുപി) ലോക നിഘണ്ടു ദിനാഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും, ഭാഷാ പഠിതാക്കൾക്കും, വായനക്കാർക്കുമായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഏറ്റവും പുതിയ മിനി ഇംഗ്ലീഷ്-മലയാളം നിഘണ്ടു പുറത്തിറക്കി. കേരളത്തിലെ പരമ്പരാഗത നിഴൽ പാവക്കൂത്ത് രൂപമായ തോൽപ്പാവക്കൂത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് തയ്യാറാക്കിയ പുറംചട്ടയോടു കൂടിയ മിനി ഇംഗ്ലീഷ്-മലയാളം നിഘണ്ടു, ദേശത്തിന്റെ സമ്പന്നമായ കലാപരവും സാംസ്കാരികവുമായ പൈതൃകത്തെ ആഘോഷിക്കുന്നതിനൊപ്പം ഒരു പ്രായോഗിക പഠന കൂട്ടാളിയായി പ്രവർത്തിക്കുകയും ചെയ്യുന്നതായി ഒയുപി അറിയിച്ചു.20,000-ത്തിലധികം വാക്കുകളും അവയുടെ ഉത്ഭവങ്ങളും മലയാളത്തിലുള്ള വിശദമായ വിവർത്തനങ്ങളും അസാധാരണ നാമങ്ങൾ, ക്രിയകൾ, നാമവിശേഷണങ്ങൾ എന്നിവ സംബന്ധിച്ച വ്യാകരണ വിവരങ്ങളും നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്സവ സീസണിൽ, മലയാളം, ഗുജറാത്തി, ബംഗാളി, കന്നഡ, മറാത്തി എന്നിവ ഉൾക്കൊള്ളുന്ന മിനി, കോംപാക്റ്റ് ഫോർമാറ്റുകളിലുള്ള പുതിയ പതിപ്പുകൾ ഒയുപി പുറത്തിറക്കി. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് പേർ സംസാരിക്കുന്ന മലയാളം, രാജ്യത്തെ ഏറ്റവും ആവിഷ്കാരാത്മകവും സാംസ്കാരികമായി സമ്പന്നവുമായ ഭാഷകളിൽ ഒന്നാണ്. സമകാലികവും യഥാർത്ഥവുമായ ഉപയോഗത്തിൽ പഠിതാക്കളെ പിന്തുണയ്ക്കുന്നതിനാണ് ഭാഷയുടെയും പഠനത്തിന്റെയും ഒരു ആഘോഷമായ ഓക്സ്ഫോർഡിന്റെ പുതിയ മിനി ഇംഗ്ലീഷ്-മലയാളം നിഘണ്ടു രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ഇന്ത്യ, മാനേജിംഗ് ഡയറക്ടർ സുകാന്ത ദാസ് പറഞ്ഞു.



കൊല്ലത്ത് ബിഗ്ബാസ്ക്കറ്റ് 10 മിനിറ്റ് ഡെലിവറി സേവനം ആരംഭിച്ചു

ടാറ്റ എന്റർപ്രൈസായ ബിഗ്ബാസ്ക്കറ്റ് കൊല്ലത്ത് കിക്ക് ഡെലിവറി സേവനം ആരംഭിച്ചു. പുതിയ ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക്സ്, വ്യക്തിഗത അവശ്യവസ്തുക്കൾ എന്നിവയുൾപ്പെടെ 10,000-ത്തിലധികം ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന ശേഖരം ബിഗ്ബാസ്ക്കറ്റ് കൊല്ലത്ത് അവതരിപ്പിക്കുന്നുണ്ട്. ഇവയെല്ലാം10 മിനിറ്റിനുള്ളിൽ വിതരണം ചെയ്യുന്നു എന്ന പ്രത്യേകതയുമുണ്ട്.കൊല്ലം തിരക്കേറിയ ഒരു നഗരമായി മാറുമ്പോൾ പ്രദേശവാസികൾ കൂടുതൽ മികച്ചതും കാര്യക്ഷമവുമായ ഷോപ്പിംഗ് പരിഹാരങ്ങൾ തേടുന്നു. വേഗത, സൗകര്യം, വിശ്വാസ്യത എന്നിവയ്ക്കായുള്ള നഗരത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത 10 മിനിറ്റ് ഡെലിവറി സേവനത്തിന് അനുയോജ്യമാക്കി മാറ്റുന്നതായി ബിഗ്ബാസ്ക്കറ്റ് പറയുന്നു. 10 മിനിറ്റ് ഡെലിവറി സേവനം വേഗതയേറിയതും വിശ്വസനീയവും വൈവിധ്യപൂർണ്ണവുമായ സേവനം വാഗ്ദാനം ചെയ്യുന്നതിന്റെ ഭാഗമായാണ് ബിഗ്ബാസ്ക്കറ്റ് അവതരിപ്പിക്കുന്നത്. കൊല്ലത്തേക്ക് ബിഗ്ബാസ്കറ്റിനെ പരിചയപ്പെടുത്തുന്നതിൽ സന്തോഷമുള്ളതായി ബിഗ്ബാസ്കറ്റിന്റെ ടയർ 2 നാഷണൽ ബിസിനസ് മേധാവി ശശി ശേഖർ പറഞ്ഞു.

ഡീകൺസ്ട്രക്റ്റിന് ഗിന്നസ് ലോക റെക്കോർഡ്

ഡീകൺസ്ട്രക്റ്റ് സ്കിൻകെയർ ഗിന്നസ് ലോക റെക്കോർഡ് നേടി. 24 മണിക്കൂർ ഡെർമത്തണിലൂടെ 'ദി ലോങ്ങസ്റ്റ് സ്കിൻകെയർ ലൈവ്സ്ട്രീം' എന്ന പുതിയ പദവി സ്ഥാപിച്ചതിലൂടെയാണ് ലോക റെക്കോർഡ്. മാരത്തൺ യൂട്യൂബ് ലൈവ് സെഷനിൽ 24 ഡെർമറ്റോളജിസ്റ്റുകൾ പങ്കെടുത്തു. രാജ്യവ്യാപകമായി 30,000 പേർ പങ്കാളികളായിരുന്നു. 500,000-ത്തിലധികം തത്സമയ ചോദ്യോത്തരവേള നടന്നു. 200,000 ചർമ സംബന്ധമായ ചോദ്യങ്ങളിൽ 10,000 എണ്ണത്തിന് തത്സമയം ഉത്തരം നൽകി,ഡോ. അനുപ്രിയ ഗോയൽ, ഡോ. നേഹ സോളങ്കി, ഡോ. ആദിത്യ വാലിംഗർ, ഡോ. രാധിക ത്രിവേദി, ഡോ. ദേവേന്ദ്ര, ഡോ. റാഷി സോണി, ഡോ. വിദേഹി തുടങ്ങിയ പ്രമുഖ ഡെർമറ്റോളജിസ്റ്റുകൾ മുഖക്കുരു, പിഗ്മെന്റേഷൻ, സൂര്യപ്രകാശത്തിൽ നിന്നുള്ള സംരക്ഷണം, ചർമ സംരക്ഷണ ദിനചര്യ തുടങ്ങിയ വിഷയങ്ങളിൽ സംസാരിച്ചു. സങ്കീർണ്ണമായ ചർമ്മസംരക്ഷണ ശാസ്ത്രത്തെ മനസ്സിലാക്കാവുന്നതും പ്രായോഗികവുമാക്കുന്നതിൽ ഡെർമറ്റോളജിസ്റ്റുകൾ നിർണായക പങ്ക് വഹിച്ചതായി ഡീകൺസ്ട്രക്റ്റ് സ്കിൻകെയറിന്റെ സ്ഥാപകയും സിഇഒയുമായ മാലിനി അദപുരെഡ്ഡി പറഞ്ഞു.ഗിന്നസ് ലോക റെക്കോർഡിലെ സീനിയർ അഡ്ജുഡിക്കേറ്റർ സ്വപ്നിൽ ദംഗാരാണ് സർട്ടിഫിക്കറ്റ് സമ്മാനിച്ചത്. വളരെ ശ്രമകരമായിരുന്നു ഈ റെക്കോർഡ് നേട്ടത്തിലേക്കുള്ള പ്രവർത്തനങ്ങളെന്ന് അദ്ദേഹം പറഞ്ഞു.

ഹിറ്റാച്ചി എയർ കണ്ടീഷണർ ഡിസൈൻ ആശയങ്ങൾക്ക് റെഡ് ഡോട്ട് ഡിസൈൻ അവാർഡ്

കൊച്ചി: ഹിറ്റാച്ചിയുടെ രണ്ടു എയർ കണ്ടീഷണിംഗ് ഡിസൈൻ ആശയങ്ങളായ റെഡ് ക്ലോസെറ്റും എയർ ഹൈവും 2025ലെ റെഡ് ഡോട്ട് ഡിസൈൻ കോൺസെപ്റ്റ് അവാർഡിൽ അംഗീകാരം നേടി. അതിൽ എയർ ക്ലോസെറ്റ് 'ബെസ്റ്റ് ഓഫ് ദി ബെസ്റ്റ്' പുരസ്കാരം നേടി, എയർ ഹൈവ് ഡിസൈൻ കോൺസെപ്റ്റ് അവാർഡും നേടി.ഇന്റീരിയർ ഡിസൈൻ ഘടകങ്ങളിലേക്കാണ് ഈ പുതിയ എയർ കണ്ടീഷണിംഗ് ആശയങ്ങൾ ഉൾപ്പെടുന്നത്. അതിലൂടെ മുറികളുടെ സൗന്ദര്യവും സൗകര്യവും ഒരുപോലെ ഉറപ്പാക്കുന്നു.എയർ ക്ലോസെറ്റ് വെർട്ടിക്കൽ സ്റ്റോറേജ് ഫർണീച്ചർ വിഭാഗത്തിലേക്കാണ് എയർ കണ്ടീഷണർ ഘടിപ്പിച്ചിരിക്കുന്നത്. ഭിത്തിയോട് ചേർന്ന് നിൽക്കുന്ന അലമാരകളുടെ വലിപ്പവും ഉയരവുമാണ് ഈ ആശയത്തിന് പ്രചോദനമായത്. അലമാരയുടെ വശങ്ങളിലായി എയർ വെന്റുകൾ ഉൾപ്പെടുത്തിയാണ് വായു വിതരണ സംവിധാനം ഒരുക്കിയത്.തണുപ്പിക്കൽ സമയത്ത് മുകളിലെ വെന്റുകൾ വഴി തണുത്ത വായു മുറിയിലാകെ പടരുമ്പോൾ, ചൂടാക്കൽ സമയത്ത് താഴെ ഭാഗത്തുനിന്ന് ചൂട് വായു പുറപ്പെടുന്നു. ഇതിലൂടെ വർഷം മുഴുവൻ സുഖകരമായ അന്തരീക്ഷം ഉറപ്പാക്കാൻ ഈ ഡിസൈൻ സഹായിക്കുന്നു.

എൻഎസ്ഇയിൽ ഹരിത മുൻസിപ്പൽ ബോണ്ട് പുറത്തിറക്കി എസ്എംസി

കൊച്ചി: സൂറത്ത് മുനിസിപ്പൽ കോർപ്പറേഷൻ (എസ്എംസി) എൻഎസ്ഇയിൽ 200 കോടിയുടെ ഹരിത മുനിസിപ്പൽ ബോണ്ട് പുറത്തിറക്കി. എസ്എംസി പുറത്തിറക്കിയ ഹരിത മുനിസിപ്പൽ ബോണ്ടുകളുടെ പൊതുവായ പുറത്തിറക്കൽ ചടങ്ങ് എൻഎസ്ഇയിൽ ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിന്റെ സാന്നിധ്യത്തിൽ നടന്നു. ചടങ്ങിൽ സൂറത്ത് സിറ്റി മേയർ ദ്രക്ഷേഷ് മവാനി,എൻഎസ്ഇ എംഡി ആൻഡ് എഎംപി സിഇഒ ആശിഷ്കുമാർ ചൗഹാൻ, ശാലിനി അഗർവാൾ, ഡോ. വിക്രാന്ത് പാണ്ഡെ എന്നിവർ സംബന്ധിച്ചു. 100 കോടിയുടെ അടിസ്ഥാന പുറത്തിറക്കൽ വലുപ്പവും 100 കോടിയുടെഹരിത-ഷൂ ഓപ്ഷനുമുള്ള പൊതുവായ പുറത്തിറക്കലിന് അടിസ്ഥാനഇഷ്യുവിന്റെ എട്ട് മടങ്ങിലധികം സബ്സ്ക്രിപ്ഷൻ ലഭിച്ചു. പ്രധാന കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള നഗര അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി വിനിയോഗിക്കും. ഹരിത മുനിസിപ്പൽ ബോണ്ട് പുറത്തിറക്കിയതിൽ സൂറത്ത് മുനിസിപ്പൽ കോർപ്പറേഷനെ അഭിനന്ദിക്കുന്നതായി എൻഎസ്ഇ എംഡിയും സിഇഒയുമായ ആശിഷ്കുമാർ ചൗഹാൻപറഞ്ഞു.

ലെക്സസ് ഇന്ത്യ എൽഎം 350എച്ച് പുറത്തിറക്കി

ലെക്സസ് ഇന്ത്യ ലെക്സസ് എൽഎം 350എച്ച് പുറത്തിറക്കി. പുതിയ എൽഎം 350എച്ചിന്റെ വരവ് ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത മികവ്, സവിശേഷമായ രൂപകൽപ്പന, ആധുനിക സുഖസൗകര്യങ്ങൾ എന്നിവ നൽകുന്നതിനുള്ള ലെക്സസിന്റെ പ്രതിബദ്ധത ആവർത്തിച്ചുറപ്പിക്കുന്നതായി ലെക്സസ് പറഞ്ഞു. ആഡംബര യാത്ര ആഗ്രഹിക്കുന്ന ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന എണ്ണത്തിനും ആവശ്യകതയ്ക്കും അനുരൂപമായ മുൻനിര വാഹനമായ എൽഎം 350എച്ച് ഇന്ത്യൻ വിപണിയിൽ ഇതിനകം തന്നെ മികച്ച പ്രതികരണം നേടിയിട്ടുണ്ട്.ഡീറ്റെയ്ലിന് സൂക്ഷ്മമായ ശ്രദ്ധ നൽകി, ഏറ്റവും നവീനമായ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പുതിയ എൽഎം 350എച്ച് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അൾട്രാ-ലക്ഷ്വറി മൊബിലിറ്റി വിഭാഗത്തെ നയിക്കുന്ന വാഹനമെന്ന നിലയിൽ സ്ഥാനം കൂടുതൽ ഉറപ്പിക്കുന്നതിനായി നിരവധി മെച്ചപ്പെടുത്തലുകളാണ് ഈ മോഡലിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇ20-അനുയോജ്യതാ എഞ്ചിൻ, പിൻ കൺസോളിൽ പവർ സ്ലൈഡിംഗ് ഡോർ സ്വിച്ച്, നാല് സീറ്റർ വേരിയന്റിൽ മെച്ചപ്പെട്ട സുരക്ഷയ്ക്കും ഡ്രൈവറുടെ സുഖസൗകര്യത്തിനുമായി ഓട്ടോ-ഡിമ്മിംഗ് ഒആർവിഎം ഫംഗ്ഷൻ. നാല് സീറ്റർ വേരിയന്റിൽ പിൻസീറ്റ് യാത്രക്കാർക്ക് സൗകര്യവും ആധുനികതയും നൽകുന്ന പുതിയ റിയർ കൺസോൾ ട്രേ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.ലെക്സസ് എൽഎം 350എച്ചിന് ഉപഭോക്താക്കളിൽ നിന്നുള്ള അത്ഭുതകരമായ പ്രതികരണത്തിൽ അഭിമാനമുള്ളതായി ലെക്സസ് ഇന്ത്യ പ്രസിഡന്റ് ഹികാരു ഇക്യൂച്ചി പറഞ്ഞു. ഈ മോഡൽ ഉപഭോക്താക്കൾക്ക് ഇന്ത്യയിൽ ആധുനികതയുടെയും ആഡംബരത്തിന്റെയും സമാനതകളില്ലാത്ത അനുഭവം വാഗ്ദാനം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.



കൊളസ്ട്രോൾ കൂടിയാൽ മുഖത്തറിയാം

കൊളസ്ട്രോൾ അധികരിച്ചാൽ ശരീരം ചില സൂചനകൾ കാണിക്കും, ഇതിൽ പെട്ടെന്ന് തിരിച്ചറിയാനാകുന്നവയാണ് മുഖത്ത് പ്രകടമാകുന്ന ചില ലക്ഷണങ്ങൾ.പതിവായി കണ്ണാടി നോക്കുമ്പോഴെല്ലാം മുഖം ശ്രദ്ധിക്കുന്നതുകൊണ്ടുതന്നെ മുഖത്ത് വരുന്ന ചെറിയ മാറ്റം പോലും നമ്മൾ കാണാതെപോകാറില്ല. മുഖത്ത് പ്രകടമാകുന്ന കൊളസ്ട്രോളിൻറെ ലക്ഷണങ്ങൾ അറിഞ്ഞിരിക്കുന്നത് രോഗം നേരത്തെ തിരിച്ചറിയാനും വേണ്ട പ്രതിവിധികൾ സ്വീകരിക്കാനും സഹായിക്കും. ഇത്തരത്തിൽ കണ്ടു വരുന്ന മൂന്ന് ലക്ഷണങ്ങൾ ഇവയാണ്.കൺപോളകൾക്ക് മുകളിലോ താഴെയോ അല്ലെങ്കിൽ കൺകോണുകളിലോ മഞ്ഞ - ഇളം ഓറഞ്ച് നിറത്തിൽ ദ്രാവകം നിറഞ്ഞത് പോലുള്ള ചെറിയ കുമിളകൾ കാണുന്നത് ഉയർന്ന കൊളസ്ട്രോൾ നിലസൂചിപ്പിക്കുന്നതാണ്. ഈ കുമിളകൾ തൊട്ടാൽ പൊട്ടുന്നതോ വേദനയുള്ളതോ ആയിരിക്കില്ല. കോർണിയയ്ക്ക് ചുറ്റുമായി നേരിയ വെളുത്ത നിറത്തിലൊരു ആവരണം കാണുന്നതും കൊളസ്ട്രോൾ കൂടുന്നതിന്റെ ലക്ഷണമാണ്.മുഖചർമ്മത്തിലെ ചൊറിച്ചിലും ഇതിന് പിന്നാലെ പാടുകൾ പ്രത്യക്ഷപ്പെടുന്നതും കൊളസ്ട്രോൾ കൂടുതലാകുന്നതിന്റെ സൂചനയാണ് പ്രകടിപ്പിക്കുന്നത്. വായ്ക്കകത്തും ചൊറിച്ചിലും പാടുകളും ഉണ്ടാകാറുണ്ട്. ഇതും ശ്രദ്ധിക്കണം.കൊളസ്ട്രോൾ കൂടുമ്പോഴും സോറിയാസിസിന് സാധ്യതയുണ്ട്. മുഖത്ത് സോറിയാസിസ് ലക്ഷണങ്ങൾ കാണുന്നപക്ഷം തീർച്ചയായും കൊളസ്ട്രോൾ പരിശോധിക്കണം.

പതിവായി ഉച്ചഭക്ഷണം ഒഴിവാക്കുന്നവർ ശ്രദ്ധിക്കുക

ബ്രേക്ക്ഫാസ്റ്റ് പോലെ തന്നെ ഉച്ചഭക്ഷണത്തിനും അതിൻറേതായ പ്രാധാന്യമുണ്ട്. ഉച്ചഭക്ഷണം പതിവായി ഒഴിവാക്കുന്ന ശീലമുണ്ടെങ്കിൽ അത് എങ്ങനെയെല്ലാം ആരോഗ്യത്തെ ബാധിക്കുമെന്നാണ് ഇനി പങ്കുവയ്ക്കുന്നത്.ഉച്ചഭക്ഷണം കഴിക്കാതിരുന്നാൽ അത് ഉന്മേഷക്കുറവിലേക്ക് നയിക്കും. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കുന്നതിലൂടെ നമ്മുടെ രക്തത്തിലെ ഷുഗർനില ഉയരുന്നു. ഇതോടെ ഉച്ചയ്ക്ക് ശേഷമുള്ള അത്രയും സമയത്തേക്ക് നമുക്ക് ആവശ്യത്തിന് ഊർജ്ജമുണ്ടാകുന്നു. എന്നാൽ ഉച്ചഭക്ഷണം കഴിക്കാതിരുന്നാൽ അത് സ്വാഭാവികമായും ബാക്കി സമയത്തെ പ്രതികൂലമായി ബാധിക്കാം.ഉച്ചയ്ക്ക് ഭക്ഷണം ഒഴിവാക്കുമ്പോൾ സ്വാഭാവികമായും അത്രയും വിശപ്പും തളർച്ചയും പിന്നീട് നമ്മെ വേട്ടയാടുന്നു. ഇത് അടുത്ത നേരം അമിതമായി കഴിക്കുന്നതിലേക്ക് എത്തിക്കുന്നു. ഈ ശീലം പെട്ടെന്ന് തന്നെ വണ്ണം കൂടുന്നതിനാണ് ഇടയാക്കുക.ഉച്ചയ്ക്കാണ് നാം അധികവും പച്ചക്കറി, ചോറ്, മീൻ, മുട്ട, ഇറച്ചി പോലെ മിക്ക വിഭവങ്ങളും ഒരുമിച്ച് കഴിക്കുന്നത്. ഉച്ചയ്ക്കാണ് ശാരീരികമായി തന്നെ നമക്ക് വിശപ്പ് ഏറ്റവുമധികം അനുഭവപ്പെടുകയും ചെയ്യുക. എന്നാൽ ഇതൊന്നും ഇല്ലാതായാൽ തീർച്ചയായും അത്രയും പോഷകങ്ങളാണ് നാം നഷ്ടപ്പെടുത്തുന്നത്. പതിവായി ഇങ്ങനെ സംഭവിക്കുന്നത് പോഷകമില്ലായ്മയിലേക്ക് നയിക്കാം.ആദ്യമേ സൂചിപ്പിച്ചത് പോലെ ഉച്ചഭക്ഷണമൊഴിവാക്കുമ്പോഴുണ്ടാകുന്ന ഉന്മേഷക്കുറവ് നമ്മുടെ ബാക്കി സമയത്തെ ഉത്പാദനക്ഷമതയെ ബാധിക്കാം. ജോലി ചെയ്യുന്നവർക്ക് ഇത് ദോഷകരമാണ്. മാത്രമല്ല ഉന്മേഷക്കുറവിൻറെ ഭാഗമായി പെട്ടെന്ന് ദേഷ്യം വരിക, നിരാശ വരിക പോലുള്ള മാനസികാവസ്ഥകളുമുണ്ടാകാം.നമ്മുടെ ശരീരത്തിന് അതിൻറെ എല്ലാ പ്രവർത്തനങ്ങൾക്കുമായി ഒരു സമയക്രമം ഉണ്ട്. ഉച്ചഭക്ഷണമൊഴിവാക്കുമ്പോൾ ശരീരത്തിൻറെ ദഹനപ്രക്രിയയെയും അത് കാര്യമായി ബാധിക്കുന്നു.

ആർത്തവം ക്രമപ്പെടുത്താൻ വെള്ളുത്തുള്ളി

ആയുർവേദ ഔഷധങ്ങളിൽ ചേർത്തു വരുന്ന ഒന്നാണ് വെള്ളുത്തുള്ളി .വാതകഫത്തെ ശമിപ്പിക്കും തെറ്റിവരുന്ന ആർത്തവത്തെ ക്രമപ്പെടുത്തുന്നു കൃമിയെ ശമിപ്പിക്കും. മൂത്രത്തെ വർദ്ധിപ്പിക്കും, മേദസ്സ് കുറയ്ക്കും. വായ് തുറക്കാനും അടയ്ക്കാനും പ്രയാസമുണ്ടാക്കുന്ന ഹനുസ്തംഭം എന്ന വാതരോഗത്തിന് വെളുത്തുള്ളിയും ഇന്തുപ്പും കൂടി അരച്ച് ഒന്നര ഗ്രാം വീതം എള്ളെണ്ണയിൽ ചാലിച്ച് ദിവസം മൂന്നു നേരം കഴിക്കുകയും ഇതു തന്നെ പുറമേ ലേപനം ചെയ്യുന്നതും നന്നാണ്.വയറുവേദന, വയറുവീർപ്പ്, വായുക്ഷോഭം (ഗ്യാസ്ട്രബിൾ) വയറിൽ മുഴ വരുന്ന ഗുന്മരോഗം ഇവയ്ക്ക് വെളുത്തുള്ളി, അയമോദകം, കായം ഇവ തുമ്പനീരിലരച്ച് ഓരോ ഗ്രാം ഗുളികകളാക്കി വച്ചിരുന്ന് മോരിലോ ചൂടുവെള്ളത്തിലോ ദിവസം മൂന്നു നേരവും സേവിക്കുന്നതു നന്ന്. മേദസ്സു വർദ്ധിക്കുമ്പോൾ പാലിൽ വെളുത്തുള്ളി ചതച്ചിട്ടു കാച്ചി തുടരെ കഴിക്കുന്നതു വിശേഷമാണ്.

വായ്പ്പുണ്ണ് ; ഈ വിറ്റാമിന്റെ കുറവാകാം

മധുരിച്ചിട് തുപ്പാനും വയ്യ കായ്ച്ചിട്ട് ഇറക്കാനും വയ്യ എന്ന പറയുന്ന അവസ്ഥായാണ് വായ്പുണ്ണ് വന്നവർക്ക് അനുഭവപ്പെടുക .വിശക്കുന്നുണ്ടെങ്കിൽ പോലും ഒന്നും കഴിക്കാനും കഴിയില്ല കഴിക്കുമ്പോൾ ആണെങ്കിൽ ഒടുക്കത്തെ നീറ്റലും .ഒരിക്കലെങ്കിലും വായ്പുണ്ണ് വന്നവർക്കറിയാം ഇതിന്റെ നീറ്റലും വേദനയും വിവരിക്കാൻ കഴിയുന്നതിലും അപ്പുറമാണെന്ന് . വായ തുറന്ന് സംസാരിക്കാൻ പോലും കഴിയാത്തത്ര അസഹനീയമായ വേദനയാണ് വായ്പുണ്ണിനുണ്ടാകുക .ഉയർന്ന ജീവിത നിലവാരം ഉള്ളവരിൽ ഈ രോഗം കൂടുതലായി കാണപ്പെടുന്നു. പല ഘടകങ്ങൾ മൂലം രോഗപ്രതിരോധ ശക്തിയിൽ വരുന്ന നേരിയ വ്യതിയാനങ്ങൾ ആണ് വായ്പ്പുണ്ണിനു കാരണം മൂർച്ചയുള്ള പല്ല്, ടൂത്ത് ബ്രഷ് എന്നിവ മൂലം വായ്പുണ്ണ് ഉണ്ടാകുന്നുവേദനാ സംഹാരികൾ പോലെയുള്ള ചിലയിനം മരുന്നുകൾ വായ്പ്പുണ്ണിനു കാരണമാകുന്നുവറുത്തതും പൊരിച്ചതും മസാലയും എരിവും കൂടുതലുള്ള ആഹാര സാധനങ്ങൾ, സോഡാ പോലെയുള്ള പാനീയങ്ങൾ മറ്റൊരു കാരണമാകുന്നുആർത്തവ സംബന്ധമായ ഹോർമോൺ വ്യതിയാനങ്ങൾ ഇതിനു കാരണമാവാറുണ്ട്സോഡിയം ലൗറിൽ സൾഫേറ്റ് അടങ്ങിയ ടൂത് പേസ്റ്റുകൾ വായ്പ്പുണ്ണിനു കാരണമാകാം എന്ന് ചില പഠനങ്ങൾ പറയുന്നു വിറ്റാമിൻ ബി12 അഭാവത്തിന്റെ അഭാവവും വായ്പ്പുണ്ണിനു കാരണമാകുന്നുണ്ട് .

ഓറഞ്ചിന്റെ പ്രധാന ഗുണങ്ങൾ

ധാരാളം ആൻറി ഓക്സിഡൻറുകളും വിറ്റാമിൻ സിയും അടങ്ങിയിട്ടുള്ളതിനാൽ ഓറഞ്ച് രോഗപ്രതിരോധത്തിന് ബെസ്റ്റാണ്. നാരുകൾ ധാരാളമായി അടങ്ങിയിരിക്കുന്നതിനാൽ, കൊളസ്ട്രോൾ നിയന്ത്രിക്കാനും ഹൃദയാരോഗ്യം മെച്ചപ്പെടുത്താനുമെല്ലാം ഓറഞ്ച് സഹായിക്കും. ഓറഞ്ചിന് എത്രമാത്രം ഗുണമുണ്ടോ അത്രമാത്രം ഗുണം അതിന്റെ തൊലിയ്ക്കുമുണ്ട്.ഹൃദ്രോഗ സാധ്യത കുറയ്ക്കാൻ ഓറഞ്ചിലെ പോഷകഗുണങ്ങൾ സഹായിക്കുന്നു. ഓറഞ്ച് സ്വാഭാവികമായും പൊട്ടാസ്യം കൊണ്ട് സമ്പുഷ്ടമാണ്. അതുപോലെ ധാരാളം ആന്റിഓക്സിഡന്റുകളും ഫൈറ്റോകെമിക്കലുകളും ഇതിൽ അടങ്ങിയിരിക്കുന്നു. ഓറഞ്ച് കഴിക്കുന്നത് ഹൃദയാരോഗ്യം സംരക്ഷിക്കാൻ നിങ്ങളെ സഹായിക്കുന്നു. വിറ്റാമിൻ സിയുടെ മികച്ച ഉറവിടമാണ് ഓറഞ്ച്. ഒരു ഓറഞ്ച് 116.2 ശതമാനം വിറ്റാമിൻ സി നൽകുന്നു. വിറ്റാമിൻ സി അടങ്ങിയ ഭക്ഷണം കഴിക്കുന്നത് വൻകുടൽ കാൻസറിനുള്ള സാധ്യത കുറയ്ക്കും.ഒരു ദിവസം ഒരു ഓറഞ്ച് വീതം കഴിക്കാം. ഇത് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നു. നിങ്ങളുടെ ശരീരത്തിൽ നിന്ന് അണുബാധകൾ ഒഴിവാക്കാനും വീക്കം തടയാനും ജലദോഷം, പനി എന്നിവയിൽ നിന്ന് നിങ്ങളെ സുരക്ഷിതമായി നിലനിർത്താനും ഓറഞ്ച് സഹായിക്കുന്നു. വിറ്റാമിൻ ബി 6 കൊണ്ട് സമ്പുഷ്ടമായ ഓറഞ്ച് ഹീമോഗ്ലോബിൻ ഉൽപാദനത്തെ സഹായിക്കുകയും മഗ്നീഷ്യത്തിന്റെ സാന്നിധ്യം മൂലം രക്തസമ്മർദ്ദം നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്യുന്നു.മുഖക്കുരു കുറയ്ക്കുന്നതിനും നിർജ്ജീവ ചർമ്മത്തെ പുറംതള്ളുന്നതിനും ഓറഞ്ചിൽ അടങ്ങിയ സിട്രിക് ആസിഡ് സഹായിക്കുന്നു.

അണുബാധയെ പ്രതിരോധിക്കാൻ പാവയ്ക്ക

പാവയ്ക്ക എന്ന് പറയുമ്പോൾ തന്നെ നമ്മുടെ മനസിലേയ്ക്ക് ആദ്യമെത്തുക അതിന്റെ കയ്പ് രുചിയാണ്. അതുകൊണ്ടുതന്നെ പലർക്കും പാവയ്ക്ക കഴിക്കാനും മടിയാണ്.എന്നാൽ നിരവധി ആരോഗ്യ ഗുണങ്ങളുള്ള ഒരു പച്ചക്കറിയാണ് പാവയ്ക്ക. സ്വാദിൽ കയ്പ്പുണ്ടെങ്കിലും നിരവധി ഗുണങ്ങൾ ഇവയ്ക്കുണ്ട്. ശരീരത്തിനാവശ്യമായ നിരവധി ആന്റിഓക്സിഡന്റുകളും അവശ്യ വിറ്റാമിനുകളും ഇവയിൽ അടങ്ങിയിട്ടുണ്ട്. പാവയ്ക്ക കൊണ്ട് അച്ചാറും ജ്യൂസും ഉണ്ടാക്കുന്നതിന് പുറമെ വിവിധ വിഭവങ്ങളും ഉണ്ടാക്കാം.ആസ്മ, ജലദോഷം, ചുമ എന്നിവയ്ക്കുള്ള മികച്ച പ്രതിവിധിയാണ് പാവയ്ക്കഒരു ഗ്ലാസ്സ് പാവയ്ക്ക ജ്യൂസ് ദിവസം കുടിക്കുന്നത് കരൾരോഗങ്ങൾ ഭേദമാകാൻ സഹായിക്കും. ഒരാഴ്ച സ്ഥിരമായി ഇങ്ങനെ ചെയ്താൽ ഫലം ഉണ്ടാകും.പാവലിന്റെ ഇലയോ കായോ വെള്ളത്തിലിട്ട് തിളപ്പിച്ച് ദിവസവും കഴിക്കുന്നത് അണുബാധയെ പ്രതിരോധിക്കാൻ സഹായിക്കും. രോഗ പ്രതിരോധ ശേഷി ഉയർത്താനും ഇത് സഹായിക്കും.പാവയ്ക്ക കഴിക്കുന്നത് മുഖക്കുരുവിൽ നിന്നും രക്ഷ നൽകുകയും ചർമ്മ രോഗങ്ങൾ വരാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യും. പാവക്ക നീര് നാരങ്ങനീരുമായി ചേർത്ത് വെറും വയറ്റിൽ ആറ് മാസം സ്ഥിരമായി കഴിച്ചാൽ ഫലം ഉണ്ടാകും.ടൈപ്പ് 2 പ്രമേഹത്തെ മറികടക്കാൻ സാധാരണ ഉപയോഗിക്കുന്ന പ്രതിവിധിയാണ് പാവയ്ക്ക നീര്. പാവക്കയിലടങ്ങിയിട്ടുള്ള ഇൻസുലീൻ പോലുള്ള രാസവസ്തുക്കൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ സഹായിക്കും. ഫൈബർ അടങ്ങിയിട്ടുള്ളതിനാൽ പാവയ്ക്ക നീര് ദഹന പ്രക്രിയ എളുപ്പമാക്കും. ആഹാരം ദഹിക്കുകയും

മാലിന്യം ശരീരത്ത് നിന്ന് പുറം തള്ളുകയും ചെയ്യും ഇത് ദഹനക്കേടും മലബന്ധവും ഭേദമാകാൻ സഹായിക്കും വൃക്ക,മൂത്രാശയ ആരോഗ്യം നിലനിർത്താൻ പാവയ്ക്ക സഹായിക്കും. വ്യക്കയിലെ കല്ല് ഭേദമാക്കാനും ഇത് സഹായിക്കും.പാവയ്ക്ക ഹൃദയത്തിന് പല രീതിയിൽ നല്ലതാണ്. അനാവശ്യമായി കൊഴുപ്പ് ധമനി ഭിത്തികളിൽ അടിഞ്ഞുകൂടാനത് കുറയാൻ ഇത് സഹായിക്കും. ഇത് ഹൃദയസ്തംഭനത്തിനുള്ള സാധ്യത കുറയ്ക്കും. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ സഹായിക്കുന്നതിലൂടെ ഹൃദയത്തിന്റെ ആരോഗ്യം നിലനിർത്തും.അർബുദ കോശങ്ങൾ ഇരട്ടിക്കുന്നത് തടായാൻ പാവയ്ക്കയ്ക്ക് കഴിയും.പാവയ്ക്കയിൽ ഉള്ള ആന്റിഓക്സിഡന്റുകൾ ശരീരത്തിന്റെ പ്രവർത്തനങ്ങളും ദഹനസംവിധാനവും മെച്ചപ്പെടാൻ സഹായിക്കും. വളരെ വേഗം ശരീര ഭാരം കുറയ്ക്കാൻ ഇത് സഹായിക്കും.

അറിയാം വെൻട്രിക്കുലാർ സെപ്റ്റൽ ഡിഫെക്

കുഞ്ഞ് അമ്മയുടെ വയറ്റിലായിരിക്കുമ്പോൾത്തന്നെ ഹൃദയത്തിന്റെ വികസനപരിണാമത്തിൽ വരുന്ന തകരാറുകളാണ് ജന്മമാലുള്ള ഹൃദയവൈകല്യങ്ങൾ. ഹൃദയത്തിന്റെ അറകളുടെ ഭിത്തികളിലുണ്ടാകുന്ന ദ്വാരങ്ങളാണ് സാധാരണയായി കാണപ്പെടുന്നത്, ഇതിന്റെ ഉദ്ദാഹരണമാണ് വെൻട്രിക്കുലാർ സെപ്റ്റൽ ഡിഫെക്റ്റ്. സങ്കീർണമല്ലാത്ത ഹൃദയവൈകല്യങ്ങളിൽ ഒന്നാണിത്. കുഞ്ഞ് ജനിച്ച ഉടൻ ഇത് ചികിത്സിക്കേണ്ടിവരാറില്ലെങ്കിലും രോഗം തുടർന്നും നിലനിൽക്കുന്നുണ്ടെങ്കിൽ ദ്വാരങ്ങളുടെ വലുപ്പവും പ്രകൃതിയും അനുസരിച്ച് ചികിത്സ വേണ്ടിവരും.സാധാരണഗതിയിൽ ഹൃദയത്തിന്റെ വലത്തേ അറയിൽ നിന്ന് ഓക്സിജൻ ഇല്ലാത്ത



രക്തം ശ്വാസകോശത്തിലേക്ക് പമ്പ് ചെയ്യും. ഇടത്തേ അറയിൽ നിന്ന് ഓക്സിജനോട് കൂടിയ രക്തം ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും. എന്നാൽ, വെൻട്രിക്കുലാർ സെപ്റ്റൽ ഡിഫെക്റ്റ് ഉള്ള കുട്ടികളിൽ ഹൃദയത്തിന്റെ ഇടത്തേ അറയിൽ നിന്ന് രക്തം വലത്തേ അറയിലേക്ക് ഒഴുകുകയും അവിടെനിന്ന് ശ്വാസകോശത്തിലേക്ക് എത്തുകയും ചെയ്യും. ഇങ്ങനെ ഒഴുകുന്ന അമിത രക്തം ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും ജോലികൾ കൂട്ടും. ഇത് തുടരുന്നത് ഹൃദയസ്തംഭനം, ശ്വാസകോശത്തിലെ ഉയർന്ന രക്തസമ്മർദ്ദം, ഹൃദയമിടിപ്പ് ക്രമരഹിതമാകുക, പക്ഷാഘാതം തുടങ്ങി പല സങ്കീർണതകളിലേക്കും നയിക്കും. കുഞ്ഞ് ജനിച്ചതിന് ശേഷമാണ് വെൻട്രിക്കുലാർ സെപ്റ്റൽ ഡിഫെക്റ്റ് കണ്ടെത്തുന്നത്. ചെറിയ ദ്വാരമാണെങ്കിൽ അത് തനിയെ അടഞ്ഞുപോകും, കുട്ടികളിൽ യാതൊരു ലക്ഷണവും കാണുകയുമില്ല. ദ്വാരത്തിന്റെ വലുപ്പം കൂടുതലാണെങ്കിൽ ശ്വാസമെടുക്കാൻ ബുദ്ധിമുട്ട്, വിയർക്കുക, പാല് കുടിക്കുന്നതിനിടയിൽ ക്ഷീണം, ശരീരഭാരം കുറവ് തുടങ്ങിയ ലക്ഷണങ്ങളുണ്ടാകും.ദ്വാരത്തിന്റെ വലുപ്പവും അതുണ്ടാക്കുന്ന പ്രശ്നങ്ങളും വിശകലനം ചെയ്താണ് ചികിത്സ നിശ്ചയിക്കുന്നത്. ദ്വാരം തനിയെ അടയുന്നതാണോ എന്ന് നിരീക്ഷിക്കുന്നതാണ് ആദ്യ ഘട്ടം. വലുപ്പം കൂടിയ ദ്വാരങ്ങൾ കാർഡിയാക് കത്തീറ്ററൈസേഷൻ അല്ലെങ്കിൽ തുറന്ന ഹൃദയ ശസ്ത്രക്രിയയിലൂടെ അടച്ച് രക്തയോട്ടം സാധാരണ നിലയിലാക്കും. ചില സാഹചര്യങ്ങളിൽ ഹൃദയ പേശികളെ ബലപ്പെടുത്താനും രക്തസമ്മർദ്ദം നിയന്ത്രിക്കാനുമൊക്കെ മരുന്ന് കഴിക്കേണ്ടി വരാറുണ്ട്.

ശ്വാസകോശ പ്രശ്നങ്ങളെ തടയാൻ പതിവായി ഇവ കഴിക്കാം

നിരവധി ആരോഗ്യ ഗുണങ്ങൾ അടങ്ങിയ ഒരു പച്ചക്കറിയാണ് കാപ്സിക്കം. ഗ്രീൻ പെപ്പർ, സ്വീറ്റ് പെപ്പർ, ബെൽ പെപ്പർ എന്നീ പേരിലെല്ലാം അറിയപ്പെടുന്ന കാപ്സിക്കം ചുവപ്പ്, മഞ്ഞ, പച്ച, ഓറഞ്ച് തുടങ്ങിയ നിറങ്ങളിൽ ലഭ്യമാണ്.വിറ്റാമിൻ സി, ഫൈബർ, ആന്റി ഓക്സിഡൻറ് എന്നിവയാൽ സമ്പുഷ്ടമാണ് കാപ്സിക്കം.ഇവ പതിവായി കഴിക്കുന്നത് പ്രതിരോധശേഷി വർധിപ്പിക്കാൻ നല്ലതാണ്. അതുപോലെ വിറ്റാമിൻ ഇ, എ, പൊട്ടാസ്യം എന്നിവയും ഇവയിൽ ധാരാളമായി അടങ്ങിയിട്ടുണ്ട്. വിറ്റാമിനുകളും മറ്റ് ആൻറി ഓക്സിഡൻറുകളും ധാരാളം അടങ്ങിയ ഇവ കണ്ണിന്റെ ആരോഗ്യത്തിനും ഏറെ നല്ലതാണ്. വിറ്റാമിൻ ബി6 അടങ്ങിയ കാപ്സിക്കം ഹൃദയത്തിൻറെ ആരോഗ്യത്തിന് ഏറെ നല്ലതാണ്. ആൻറി ഓക്സിഡൻറുകൾ ധാരാളം അടങ്ങിയ ഇവ ക്യാൻസർ സാധ്യതകളെ പ്രതിരോധിക്കാനും സഹായിക്കും.ശരീര വേദനയുള്ളവർക്ക് വേദനയിൽ നിന്ന് ആശ്വാസം നൽകാനും ഇത് സഹായിക്കുന്നു. നമ്മുടെ തൊലിയിൽ നിന്നും സ്പൈനൽ കോർഡിലേക്ക് വേദന ആവേഗങ്ങളെ എത്തിക്കുന്നത് തടയുകയും സ്വാഭാവിക പെയിൻകില്ലറായി കാപ്സിക്കം പ്രവർത്തിക്കുകയും ചെയ്യുന്നു. ജലദോഷം, ചുമ, ആസ്ത്മ തുടങ്ങിയ ശ്വാസകോശ പ്രശ്നങ്ങളെ തടയാനും ഇവ സഹായിക്കും.അനീമിയ തടയാനും പ്രമേഹത്തെ നിയന്ത്രിക്കാനുമൊക്കെ ഇവ ഡയറ്റിൽ ഉൾപ്പെടുത്താം. വളരെ കുറച്ച് കാർബോ മാത്രമേ ഇവയിൽ അടങ്ങിയിട്ടുള്ളൂ. അതിനാൽ വണ്ണം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് കാപ്സിക്കം ഡയറ്റിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. ഇവ ചർമ്മത്തിൻറെ ആരോഗ്യത്തിനും നല്ലതാണ്.

കിഡ്നി സ്റ്റോൺ തടയാൻ ഇത് കഴിക്കുന്നത് നല്ലതാണ്

കേരളത്തിൽ സുലഭമായി ലഭിക്കുന്ന നാടൻ പച്ചക്കറിയാണ് കോവക്ക. ആരോഗ്യത്തിന് ഏറെ ഗുണകരമണിത്. ശരീരത്തിൽ ഉണ്ടാകുന്ന നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് ഉത്തമ പ്രതിവിധിയാണ് കോവയ്ക്ക.ആരോഗ്യസംരക്ഷണത്തിന് പ്രതിസന്ധിയുണ്ടാക്കുന്ന പല അവസ്ഥകൾക്കും പരിഹാരം കാണുന്നതിന് കോവക്കയുടെ ഉപയോഗത്തിലൂടെ സാധിക്കുന്നു. കോവക്ക നിത്യവും ഉപയോഗിക്കുന്നത് ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും, ഹൃദയത്തിന്റെ ആരോഗ്യം വർദ്ധിപ്പിക്കുന്നകിനും, തലച്ചോറിന്റെ ആരോഗ്യത്തിനും, വൃക്കയുടെ പ്രവർത്തനത്തിനും സഹായിക്കുന്നുണ്ട്. ധാരാളം പോഷകാംശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഇതെല്ലാം ആരോഗ്യസംരക്ഷണത്തിന് വളരെയധികം മുന്നിലാണ്. കോവക്ക പച്ചക്കും കഴിക്കാവുന്നതാണ്. കിഡ്നി സ്റ്റോൺ ഇല്ലാതാക്കാൻ സഹായിക്കുന്ന ഒന്നാണ് കോവക്ക. കോവക്ക ദിവസവും കഴിച്ചാൽ അത് ഏത് വിധത്തിലുള്ള പ്രതിസന്ധികളേയും ഇല്ലാതാക്കുന്നു. കിഡ്നി സ്റ്റോൺ പോലുള്ള അവസ്ഥകൾക്ക് പെട്ടെന്ന് പരിഹാരം കാണുന്നതിന് കോവക്ക നല്ലതാണ്. ഇത് കിഡ്നിയുടെ ആരോഗ്യത്തിന് നല്ലതാണ്. ആരോഗ്യത്തിന് വളരെയധികം സഹായിക്കുന്നു കോവക്ക എന്ന കാര്യത്തിൽ സംശയം വേണ്ട.അമിതവണ്ണം എന്ന പ്രശ്നത്തെക്കുറിച്ച് ആലോചിച്ച് ബുദ്ധിമുട്ടുന്നവർ ചില്ലറയല്ല. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിന് അൽപം കോവക്ക മതി. കോവക്ക കൊണ്ട് ഇത്തരത്തിലുള്ള പല പ്രതിസന്ധികളേയും നമുക്ക് ഇല്ലാതാക്കുന്നതിന് സാധിക്കുന്നു. ഇത് പെട്ടെന്ന് തന്നെ ആരോഗ്യത്തിനുണ്ടാക്കുന്ന പല പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിന് സഹായിക്കുന്നുണ്ട്. അമിതവണ്ണം കൊണ്ട് കഷ്ടപ്പെടുന്നവർക്ക് കോവക്ക ഉപയോഗിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ഇത് ആരോഗ്യത്തിന് വളരെയധികം സഹായിക്കുന്നു. ശരീരത്തിലെ കൊഴുപ്പിനെ ഇല്ലാതാക്കുന്നതിനും സഹായിക്കുന്നു ഇത്.അമിതക്ഷീണത്തിന് പരിഹാരം കാണുന്നതിന് വളരെയധികം സഹായിക്കുന്നു കോവക്ക. അൽപം കോവക്ക കഴിക്കുന്നത് അമിതക്ഷീണത്തിന് എന്നും പരിഹാരം



കാണുന്നതിന് സഹായിക്കുന്നു. ഇതിൽ ധാരാളം അയേൺ അടങ്ങിയിട്ടുണ്ട്. ഇത്തരത്തിലുള്ള അവസ്ഥകൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്ന മാർഗ്ഗങ്ങളിൽ മികച്ചതാണ് ഇതെന്ന കാര്യത്തിൽ സഹായിക്കുന്നതാണ്. അമിതക്ഷീണം എന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് മികച്ചതാണ് കോവക്ക എന്ന കാര്യത്തിൽ സംശയം വേണ്ട.ശരീരത്തിലെ അപചയ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സഹായിക്കുന്നു കോവക്ക. ഇതിൽ കാർബോ ഹൈഡ്രേറ്റ്സ് ഗ്ലൂക്കോസ് ആക്കി മാറ്റുന്നതിന് സഹായിക്കുന്നു. മാത്രമല്ല ഇത് കൂടുതൽ എനർജി നൽകുന്നതിനും സഹായിക്കുന്നു. ചുവന്ന രക്ത കോശങ്ങളെ ഇല്ലാതാക്കുന്നതിന് സഹായിക്കുന്നു ഇത്. മാത്രമല്ല ഇത് ജനറ്റിക് ഡിസോർഡർ പേലുള്ള അവസ്ഥകൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള അവസ്ഥകൾക്കെല്ലാം പരിഹാരം കാണുന്നതിന് സഹായിക്കുന്നു കോവക്ക.ദഹന സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു കോവക്ക. കോവക്ക കൊണ്ട് എത്ര വലിയ പ്രതിസന്ധികളെയെല്ലാം ഇല്ലാതാക്കുന്നു. എത്ര വലിയ ദഹന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു കോവക്ക. കോവക്ക കൊണ്ട് ആരോഗ്യത്തിന് പല വിധത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു. അതുകൊണ്ട് തന്നെ കോവക്ക സ്ഥിരമായി കഴിക്കുന്നത് നല്ലതാണ്.പല വിധത്തിലുള്ള അലർജികൾ ഉണ്ട്. ഇതിനെയെല്ലാം പ്രതിരോധിക്കുന്നതിന് സഹായിക്കുന്ന മാർഗ്ഗങ്ങളിൽ മികച്ചതാണ് കോവക്ക. കോവക്ക കൊണ്ട് ഇത്തരത്തിലുള്ള പല അവസ്ഥകൾക്കും പരിഹാരം കാണുന്നതിന് സാധിക്കുന്നു. ഇതിലുള്ള ഫ്ളവനോയ്ഡുകൾ, സ്റ്റിറോയ്ഡുകൾ എന്നിവയെല്ലാം ധാരാളം കോവക്കയിൽ അടങ്ങിയിട്ടുണ്ട്. ഇതെല്ലാം അലർജി പോലുള്ള അവസ്ഥകളെ പ്രതിരോധിക്കുന്നതിന് സഹായിക്കുന്നു. അതുകൊണ്ട് ആരോഗ്യസംരക്ഷണത്തിന് കോവക്ക വളരെയധികം സഹായിക്കുന്നു എന്ന കാര്യത്തിൽ സംശയം വേണ്ട.അണുബാധ പേലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഏറ്റവും മികച്ച മാർഗ്ഗങ്ങളിൽ ഒന്നാണ് കോവക്ക. കോവക്ക കഴിക്കുന്നതിലൂടെ ശരീരത്തിലുണ്ടാവുന്ന ഏത് അണുബാധക്കും നമുക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു. നല്ല

സെഞ്ചുറിയുമായി ഹിറ്റ്മാൻ, ചേസ് മാസ്റ്ററായി കിംഗ് കോലി, ഓസീനെ വീഴ്ത്തി ഇന്ത്യക്ക് ജയം

സിഡ്നി: ഓസ്ട്രേലിയക്കെതിരായ മൂന്നാം ഏകദിനത്തിൽ ഇന്ത്യക്ക് ഒമ്പത് വിക്കറ്റിന്റെ ഇന്ത്യക്ക് ആധികാരിക ജയം. 237 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ രോഹിത് ശർമയുടെ അപരാജിത സെഞ്ചുറിയുടെയും വിരാട് കോലിയുടെ അപരാജിത അർധസെഞ്ചുറിയുടെയും മികവിലാണ് ആശ്വാസ ജയം സ്വന്തമാക്കിയത്. രോഹിത് 125പന്തിൽ 121 റൺസുമായി പുറത്താകാതെ നിന്നപ്പോൾ കോലി 81 പന്തിൽ 74 റൺസെടുത്ത് വിജയത്തിൽ രോഹിത്തിന് കൂട്ടായി. 24 റൺസെടുത്ത ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ വിക്കറ്റ് മാത്രമാണ് ഇന്ത്യക്ക് നഷ്ടമായത്. മൂന്ന് മത്സര പരമ്പരയിലെ ആദ്യ രണ്ട് മത്സരങ്ങളും ജയിച്ച് ഓസ്ട്രേലിയ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു(21). സ്കോർ ഓസ്ട്രേലിയ 46.4 ഓവറിൽ 236ന് ഓൾ ഔട്ട്, ഇന്ത്യ 38.3 ഓവറിൽ 237-1.237 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റുവീശിയ ഇന്ത്യയെ ഒരിക്കൽ കൂടി ചുമലിലേറ്റിയത് രോഹിത് ശർമയും വിരാട് കോലിയുമായിരുന്നു. പിരിയാത്ത രണ്ടാം വിക്കറ്റ് കൂട്ടുകെട്ടിൽ 169 പന്തിൽ ഇരുവും ചേർന്ന് 168 റൺസടിച്ചാണ് ഇന്ത്യയെ വിജയവര കടത്തിയത്. 237 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റുവീശിയ ഇന്ത്യക്കായി ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും രോഹിത് ശർമയും ചേർന്ന് ഓപ്പണിംഗ് വിക്കറ്റിൽ 69 റൺസടിച്ച് നല്ല തുടക്കമാണ് നൽകിയത്. തുടക്കം മുതൽ ആത്മവിശ്വാസത്തോടെ ബാറ്റുവീശിയ രോഹിത് ആദ്യ ഓവറിലെ മൂന്നാം പന്തിൽ മിച്ചൽ സ്റ്റാർക്കിനെ ബൗണ്ടറി കടത്തിയാണ് തുടങ്ങിയത്.സ്റ്റാർക്കിൻറെ രണ്ടാം ഓവറിലും ബൗണ്ടറി നേടിയ രോഹിത് ഹേസൽവുഡിനെ കരുതലോടെയാണ് നേരിട്ടത്. ആദ്യ രണ്ടോവറിൽ ഹേസൽവുഡ് ഒരു റൺ മാത്രമാണ് വഴങ്ങിയത്. സ്റ്റാർക്കിൻറെ മൂന്നാം ഓവറിൽ രണ്ട് ബൗണ്ടറിയടക്കം 11 റൺസാണ് രോഹിത് നേടിയത്. പിന്നാലെ നഥാൻ എല്ലിസിൻറെ ഓവറിൽ ഇന്ത്യ 13 റൺസ് നേടിയതോടെ ആദ്യ അഞ്ചോവറിൽ 35 റൺസെടുത്തു.നഥാൻ എല്ലിസ് എറിഞ്ഞ എട്ടാം ഓവറിലും രണ്ട് ബൗണ്ടറി നേടിയ രോഹിത് ടോപ് ഗിയറിലായി. ഹേസൽവുഡ് എറിഞ്ഞ ഒമ്പതാം ഓവറിൽ ഇന്ത്യ 10 റൺ സടിച്ച് 50 കടന്നു. കൂപ്പർ കൊണോലിയെ സിക്സിന് പറത്തി പ്രതീക്ഷ നൽകിയ ഗിൽ പക്ഷെ അടുത്ത ഓവറിൽ ഹേസൽവുഡിന് മുന്നിൽ വീണു. 26 പന്തിൽ രണ്ട് ഫോറും ഒരു സിക്സും പറത്തിയ ഗിൽ 24 റൺസാണ് നേടിയത്.പിന്നീട് ക്രീസിലെത്തിയ വിരാട് കോലി ആദ്യ പന്തിൽ തന്നെ സിംഗിളെടുത്തു. ആദ്യ രണ്ട് കളികളിലും ഡക്കായ കോലിയുടെ ആദ്യ റണ്ണിനെ കൈയടികളോടെയാണ് ആരാധകർ വരവേറ്റത്. ആദം സാംപയെ ബൗണ്ടറി കടത്തി ആദ്യ ബൗണ്ടറി നേടിയ കോലി ഹേസൽവുഡിനെതിരെയും ബൗണ്ടറി നേടി ഫോമിലായി. പിന്നാലെ സാംപയെ സിക്സിന് പറത്തിയ രോഹിത് സ്റ്റാർക്കിനെ സ്ട്രൈറ്റ് ഡ്രൈവിലൂടെ ബൗണ്ടറി കടത്തിയ കോലിയും ചേർന്ന് ഇന്ത്യയെ 16-ാം ഓവറിൽ 100 കടത്തി. 63 പന്തിൽ അർധസെഞ്ചുറി തികച്ച രോഹിത് 105 പന്തിൽ 33-ാം ഏകദിന സെഞ്ചുറിയിലെത്തി.54 പന്തിൽ അർധസെഞ്ചുറി തികച്ച വിരാട് കോലിക്കൊപ്പം 168 റൺസിൻറെ അപരാജിത കൂട്ടുകെട്ടുയർത്തിയ രോഹിത് ഇന്ത്യയെ ആധികാരിക ജയത്തിലേക്ക് നയിച്ചു. ഏകദിനങ്ങളിൽ 75-ാം അർധസെഞ്ചുറി കുറിച്ച കോലിയാകട്ടെ ശ്രീലങ്കൻ ബാറ്റിംഗ് ഇതിഹാസം കുമാർ സംഗക്കാരയെ മറികടന്ന് ഏകദിന റൺവേട്ടയിൽ സച്ചിൻ ടെൻഡുൽക്കർക്ക് പിന്നിൽ രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു. 13 ഫോറും മൂന്ന് സിക്സും അടങ്ങുന്നതാണ് രോഹിത്തിൻറെ ഇന്നിംഗ്സ്. ഏഴ് ബൗണ്ടറികളാണ് കോലിയുടെ ഇന്നിംഗ്സിലുള്ളത്.എറിഞ്ഞിട്ട് ഹർഷിത്നേരത്തെ ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 46.4 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 236 റൺസിന് ഓൾ ഔട്ടാവുകയായിരുന്നു. 56 റൺസെടുത്ത മാറ്റ് റെൻഷാ ആണ് ഓസീസിൻറെ ടോപ് സ്കോറർ. ഓസീസിനായി ക്യാപ്റ്റൻ മിച്ചൽ മാർഷ് 41ഉം ട്രാവിസ് ഹെഡ് 29ഉം റൺസെടുത്തു. 34-ാം ഓവറിൽ 183-3 എന്ന മികച്ച നിലയിലായിരുന്ന ഓസീസിൻറെ അവസാന ഏഴ് വിക്കറ്റുകൾ 53 റണസിനിടെ എറിഞ്ഞിട്ടാണ് ഇന്ത്യ മത്സരത്തിൽ തിരിച്ചെത്തിയത്. ഇന്ത്യക്കായി ഹർഷിത് റാണ നാലു വിക്കറ്റെടുത്തപ്പോൾ വാഷിംഗ്ടൺ സുന്ദർ രണ്ട് വിക്കറ്റെടുത്തു. കുൽദീപ് യാദവും പ്രസിദ്ധ് കൃഷ്ണയും മുഹമ്മദ് സിറാജും ഓരോ വിക്കറ്റ് വീതമെടുത്തു.ഇന്ത്യക്കായി ക്യാപ്റ്റൻ ശുഭ്മോൻ ഗില്ലും രോഹിത് ശർമയും ചേർന്ന് ഓപ്പണിംഗ് വിക്കറ്റിൽ 69 റൺസടിച്ച് നല്ല തുടക്കമാണ് നൽകിയത്. തുടക്കം മുതൽ ആത്മവിശ്വാസത്തോടെ ബാറ്റുവീശിയ രോഹിത് ആദ്യ ഓവറിലെ മൂന്നാം പന്തിൽ മിച്ചൽ സ്റ്റാർക്കിനെ ബൗണ്ടറി കടത്തിയാണ് തുടങ്ങിയത്. സ്റ്റാർക്കിൻറെ രണ്ടാം ഓവറിലും ബൗണ്ടറി നേടിയ രോഹിത് ഹേസൽവുഡിനെ കരുതലോടെയാണ് നേരിട്ടത്. ആദ്യ രണ്ടോവറിൽ ഹേസൽവുഡ് ഒരു റൺ മാത്രമാണ് വഴങ്ങിയത്. സ്റ്റാർക്കിൻറെ മൂന്നാം ഓവറിൽ രണ്ട് ബൗണ്ടറിയടക്കം 11 റൺസാണ് രോഹിത് നേടിയത്. പിന്നാലെ നഥാൻ എല്ലിസിൻറെ ഓവറിൽ ഇന്ത്യ 13 റൺസ് നേടിയതോടെ ആദ്യ അഞ്ചോവറിൽ 35 റൺസെടുത്തു. നഥാൻ എല്ലിസ് എറിഞ്ഞ എട്ടാം ഓവറിലും രണ്ട് ബൗണ്ടറി നേടിയ രോഹിത് ടോപ് ഗിയറിലായി. ഹേസൽവുഡ് എറിഞ്ഞ ഒമ്പതാം ഓവറിൽ ഇന്ത്യ 10 റൺ സടിച്ച് 50 കടന്നു. കൂപ്പർ കൊണോലിയെ സിക്സിന് പറത്തി പ്രതീക്ഷ നൽകിയ ഗിൽ പക്ഷെ അടുത്ത ഓവറിൽ ഹേസൽവുഡിന് മുന്നിൽ വീണു. 26 പന്തിൽ രണ്ട് ഫോറും ഒരു സിക്സും പറത്തിയ ഗിൽ 24 റൺസാണ് നേടിയത്.പിന്നീട് ക്രീസിലെത്തിയ വിരാട് കോലി ആദ്യ പന്തിൽ തന്നെ സിംഗിളെടുത്തു. ആദ്യ രണ്ട് കളികളിലും ഡക്കായ കോലിയുടെ ആദ്യ റണ്ണിനെ കൈയടികളോടെയാണ് ആരാധകർ വരവേറ്റത്. ആദം സാംപയെ ബൗണ്ടറി കടത്തി ആദ്യ ബൗണ്ടറി നേടിയ കോലി ഹേസൽവുഡിനെതിരെയും ബൗണ്ടറി നേടി ഫോമിലായി. പിന്നാലെ സാംപയെ സിക്സിന് പറത്തിയ രോഹിത് സ്റ്റാർക്കിനെ സ്ട്രൈറ്റ് ഡ്രൈവിലൂടെ ബൗണ്ടറി കടത്തിയ കോലിയും ചേർന്ന് ഇന്ത്യയെ 16-ാം ഓവറിൽ 100 കടത്തി. 63 പന്തിൽ അർധസെഞ്ചുറി തികച്ച രോഹിത് 105 പന്തിൽ 33-ാം ഏകദിന സെഞ്ചുറിയിലെത്തി.54 പന്തിൽ അർധസെഞ്ചുറി തികച്ച വിരാട് കോലിക്കൊപ്പം 168 റൺസിൻറെ അപരാജിത കൂട്ടുകെട്ടുയർത്തിയ രോഹിത് ഇന്ത്യയെ ആധികാരിക ജയത്തിലേക്ക് നയിച്ചു. ഏകദിനങ്ങളിൽ 75-ാം അർധസെഞ്ചുറി കുറിച്ച കോലിയാകട്ടെ ശ്രീലങ്കൻ ബാറ്റിംഗ് ഇതിഹാസം കുമാർ സംഗക്കാരയെ മറികടന്ന് ഏകദിന റൺവേട്ടയിൽ സച്ചിൻ ടെൻഡുൽക്കർക്ക് പിന്നിൽ രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു. 13 ഫോറും മൂന്ന് സിക്സും അടങ്ങുന്നതാണ് രോഹിത്തിൻറെ ഇന്നിംഗ്സ്. ഏഴ് ബൗണ്ടറികളാണ് കോലിയുടെ ഇന്നിംഗ്സിലുള്ളത്. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 46.4 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 236 റൺസിന് ഓൾ ഔട്ടാവുകയായിരുന്നു. 56 റൺസെടുത്ത മാറ്റ് റെൻഷാ ആണ് ഓസീസിൻറെ ടോപ് സ്കോറർ. ഓസീസിനായി ക്യാപ്റ്റൻ മിച്ചൽ മാർഷ് 41ഉം ട്രാവിസ് ഹെഡ് 29ഉം റൺസെടുത്തു. 34-ാം ഓവറിൽ 183-3 എന്ന മികച്ച നിലയിലായിരുന്ന ഓസീസിൻറെ അവസാന ഏഴ് വിക്കറ്റുകൾ 53 റണസിനിടെ എറിഞ്ഞിട്ടാണ് ഇന്ത്യ മത്സരത്തിൽ തിരിച്ചെത്തിയത്.ഇന്ത്യക്കായി ഹർഷിത് റാണ നാലു വിക്കറ്റെടുത്തപ്പോൾ വാഷിംഗ്ടൺ സുന്ദർ രണ്ട് വിക്കറ്റെടുത്തു. കുൽദീപ് യാദവും പ്രസിദ്ധ് കൃഷ്ണയും മുഹമ്മദ് സി സെഞ്ചുറിയുമായി ഹിറ്റ്മാൻ, ചേസ് മാസ്റ്ററായി കിംഗ് കോലി.

ബെർണബ്യൂ നരകമാക്കിയ ബാഴ്സ, പകരം വീട്ടുമോ റയൽ മാഡ്രിഡ്?

ബെർണബ്യൂ: നരകമാക്കിയ ബാഴ്സ, ഇക്കുറി പകരം വീട്ടുമോ റയൽ മാഡ്രിഡ്? അവർ അത്ഭുതങ്ങൾക്കായ് പ്രാർത്ഥിക്കും, അവിടെ അത്ഭുതങ്ങൾ സംഭവിക്കും. റയൽ മാഡ്രിഡ്, സ്വപ്നങ്ങളുടെ സംഘമാണവർ...പക്ഷേ, ലോസ് ബ്ലാങ്കോസിന്റെ ആരാധകർ അത്ഭുതങ്ങൾക്കായ് കളിദൈവങ്ങളുടെ കനിവ് തേടി കരഞ്ഞ് മടങ്ങിയ നാല് എൽ ക്ലാസിക്കോ രാവുകളാണ് കടന്നുപോയത്. കറ്റാലാന്മാർ അത്ഭുതങ്ങൾക്ക് അറുതി വരുത്തിയ നാല് എൽ ക്ലാസിക്കോകൾ, റയലിന്റെ ഗോൾ പോസ്റ്റിലേക്ക് വർഷിക്കപ്പെട്ടത് നാണക്കേടിന്റെ 16 ഗോളുകളാണ്. ഠവല ഞലമഹ. സാന്റിയാഗൊ ബെർണബ്യൂവിൽ ബാഴ്സലോണയോട് കണക്കുതീർക്കുമോ സാബിയുടെ പുതിയ റയൽ. ബാഴ്സ കരുത്തരാണോ ഇത്തവണ ഒറ്റ സീസണിൽ റയലിനെ നാല് തവണ കീഴടക്കുക, അതും ആധികാരികമായി, യൂറോപ്യൻ ഫുട്ബോളിൽ കേട്ടുകേൾവിയില്ലാത്തൊരു പതിവായിരുന്നു ഹൻസി ഫ്ലിക്കിന്റെ സംഘം സൃഷ്ടിച്ചത്. പക്ഷേ, അതേ മൂർച്ചയിലല്ല ഇന്ന് ഫ്ലിക്കിന്റെ കുട്ടികൾ. ഒളിമ്പ്യാക്കോസിന്റെ ഗോൾവല നിറച്ച് ക്ലാസിക്കോയ്ക്ക് ഇറങ്ങുന്ന ബാഴ്സലോണയുടെ സീസൺ കൺവിൻ സിങ്ങായിരുന്നില്ല ഒരു ഘട്ടത്തിലും. ഹൻസി ഫ്ലിക്ക് സിസ്റ്റത്തിലെ പ്രെസിങ് ഗെയിമിൽ നിർണായക കരുവായ ബ്രസീലിയൻ വിങ്ങർ റഫീഞ്ഞയുടെ അഭാവം തന്നെ പ്രധാന കാരണങ്ങളിലൊന്ന്. ഫ്രണ്ട് ലൈൻ പ്രസിങ്ങിൽ റഫീഞ്ഞകൊണ്ടുവരുന്ന ഇംപാക്ട് ചെറുതല്ല. റഫീഞ്ഞയുടെ സാന്നിധ്യത്തിലും ലമീൻ യമാൽ തന്നെയായിരുന്നു കറ്റാലന്മാരുടെ പ്രധാന അസ്ത്രം. റഫീഞ്ഞയുടെ നീക്കങ്ങൾ പലപ്പോഴും ബാഴ്സയ്ക്ക് ഗോളവസരങ്ങൾ ഒരുക്കി, ഒരു ഡയറക്ട് ഇൻവോൾവ്മെന്റ് ഇല്ലാതെ തന്നെ. പക്ഷേ, യമാൽ ഒരു ഹൈ പ്രെസറല്ല എന്നത്, റഫീഞ്ഞയുടെ അഭാവം നികത്താൻ പോന്നതുമല്ല. ഒരുപരിധി വരെ മറികടക്കാൻ കഴിയുന്ന പോരായ്മയായി ഇത് നിലനിൽക്കുമ്പോൾ പ്രതിരോധത്തിലെ ദുർബലതകളാണ് ഏറെയും. ദുർബലമായ പ്രതിരോധം. ചാമ്പ്യൻസ് ലീഗിലും ലാ ലിഗയിലുമായി ഫ്ലിക്കിന്റെ ഹൈ ലൈൻ ഡിഫൻസ് പലതവണ പല ടീമുകൾ പൊളിച്ചിരുന്നു. സെവിയ്യ നാല് തവണയായിരുന്നു സീസണിൽ ബാഴ്സയുടെ ഗോൾവലയിലേക്ക് പന്ത് നിക്ഷേപിച്ചത്. ഒളിമ്പ്യാക്കോസിനെതിരായ മത്സരത്തിൽ ഇതിൽ ചെറിയ മാറ്റങ്ങൾ വന്നിരുന്നു. ബോൾ റിക്കവറിയുടെ കാര്യത്തിൽ ബാഴ്സ താരങ്ങൾ കൂടുതൽ ഇന്റൻസിറ്റി പുറത്തെടുക്കുന്നത് മൈതാനത്ത് കണ്ടു. ഗെറ്റാഫയ്ക്കെതിരെ റോഡ്രിഗൊ എംബാപ്പയ്ക്കും വിനിക്കുമായിരുന്നു അറ്റാക്കിങ്ങിന് സാധ്യത തുറന്നുകൊടുത്തത്. ഈ സീസണിലും മാറ്റമില്ല. മുൻനിരയുടെ കരുത്ത് റയൽ കാണിക്കുമ്പോഴും പ്രതിരോധത്തിലെ പോരായ്മകളെ മറച്ചുവെക്കാനാകില്ല. പ്രധാന താരങ്ങളുടെ പരുക്ക് റയലിനും തിരിച്ചടി തന്നെയാണ്. യുവന്റസ് താരങ്ങൾക്കുണ്ടായ വീഴ്ചകൾ യമാൽ, റാഷ്ഫോർഡ്, പെഡ്രി, ഫ്രെങ്കി ഡിയോങ് എന്നിവരിൽ നിന്ന് ഷാബി പ്രതീക്ഷിക്കേണ്ടതില്ല. സാബിക്ക് കീഴിൽ റയൽ രണ്ട് വലിയ മത്സരങ്ങളാണ് കളിച്ചത്. ഒന്ന് പി എസ് ജിക്കെതിരെയും മറ്റൊന്ന് അത്ലറ്റിക്കോയ്ക്ക് എതിരെയും, രണ്ടിലും തോൽവിയായിരുന്നു ഫലം. സാബിയുടെ ഒഴിക്കിനൊത്ത് പൂർണമായും നീന്താൻ റയലിന് സാധിച്ചിട്ടില്ല ഇതുവരെ.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com